# മാത്തിൽ
# അരവിന്ദ്



# അർഘ്യം

1787

JAWAHAR SMARAKA GRANDHASALA
1787
Reg. No: 3273.
KIDARAUZHI. VENGANUR P.O.

# അർഘ്യം

| | |
|---|---|
| ആയ | (നോവൽ) |
| അർഘ്യം | ,, |
| ധൂളി | ,, |
| ഖനി | ,, |
| വീഞ്ഞു് | ,, |
| ഗന്ധർവ്വഗാനം | ,, |
| കടമിഴിക്കോണുകൾ | ,, |
| യമന്റെ ഭാര്യ | ,, |
| കൊലയാളിയുടെ മകൾ | ,, |
| പടരാറായ മുന്തിരി വള്ളി | ,, |
| ആസ്യ | (വിവർത്തന നോവൽ) |
| ബിരാജ് ബഹു | ,, |
| പീരേയും ജീനും | ,, |
| മദ്ധ്യാഹ്നം | (കഥകൾ) |
| വേളി കഴിഞ്ഞ വേശ്യ | ,, |

# അർഘ്യം

[നോവൽ]

KIDARAUZHI, VENGANUR
Reg. No. 3273

മാതയിൽ അരവിന്ദ്

---

വിതരണം:

കറൻറ് ബുക്സ്, തൃശ്ശൂർ.

വില 2ക25പൈ.

# ARKHYAM (NOVEL)

First Impression May 1973

Copies 1500

Price Rs. 2.25

BY

MATHAYIL

ARAVIND

Cover Madhavan

Blocks Sankar Blocks

Rights Reserved

Printed at Mangala Printing Press Ernakulam

Published by Author

Distributors:

Current Books, Trichur

1767

# ഒന്നു്

മൊട്ടക്കുന്നിന്റെ നെറുകയിൽനിന്നു താഴോട്ടു നോക്കിയാൽ ഗ്രാമം മുഴുവനും കാണാം. വിശാലമായ പച്ചഭൂമി. അടിവാരം കശുമാവിൻ തോപ്പുകൊണ്ടു് നിബിഡമായി കിടക്കുന്നു. കശുമാവിൻകൂട്ടം അവസാനിക്കുന്നിടത്തു നിന്നു തുടങ്ങുന്നു പുഞ്ചപ്പാടം. അതിനെ ചുററിവളഞ്ഞു് പ്രധാന റോഡ് നീണ്ടുപോകുന്നു. ഇടവിട്ടിടവിട്ടു് വീടുകളുടെ ചുവന്ന മേൽക്കൂര ദൃശ്യമാണു്. പാടത്തിന്റെ ഓരം പററി ഒഴുകുന്നു കൈത്തോടു്. കുംഭം മീനം മാസങ്ങളിൽ തോടു് നിശ്ചലമാവും. അവിടവിടെ തളം കെട്ടിക്കിടക്കും. കരയിൽ മീൻകൊത്തികളും കന്നാലിപ്പിള്ളേരുമുണ്ടാവും. പിള്ളേർ ചൂണ്ടയുമായി. പൊന്മകൾ കൊക്കു മൂർച്ച കൂട്ടിക്കൊണ്ടു്. വർഷകാലമായാൽ തോടിന്റെ രൂപം മാറുന്നു. മാറിടത്തിലേയ്ക്കിറങ്ങിക്കിടക്കുന്ന വെള്ളമണലിനെ മൂടിക്കൊണ്ടു് ഇരുതടങ്ങളിലേയ്ക്കും മറിഞ്ഞു കുത്തിയൊഴുകുന്നു. റോഡിൽനിന്നു ശ്രദ്ധിച്ചാൽ കൈത്തോടിന്റെ സംഗീതം കേൾക്കാം. നാടൻ പാട്ടും മൂളി നൃത്തനിബദ്ധമായ പാദങ്ങളും ഊന്നി കുണുങ്ങിക്കുണുങ്ങി നീങ്ങുന്നു തോടു്.

തോട്ടുവക്കത്തു് പുല്ലാനിപ്പടർപ്പും കറുകയും ഉണ്ടു്. കന്നാലികൾ വാലും ആട്ടി ആ ഭാഗത്തു് മേഞ്ഞു നടക്കും. കശുമാവിൻതോപ്പിലും കറവപ്പശുക്കളെ കാണാം. മേച്ചിൽപിള്ളേർ കുന്നുംപുറത്തു് ഇരിപ്പുറപ്പിച്ചിട്ടുണ്ടാവും. വെയിൽ മൂത്താൽ അടിവാരത്തിലേയ്ക്കിറങ്ങുന്നു. വൃക്ഷഛായകളിൽ പാട്ടും പാടി, കളിച്ചു്, സമയം പോക്കുന്നു.

ശുഭ്രമായ ആകാശം. ശരൽക്കാലമായതിനാൽ നൈലോൺ മേഘങ്ങൾ നീലവിഹായസ്സിൽ നീന്തി സഞ്ചരിയ്ക്കുന്നുണ്ട്. മനോഹര കാഴ്ച. ഇട്ടാംചൂടമായി ആ വഴി ഒരു കുഞ്ഞിക്കാററ് ചുററിയടിക്കുന്നു. എല്ലായ്പ്പോഴും കാററു വീശും. കാററിൻെറ ലോലമായ ചിറകുകൾക്ക് കഴപ്പില്ല.

പദ്മൻ കുന്നിൻ ചെരുവിൽ മലൎന്നുകിടക്കുകയായിരുന്നു. മദ്ധ്യാഹ്ന സൂര്യൻ നേർമുകളിൽ കത്തിനില്ക്കുന്നു. ഒററതിരിഞ്ഞുനില്ക്കുന്ന മാവിൻെറ കടയ്ക്കലാണ് പത്മൻെറ കിടപ്പ്. തണലും കിഴക്കുനിന്ന് കൈത്തോടിനെ ഉരുമ്മി ജലസ്പർശമേററു വരുന്ന കാററും അവനെ ഉറക്കാറുണ്ട്. അങ്ങിനെ കിടന്നുറങ്ങിപ്പോകും. പാണ്ടിപ്പശു പച്ചപ്പുല്ല് കാൎന്നുതിന്നുകൊണ്ട് സൈ്വരമായി മേയും.

അതു ജീവിതമായിരുന്നു. അല്ലലും അലട്ടുമില്ലാത്ത ജീവിതം. പത്മന്ന് യാതൊന്നും ചിന്തിയ്ക്കാനുണ്ടായിരുന്നില്ല. പന്ത്രണ്ടുകാരനായ കൊച്ചന്ന എന്തു ചിന്ത. പ്രാരബ്ധങ്ങളില്ല. യാതനകളില്ല. നെടുവീർപ്പുകൾക്കുവേണ്ട ഒന്നുമായിട്ടില്ല. ഉത്തേജിതമാകാത്ത ഹൃദയം. ജീവിതം അതുകൊണ്ടൊക്കെ സുന്ദരമായിരുന്നു.

പത്തായം പെററു. ചക്കി കുത്തി. അമ്മ വെച്ചു. അവൻ ഉണ്ടു.

എന്നാലും പത്മൻ അസന്തുഷ്ടനായിരുന്നു. കൊച്ചു ഹൃദയം ഒരുപാടു ചോദ്യങ്ങളുടെ രംഗവേദി. ഉത്തരം കിട്ടാതെ കിടക്കുകയാണ്. അലട്ടുന്ന സംശയങ്ങൾക്കു ശരിയായ ഉത്തരം ലഭിച്ചിട്ടില്ല. അമ്മയോടും അച്ഛനോടും അമ്മൂമ്മയോടും അവൻ ചോദിയ്ക്കാറുണ്ട്. സമാധാനിപ്പിക്കാൻ വല്ലതും പറയും. അവൎക്കും അതൊന്നും അറിഞ്ഞുകൂടായിരിക്കും. അമ്മൂമ്മ മാത്രം അരിശപ്പെടാറാണു പ

തിവ്വ്. മുത്തിത്തള്ളയ്ക്കു് മൂക്കത്താ ശുണ്ഠി എന്നു് അയല ത്തെ കാത്ത്യായനി പറയാറുണ്ട്. എത്ര വാസ്തവം. അമ്മൂ മ്മയ്ക്കു് കലികയറാൻ ഒരു കാരണവും വേണ്ട.

''ഒന്നു് വെറുതെ ഇരിക്കടാ ചെക്കാ ...''

കുത്തിക്കുത്തി ചോദിയ്ക്കും പത്മൻ. അവന്റെ സംശ യങ്ങാം വലുതാണു്. അതു് പ്രപഞ്ചത്തിന്റെ നിഗൂഢ വശങ്ങളെ ചൂണ്ടുന്നു. അറിയാനുള്ള ദാഹം ഒരു വശത്തു്. മറുഭാഗത്തു് അമ്മൂമ്മയുടെ ഭാവമാററം കാണാനുള്ള കൗതു കം. മെലിഞ്ഞ ദേഹം വിറയ്ക്കും. കയ്യിൽ തൂങ്ങിനില്ക്കു ന്ന ചുളിഞ്ഞ മാംസം കിടന്നാടും. മുഖത്തെ ചാലുകാം ക്കാഴവും വ്യാപ്തിയും കൂടും.

അവനു് എന്തെല്ലാം അറിയാൻ കിടക്കുന്നു....!

ഗ്രാമത്തിനപ്പുറത്തു് ഒരു ലോകമുണ്ടോ? ഉണ്ടെങ്കിൽ അതിത്ര വിശാലമാണോ. അവിടേയുമുണ്ടോ കൈത്തോ ടും മൊട്ടക്കുന്നും....?

സൂര്യനിൽ ആരു് അഗ്നികുണ്ഡമൊരുക്കി. കാററിന്റെ ഉത്ഭവസ്ഥാനം എവിടുന്നു്. നക്ഷത്രങ്ങാം എ ങ്ങിനെ വീഴാതെ നില്ക്കുന്നു. പാണ്ടിപ്പശു സംസാരിക്കാ ത്തതെന്തു്?

ആദ്യന്തമില്ലാ ചോദ്യങ്ങാം!

ഗൌരവതരമായ പ്രശ്നത്തിൽ അവസാനം വിരൽ ചൂ ണ്ടുന്നു—ഞാൻ എങ്ങിനെ ജനിച്ചു?

നല്ല നേരമാണെങ്കിൽ അമ്മൂമ്മ എല്ലാററിനും കൂടി ഒരൊററ മറുപടി കൊടുത്തെന്നു വരും.

'എല്ലാം ദൈവത്തിന്റെ കളിയാ മോനേ....'

ദൈവത്തിന്റെ കളി....!

അവനതൊന്നും മനസ്സിലാവില്ല. ദൈവത്തിനു് കു ട്ടിക്കളിയോ. മുതിർന്ന ആളല്ലേ ഈശ്വരൻ. എന്നാലും

ഇടയ്ക്കൊക്കെ കളിയ്ക്കുമായിരിയ്ക്കും. അമ്മൂമ്മ കണ്ടിട്ടുണ്ടാവും. അതാണങ്ങിനെ പറയാൻ കാരണം. അമ്മൂമ്മ നുണ പറയില്ല.

'അമ്മൂമ്മേ എച്ചൊരു സംശയം. ദൈവത്തിന്ന് എന്തൊക്കെ കളി അറിയാം. ഗോലി കളിക്കാനറിയാവോ...'

കയ്യിലിരിപ്പുള്ള തുളസിമാല കഴുത്തിലിട്ട് കയ്യോങ്ങും അമ്മൂമ്മ. മേത്തു വീണാൽ വേദനിക്കും. ഉണങ്ങിയ പുളിക്കൊമ്പുപോലുള്ള കയ്യാണ്. സൂത്രത്തിൽ മാറും.

'പോടാ, പോക്കിരി. നെൻെറ ഒരു കുരുത്തം കെട്ട ചോദ്യം. ഇബടന്ന് പോടാ അശ്രീകരേ...'

എന്തിനും ഏതിനും ഒരു വിളിപ്പേരുണ്ട്—അശ്രീകരം. ഇഷ്ടമില്ലാത്തതു കേക്കുമ്പോഴും, അല്ലെങ്കിൽ ചൊടിക്കാനുള്ളതെന്തെങ്കിലുമുണ്ടാവുമ്പോഴും, സകലരും അശ്രീകരങ്ങളായി മാറുന്നു.

അമ്മയോട് ചോദിക്കും. പലതും അറിയാം അമ്മയ്ക്ക്. കുറിഞ്ഞിപ്പൂച്ചയുടെ ശബ്ദം. കാക്കപ്പുള്ളിയുള്ള വെളുത്ത മെലിഞ്ഞ കൈ. പുറം തടവിത്തന്നുകൊണ്ടാണ് സംശയദൂരീകരണം. എന്തു നേർമ്മയാണ് കയ്യിന്. പട്ടിൻെറ മാർദ്ദവം.

'ചെറുക്കാ...'

വളകിലുക്കത്തിനും വിളിക്കും ഒരേ നാദം. ഏതെന്നു തിരിച്ചറിയാൻ മേലാ.

അവൻ കിഴക്കൻ മാനത്തു കണ്ണും നട്ട് ചുമ്മാ കിടക്കുകയായിരുന്നു. ഉറക്കം കഴിഞ്ഞ കിടപ്പ്. എഴുന്നേല്ക്കാൻ തോന്നുന്നില്ല. മാനത്തുനിന്നും കണ്ണെടുത്ത് വിളി കേട്ടിടത്തേക്കു നോക്കി.

കുനിഞ്ഞുനില്ക്കുകയാണാ കൊച്ചുപെണ്ണ്.

അവൻ ചൊടിച്ചുകൊണ്ടാണ് തുടങ്ങിയത്.

'എനിക്കു പേരുണ്ട് പെണ്ണേ.'

അവൾക്കും അതേ ഭാവം. അവളും പറഞ്ഞു.

'എനിക്കും പേരുണ്ട് ചെറുക്കാ..'

അറിവില്ലാത്ത മാതിരിയായിരുന്നു ചോദ്യം.

'എന്തോന്നാ പെണ്ണിന്റെ പേര്'

'അറിയാൻ മേലെ ചെറുക്കന്'

'മറന്നുപോയി'

അവൻ എഴുന്നേററിരുന്നു. പുതിയൊരു പ്രസരിപ്പിന്റെ ജനനം നടന്നിരിക്കുന്നു. ആ കൊച്ചുപെണ്ണിനെ കാണുമ്പോൾ അവനതിനെയാണ്. അവന്റെ കൂട്ടുകാരി. കളിത്തോഴി.

കൊച്ചുമുഖം വീർപ്പിച്ചിട്ടായിരുന്നു മറുപടി.

'എന്നാ കേട്ടോ, ശ്രീദേവീന്നാ ഇനി മറക്കോ.'

'ഇല്ലേല്ല...'

അവളുടെ പരിഭവം പോയി. ഉന്മേഷത്തികവോടുള്ള ചോദ്യത്തിന്റെ ആരംഭം.

'പിന്നേയ് ചെറുക്കാ...'

ഒരുതരം വാശി അവനുണ്ടായി. എതിർക്കുന്ന സ്വരം.

'എന്റെ പേര് ചെറുക്കാന്നല്ല...'

'പിന്നെ എന്തോന്നാ പേര്'

'അറിയാൻ മേലെ പെണ്ണിന്'

'പിന്നേം പെണ്ണ്'

'തെററ് തെററ്. ശ്രീദേവിക്കറിഞ്ഞൂടെ പേര്'

'അറിയാമെങ്കിൽ വിളിക്കില്ലേ...'

'എന്നാ കേട്ടോ, പത്മൻ. മനസ്സിലായോ...'

അടുത്ത ചോദ്യം ആ കുഞ്ഞിപ്പെണ്ണിന്നറിയാമായിരുന്നു. അതുകൊണ്ട് അവൾ പെട്ടെന്നു പറഞ്ഞു.

'ഇനിമറക്കില്ല. പത്മനെന്ന പേരു് മറക്കില്ലാട്ടോ'

കൊച്ചിളം മനസ്സിൽ ആ വാക്കു് ചെന്നു വീണു. അതിൻെറ ധ്വനി അവനു് കേൾക്കാമായിരുന്നു. മനസ്സിൽ ഒരു വിഷുപ്പുലരിയുടെ വിചിത്രവെട്ടം.

പത്മനപ്പോഴാണു് ആ ദിവസത്തെപ്പററി ഓർമ്മവന്നതു്. തിങ്കളാഴ്ചയാണു്. ഒഴിവുദിവസമല്ലല്ലൊ. സ്കൂളിലോട്ടു പോകാഞ്ഞതെന്തു്.

'ശ്രീദേവി ഷൊക്കോളില് പോയില്ലേ?'

അവൾ ചിരിച്ചു കൈത്തണ്ടയിലെ കുപ്പിവളകളും കുസൃതിയോടെ ചിരിച്ചു.

'ഷൊക്കോളല്ല. സ്കൂൾ...സ്കൂൾ എന്നു പറയൂ...'

'ഓ, ഒരു പഠിത്തക്കാരി...'

പെട്ടെന്നു ഉള്ളിൽ സങ്കടം പത്തിവിടർത്തി. സ്കൂളിൽ പോവാൻ കഴിഞ്ഞിട്ടില്ല. നാലുനാഴിക പടിഞ്ഞാറു് പട്ടണത്തിൻെറ അതിരിലാണു് പള്ളിക്കൂടം. കാശൊള്ളോർക്കെ പഠിത്തം വിധിച്ചിട്ടുള്ളു എന്നു ഉരുവിടുന്ന അച്ഛൻ. നാലക്ഷരം അച്ഛനും പഠിച്ചിട്ടില്ല. മകനും വിദ്യവേണ്ട എന്നാണു വാശി.

ശ്രീദേവി കണ്ണുകൾ കലങ്ങുന്നതു കണ്ടു. അവനെ വിസ്മയിപ്പിപ്പെടുത്തുന്ന എന്തോ അവൾ പറഞ്ഞിരിക്കുന്നു.

'അയ്യോ പത്മൻ കരയ... ആൺകുട്ട്യോള് കരയ്യേ'

അവൻ ആൺകുട്ടിയാണു്. കരയാൻ പാടില്ല. ആ വാക്കവനിൽ അസ്ത്രമായി കൊണ്ടു. കണ്ണു തുടച്ചു് അവളെ നോക്കി.

'ഞാൻ ആൺകുട്ട്യന്ന്യാ. ഞാനിനി കരയില്ല്യ..'

കരയാനും ചിരിക്കാനും കുട്ടികൾക്കെത്ര സമയം വേണം? ശ്രീദേവി ചിരിച്ചു. കൂടെ പത്മനും.

'ഇന്നു് സ്കൂളില്ല കുട്ടി. പൊന്നുതമ്പുരാൻ തീപ്പെട്ടിരിക്കുന്നു. ഇന്നും നാളേം മുടക്കാ..'

സ്വരത്തിനു് തരിവളകിലുക്കത്തിന്റെ അകമ്പടി സേവ.

1787

'പത്മനുണ്ടോ. ഞാൻ പോവ്വാ...'

'കുട്ടി പൊയ്ക്കോളൂ. കാപ്പി കുടിക്കണ്ടെ സമയമായില്ലേ. എനിക്കു് പാണ്ടിയെ പിടിച്ചിട്ടുവേണം മടങ്ങാൻ.'

അവൾ ഒററ ഓട്ടം കൊടുത്തു. കശുമാവിൻ തോപ്പു് ഉള്ളത്തൂന്ന് കിടക്കുന്നിടത്തപ്രത്യക്ഷയായി. പാണ്ടിപ്പശുവിനെ തിരക്കി പത്മനും.

'പാണ്ടീ...പാണ്ടീ....'

പച്ചപ്പുല്ലുകണ്ടാൽ പാണ്ടിയ്ക്കു ഭ്രാന്താണു്. വിളിച്ചാലുണ്ടോ കേൾക്കാൻ പോകുന്നു.

അകലെ നിന്നും പാണ്ടിയുടെ അമറൽ. അവൾക്കു മതിയായിക്കാണും. നല്ലപോലെ പള്ള വീർത്തിരിക്കും. ശബ്ദം കേട്ടിടത്തേയ്ക്കോടി.

പാണ്ടിയേയുംകൂട്ടി വീട്ടിലെത്തിയപ്പോൾ സന്ധ്യ മയങ്ങിയിരുന്നു. ആകാശത്തു് നിറയെ നക്ഷത്രങ്ങൾ. നൂറായിരം മിന്നാമിനുങ്ങുകൾ.

കോലായിൽ കുത്തിയിരുന്നുകൊണ്ടു് അമ്മ കുരയ്ക്കുന്നുണ്ടായിരുന്നു. വല്ലാത്ത ചുമ. കുറേച്ചുമച്ചു് കഫം തുപ്പും. ചോരയുടെ ലാഞ്ചന തട്ടിയ കട്ടക്കഫം.

'മീനാക്ഷി, നീ ആ മഞ്ഞുമുഴുവൻ കൊള്ളാ. ഇങ്ങട്ടു് അകത്തു വന്നിരി.'

ആരാണു്? അമ്മൂമ്മയാണോ...?

പത്മൻ പശുവിനെ തൊഴുത്തിൽ കെട്ടി കാടി കലക്കികൊടുത്തു് ഉമ്മറത്തുവന്നു. അച്ഛനുണ്ടു് അമ്മയുടെ പുറം തലോടിക്കൊടുക്കുന്നു. അമ്മയുടെ കണ്ണുകൾ കലങ്ങി ഈറ

ങ്ങുന്നുണ്ട് മുഖത്തെ നീലാഞ്ഞരമ്പുകൾ ചാണപ്പുഴുക്കളെ പോലുണ്ട് തടിച്ചു നില്ക്കുന്നു.

അവന്നു് കരയാൻ തോന്നി. അമ്മയ്ക്കു് തീരെ വയ്യ. അല്ലെങ്കിലും വയ്യുന്ന ദിവസം ഇതുവരെയുണ്ടായിട്ടുണ്ടോ. ഓർമ്മയിൽ അങ്ങിനെ ഒരു ദിവസം ഇല്ല. എന്നും കിടക്കുന്നതേ കണ്ടിട്ടുള്ളു. അടുത്തുവെച്ചിട്ടുള്ള കോളാമ്പിയിൽ ചുമച്ചു ചുമച്ച് അമ്മ തുപ്പുന്നു.

മീനാക്ഷിയുടെ ദീനം തുടങ്ങിയിട്ടു് കാലം കുറച്ചായി. ക്ഷയം! പണം കയ്യഴച്ചു ചിലവാക്കിയാൽ ഭേദപ്പെട്ടെന്നു വരും. പക്ഷെ, പാവങ്ങൾ—അവർക്കെവിടുന്നു പണം?

പതുങ്ങിയ ലോലമായ ശബ്ദം. അതു മീനാക്ഷിയുടേതാണു്. തട്ട കേൾക്കില്ല. ഉയരാത്ത ശബ്ദം. പത്മന്നു് അമ്മ സംസാരിക്കുന്നതു കേൾക്കാൻ ആർത്തിയാണു്. ആ സ്വരഭംഗി അത്രയ്ക്കവനെ ആകർഷിച്ചിരിക്കുന്നു അതിലൊഴുകുന്ന സ്നേഹം അവന്റെ ഇളം മനസ്സിനെ ഉരുമ്മുന്നു. അപ്പോൾ തണുപ്പ് പെററു കൂട്ടും.

മീനാക്ഷിക്കു അവൻ ഒന്നേയുള്ളു മകനായി. ജീവന്റെ ജീവൻ. സ്നേഹം പ്രകടിപ്പിക്കാൻ എന്താശയാണെന്നോ അവർക്കു്. പക്ഷേ, അതൊക്കെ അടക്കും. വാത്സല്യപ്രകടനങ്ങൾ തനിക്കു നിഷേധിക്കപ്പെട്ടിരിക്കുന്നു. മകനെ എടുത്തു് ഉമ്മവെയ്ക്കുവാൻ അനുവാദമില്ല. ആരും ചെയ്യരുതെന്നു പറഞ്ഞിട്ടില്ല. എങ്കിലും മാതൃഹൃദയത്തിന്റെ വിലക്കു അവർ ചെവികൊണ്ടു. ചെയ്യക്കൂടാത്തതാണു്. പകരുന്ന രോഗമാണു് തനിക്കു്. താൻ മുത്തിയാൽ ശ്വാസനേന്ദ്രിയം വഴി രോഗാണുക്കൾ സംക്രമിച്ചേക്കും. ആ ഭയം അവരിൽ എന്നുമുണ്ടായിരുന്നു. അതിനാൽ അവനെ ഉമ്മവെയ്ക്കാറില്ല. തലമുടി കോതികൊടുക്കാറില്ല. കുളിപ്പിക്കാറില്ല. എല്ലാം അവൻ തന്നത്താൻ ചെയ്യുന്നു. പാവം കുട്ടി!

അമ്മയ്ക്കു കഞ്ഞി കൊടുത്തു. പൊടിയരിക്കഞ്ഞി. പ നിയുള്ള ദിവസങ്ങളിലെ ഭക്ഷണരീതി. ഒട്ടുമുക്കാൽ ദിവ സങ്ങളിലും കാച്ചലുണ്ടാകും. കഞ്ഞി സ്ഥിരം ഭക്ഷണമാ വുകയാണ്.

ഭക്ഷണം കഴിഞ്ഞാൽ അമ്മ ഉറങ്ങാൻ കിടക്കും. കിട ന്നപാടെ കുറച്ചുറങ്ങിയെങ്കിലായി. പാതിരാക്കോഴി കൂവു മ്പോഴും അമ്മ എഴുന്നേററിരുന്നു ചുമയ്ക്കുകയാവും.

അമ്മൂമ്മ (പത്മന്റെ അച്ഛന്റെ അമ്മ) രാവു കുറേചെ ല്ലുന്നതുവരെ ജപിക്കാറുണ്ട്. തുളസിമാലയുടെ കുരുക്കാം ഉണങ്ങിച്ചുളിഞ്ഞ വിരലിലൂടെ ഓരോന്നായി ഇറങ്ങി പ്പോകും. അമ്മൂമ്മയുടെ 'നമശ്ശിവായ' കേട്ടുകൊണ്ടാണ് പത്മൻ ഉറക്കത്തിന്റെ വഴുക്കുന്ന പടവുകളിറങ്ങാറ്.

അന്നും ഊണുകഴിച്ചതോടെ കുറച്ചുവററ് കയ്യിലെടു ത്തു. അതവന്റെ 'വരയനു'ള്ളതാണ്. അവനൊരു ചങ്ങാ തിയുണ്ട്. കളിച്ചങ്ങാതി. അതൊരണ്ണാക്ക്ണ്ണനായിരുന്നു. പുറത്ത് മൂന്നുവെളുത്ത വരകളുള്ള അണ്ണാക്ക്ണ്ണൻ. ആ വര കണ്ടിട്ടാണ് അന്വർത്ഥമായ പേരിട്ടത് — വരയൻ.

വരയൻ കയററുകട്ടിലിന്റെ കാലിന്മേൽ ബന്ധന സ്ഥനായി കിടക്കുകയായിരുന്നു. ഇടയ്ക്കൊക്കെ കെട്ടിയി ടും. അല്ലെങ്കിൽ അവൻ വഷളായാലൊ. പൂർണ്ണസ്വാതന്ത്ര്യം കൊടുക്കരുത്. വികൃതികൂട്ടാനുള്ള ഉപാധിയേയാവു. അ ല്ലെങ്കിൽതന്നെ അവൻ വല്ലാത്ത വികൃതിക്കുട്ടനാണ്.

വരയൻ ഉറക്കം നടിച്ചു കിടക്കുകയായിരുന്നു. ഭക്ഷ ണസമയമായി. അതവന് ഹൃദിസ്ഥമാണ്. പത്മൻ കുല്ലു കുഴിയുന്നതു കേട്ടാൽ തീർച്ചയാക്കാം ഊണെത്താറായെ ന്ന്. തളത്തിൽ കാലടി വീഴുന്നുണ്ടോ?

അവൻ കമ് കമ് എന്നു തിന്നാൻ തുടങ്ങി. ഉച്ചയ്ക്കു കു റച്ചു പാലുംവെള്ളം കുടിച്ചതാണ്. എന്തൊരു വിശപ്പ്.

ആത്തിയോടെ വററുകഠം വയററിലാക്കി. രോമംനിറഞ്ഞ വണ്ണമുള്ള വാൽ അന്നേരം വിറയ്ക്കുന്നുണ്ടായിരുന്നു. സന്തോഷിയ്ക്കുന്ന സമയത്തു് വരയൻെറ വാൽ വിറയ്ക്കും.

മിനുസമുള്ള പുറം തലോടികൊണ്ടുള്ള പത്മൻെറ സ്നേഹാന്വേഷണം അന്നുമുണ്ടായി.

'വിശപ്പു മാറ്യോടാ വര്യാ—നീ തടിക്കുന്നില്ലല്ലോടാ....'

വരയൻ വാലുകുലുക്കി കാണാത്ത കുറെ നാണയങ്ങഠം നിലത്തിട്ടു.

ആറുമാസങ്ങഠംക്കു മുമ്പായിരുന്നു വരയനെ പിടിച്ചതു്. അന്നെത്രമാത്രം വിഷമിച്ചു. പിടിക്കണമെന്നതു വാശിയായി തീൎന്നു. പാണ്ടി പൂൎണ്ണഗർഭിണിയായി നില്ക്കുന്ന കാലം. തീററയ്ക്കു പുറത്തു കൊണ്ടുപോകേണ്ടെന്നു നിശ്ചയിച്ചു അച്ഛനു സമ്മതമായിരുന്നില്ല. പാണ്ടിയുടെ പ്രസവം ഏതുസമയത്തും സംഭവിച്ചേക്കാം. അതു പുറത്തു വെച്ചായിക്കൂടാ. മറു വീഴുന്നതു നോക്കിനില്ക്കണം. മറു തിന്നാൽ പിന്നെ ഒരു തുള്ളി പാലു കിട്ടില്ല. തൊഴുത്തിൽ തന്നെ കെട്ടി തീററി കൊടുത്തു.

എന്തെങ്കിലും ചെയ്തുകൊണ്ടിരിക്കണം ബാലമനസ്സിനു്. പുതിയ പ്രവൎത്തനമണ്ഡലം തുറന്നുകിട്ടി. അണ്ണാക്കണ്ണൻവേട്ട. മുററത്തു് ഒരു കുട്ട ചെറിയൊരു വടിയിന്മേൽ പാതിനിവൎത്തിവെച്ചു. വടിയുടെ അററത്തു് ചരടുകെട്ടി. ചരടിൻെറമറെറ അററം പിടിച്ചുകൊണ്ടു് ഉമ്മറത്തുണ്ണിൻെറ പിന്നിൽ ഒളിച്ചിരുന്നു. ദിവസങ്ങളോളം. ഒരു ദിവസം വരയൻ ആവഴിവന്നു. കുടയുടെ താഴെ തൂവ്വിയ ചോറുകണ്ടു. അവൻ കൊതിയൻ. നാലുവശവും നോക്കി. ആരും പെരുമാററമുണ്ടോ എന്നറിയാൻ.പിന്നെ ചിന്തിയ്ക്കാനൊന്നും നിന്നില്ല. ഒററ ഓട്ടത്തിനു കുട്ടയുടെ താഴെ എത്തി.

ഓരോ വററായി തിന്നും തുടങ്ങി.

സൌജന്യമായി എറിഞ്ഞുകൊടുത്ത ഭക്ഷണമാണെന്നു അനുമാനിച്ചിരിക്കാം. ആ അന്നത്തിന്റെ പിന്നിൽ വഞ്ചനയുണ്ടെന്നറിഞ്ഞില്ല. പാവം വരയൻ. അതൊരു ചതിയായിരുന്നു. അവന്റെ സ്വാതന്ത്ര്യം നഷ്ടപ്പെടാൻ പോകുന്നു. അവനൊരു വളർത്തുമൃഗമാവാൻ പോകുന്നു. പക്ഷെ അതവൻ അറിയുന്നില്ല.

'ഡിം'

ഒരേകതനമായ ശബ്ദം വരയൻ പകച്ചു നോക്കി.പൊന്തിനിന്നിരുന്ന കുട്ട കമിഴ്ന്നു വീണിരിക്കുന്നു. അവനു മനസ്സിലായി —കെണിയിൽ പെട്ടു.

ഭയങ്കരമായി ചിലച്ചുംകൊണ്ടു് അവനാ ചെറിയ പരിധിക്കുള്ളിൽ ഓടിനടന്നു. വല്ല രക്ഷാമാർഗ്ഗവുമുണ്ടോ? പഴുതു കാണുന്നില്ല. എല്ലാമാർഗ്ഗവും അടഞ്ഞുകഴിഞ്ഞു.

വളരെ പണിപ്പെട്ടു സഹിച്ചാണു് പത്മൻ വരയനെ ഇണക്കിയെടുത്തതു്. മാന്തു് ഒട്ടേറെ ഏററു. ചോര പൊടിയുകകൂടിയുണ്ടായി ഒരിക്കൽ. അഖണ്ഡമായ ദണ്ഡനീതിയോടെ ശ്രമം തുടന്നു. അവസാനം വരയൻ ഇണങ്ങി ഇഷ്ടനായി.

ഉച്ചഭക്ഷണം കൊടുക്കുന്നതിനു ഒരു പരിപാടി അസൂത്രണം ചെയ്യാൻ അമാന്തിച്ചില്ല. ഒരഭ്യാസം മുഖേന വരയൻഭക്ഷണം കൈപ്പററണം. ചിരട്ടയിൽ പാലും വെള്ളംനിറച്ചു കയ്യിൽ പിടിച്ചു് അവനെ വിളിക്കും.

'വരയാ, വന്നു കുടിച്ചോ....'

കോംക്കേണ്ട താമസം ഒരൊററ ചാട്ടമാണു് പാദാഗ്രത്തിലേക്കു്. അവിടുന്നു മുകളിലോട്ടുരഞ്ഞു കയററം. മുക്കാൽ നിമിഷംകൊണ്ടു് ചുമലിൽ വന്നിരിപ്പുറപ്പിക്കുകയായി. ചിരട്ട പൊന്തിച്ചു കാട്ടിക്കൊടുക്കും പത്മൻ.

ഉള്ളിലോട്ട് മോന്തയിട്ട് കടിക്കുന്നു. ആ തീററിസമ്പ്രദായത്തിന്നു പുതുമയുണ്ടായിരുന്നു. അയൽക്കാരും നാട്ടുകാരും ആ കാഴ്ച കാണ്മാൻ വന്നും പോയും ഇരുന്നു. കാഴ്ചക്കാരെ പ്രീതിപ്പെടുത്താൻ പല അടവുകളും വരയനിൽ അവൻ പ്രയോഗിച്ചെന്നുവരും.

ആറുമാസം കഴിഞ്ഞിരിക്കുന്നു വരയൻ ആ വീട്ടിലെ ഒരംഗമായി തീന്നിട്ട്. പത്മനും വരയനും. അവരുടെ ചങ്ങാത്തം മുറക്കു തുടൎന്നുപോന്നു.

## രണ്ട്

കരുണാകരക്കുറുപ്പ് ആ ഗ്രാമത്തിലെ മുന്തിയ പണക്കാരനാണ്. വയലേലകളും തെങ്ങിൻത്തോപ്പും ഉണ്ട്. പട്ടണത്തിലെ ബാങ്കിൽ നിക്ഷേപമുള്ള ഏക വ്യക്തി. വെള്ളക്കുതിരയെ പൂട്ടിയ ജഡ്കയിൽ പട്ടണത്തിൽ പോകുന്നു. വൈകുന്നേരമായാൽ അദ്ദേഹത്തിന്നു പട്ടണത്തിൽ പോകണം. ശ്രീദേവിക്കു സ്കൂളിൽ പോയിവരണം. അതിനൊക്കെക്കൂടിയാണ് കുതിരവണ്ടി.

വണ്ടിക്കാരൻ മമ്മതു് പാരമ്പര്യവണ്ടിക്കാരനാണ്, അയാളുടെ ബാപ്പയും വണ്ടിക്കാരനായിരുന്നു. മുത്താപ്പയുടേയും ജോലി മറെറാന്നായിരുന്നില്ല. നല്ല ജനുസ്സാണ് കുതിര. കുഞ്ചിരോമം വിറപ്പിച്ചുകൊണ്ടുള്ള അവന്റെ ഓട്ടത്തിന്നു മനോഹാരിതയുണ്ട്. മമ്മതു് സീററിൽ കയറിയിരുന്നു് ജീനി കയ്യിലെടുത്തു് ചാട്ടവാർ വായുവിൽ വീശ്ശി ശബ്ദമുണ്ടാക്കിയാൽ അവൻ പാച്ചിൽ തുടങ്ങും. അതു ലക്ഷ്യസ്ഥാനത്തെത്തിയാലെ നിലയ്ക്കൂ. നാഴികകരം

അനായാസേനയാണ്' ചവിട്ടിപിന്നിലാക്കുക. ദൂരം അവനൊരു പ്രശ്നമല്ല. അതുകൊണ്ടാക്കെയാവണം അവനൊരു പേരുവീണത്' - പറക്കും കുതിര.

അന്ന്' പതിവുപോലെ രാവിലെ മമ്മത്' വന്നപ്പോഴം വീട് നിശ്ശബ്ദം. ഒച്ചയോ അനക്കമോ ഇല്ല. വല്ലാത്തൊരുമൂകത. ആ പഴയ ബംഗ്ലാവ്' നിർജ്ജീവമായി കിടക്കുന്നു. ആരം പെരുമാററമില്ലാത്തവണ്ണം.

മമ്മത്' കോലായിലെത്തിയാൽ ഒന്നു ചുമയ്ക്കും. താനെത്തി എന്നറിയിക്കാനാണ്'. പ്രഭാതഭക്ഷണം ബംഗ്ലാവിൽനിന്നുമാണ്'. കാപ്പിയും എന്തെങ്കിലും പലഹാരവുമുണ്ടാകും. അവിടെ തയ്യാറാക്കുന്നതിൽനിന്ന്' ഒരു വീതം മമ്മതിനുള്ളതാണ്'. അതിനൊരു കുറവുമുണ്ടായിട്ടില്ല. സേവനത്തിൻെറ കാലപ്പഴക്കം മമ്മതിനെ ആ കുടുംബവുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. അയാളൊരു സേവകൻമാത്രമല്ല. ഒരംഗംപോലാണ്'.

അന്നും അയാരം കൃത്രിമമായി ഒരു ചുമ വരുത്തി. ആ ചുമ കേട്ടാൽ എന്നും ശ്രീദേവി ഓടിവരാറുണ്ട്'. അതാണ്' പതിവ്'. ആ പതിവ്' തെററിയിട്ടില്ല.

'മമ്മത്' നില്ലൂട്ടോ. ഞാൻ പൊറപ്പെടാൻ പോവ്വാ..'

ശ്രീദേവിക്കുഞ്ഞിനെ മമ്മതിനു വലിയ ഇഷ്ടമാണ്'. വിലപിടിച്ച കുഞ്ഞുടുപ്പുകളും അണിഞ്ഞ്' ചിത്രശലഭത്തിൻെറ തുള്ളിച്ചയോടെ സഞ്ചിയുമായി അവരം ചവിട്ടുപടികരം ഇറങ്ങിവരുമ്പോരം മമ്മത്' അങ്ങിനെ നോക്കിനിന്നു പോകും. പഴയ സ്മരണകരം മനസ്സിലേയ്ക്കിരച്ചുകയറുകയായി. മമ്മതിനും ഉണ്ടായിരുന്ന ഒരു മകരം-സൈനബ. ഇതേ മാതിരി തുള്ളിക്കളിച്ചിരുന്ന അവരം. പെട്ടെന്നൊരു ദിവസം ആ കുഞ്ഞിക്കണ്ണുകരം അടഞ്ഞു. പുന്നാരമോരം മയ്യത്തായി.

നിറഞ്ഞുവരുന്ന കണ്ണുകൾ അടച്ച് മമ്മത്ത് ശ്രീദേവി യുടെ കയ്യിൽനിന്നും സഞ്ചിവാങ്ങി വണ്ടിയ്ക്കകത്തു കൊണ്ടു വെയ്ക്കും. അവളെ പൊക്കിയെടുത്ത് വണ്ടിയ്ക്കകത്തിരു ത്തി കമ്പി ഇടും.

രണ്ടുമൂന്നുനിമിഷം വരവും കാത്തു നിന്നു. കാത്തുനില്പ് വെറുതെയായതേയുള്ളു. ശ്രീദേവി പുറത്തുവന്നില്ല.

'ഹള്ളാ, കുഞ്ഞുമോൾക്കെന്തു പററി....?'

അസ്വസ്ഥനാവുകയായിരുന്നു മമ്മത്ത്. ഉൽക്കണ്ഠാകു ല മനസ്സുമായി അകത്തേയ്ക്കു നോക്കി വിളിച്ചു. പരി ഭ്രമം മൂലം വാക്കുകൾക്കു പതറിച്ച നേരിട്ടു.

'എശ്മാനെന്തേടക്കാ..... കുഞ്ഞുമോളെന്ത്യേ....? ഷൊക്കോളില് പോകണ്ടായോ....?'

'ആര് മമ്മതോ..നീ എത്തിയോ മമ്മതേ..'

കുറുപ്പ് പൂമുഖത്തെത്തി. വീർത്തമുഖം. കണ്ണുകളിൽ ജലസ്പർശം. വ്യസനം പതിയിരിയ്ക്കുന്നു മുഖത്ത്. വി ഷാദത്തിൻെറ ഒരു സാഗരം തന്നെ ഹൃദയത്തിൽ അലതല്ലു കയാവും.

കുണ്ഠിതത്തോടെ മമ്മത്ത് തിരക്കി:

'എജമാനനെന്താ ഒരു വല്ലാായ്യ ഇബ്ടെ ഒരൊച്ചേം അനക്കോം ല്യല്ലോ....'

'നിന്നെ കാത്തിരുന്നു. വിളിക്കാൻ ആളെ വിടാ നിരിക്ക്യാ. കുതിരയെ പൂട്ടി വണ്ടികൊണ്ടുവാ ഡോക്ടറെ വിളിച്ചോണ്ടു വരണം'

മമ്മതിൻെറ വിമ്മിഷ്ടങ്ങളുടെ ആഴവും പരപ്പും കൂടി. നിറഞ്ഞ വേദനയുടെ ഒരലകടൽ.

'ആരക്കാ സൂക്കേട്....'

'മോൾക്ക്....'

'കുഞ്ഞുമോൾക്കോ....'

'പറഞ്ഞതു് ചെയ്യ് മമ്മത്. സമയം കളയാനില്ല '

മമ്മതു് കുതിരയെ അഴിക്കാനും കുറുപ്പ് മകളുടെ അടുത്തേക്കും നടന്നു.

വാടിയ ചീരപോലെ ശ്രീദേവി കുഴഞ്ഞു കിടക്കുകയാണു്. ഇത്തിരിമുമ്പാണു് അവൾ വീട്ടിലുള്ളവരെ പരിഭ്രമത്തിൻെറ പൽച്ചക്രത്തിൽ പെടുത്തിയതു്. അച്ഛനും അമ്മയും ആ ഷോക്കിൽ നിന്നും മുക്തിപ്രാപിച്ചിട്ടില്ല. സംഭ്രമം മൂലം ഭാഗീരഥിഅമ്മ നിഷ്ക്രിയയായി തീർന്നിരിക്കുന്നു. കൈകാലുകൾക്ക തളച്ച്. ബുദ്ധിക്കു മന്ദത.

നടാടത്തെ സംഭവം. മുമ്പൊരിക്കലും ഇത്തരമൊരുരോഗസംക്രമണം കൊച്ചുകുട്ടിയെ തീണ്ടിയിട്ടില്ല. ഇടക്കു വല്ല നീർവീഴ്ചയും വരും. അല്ലാതെ മററു രോഗങ്ങളൊന്നും എത്തി നോക്കിയിട്ടില്ല. കുറുപ്പിനും ഭാഗീരഥിഅമ്മക്കും കണ്ടു ശീലമില്ലാത്ത രോഗം ആദ്യമായി മുഖത്തോടുമുഖം കണ്ടു. പരാക്രമം കൊള്ളുന്നു കൊച്ചുമകൾ. അവളെ ശുശ്രൂഷിക്കാനും ആശ്വസിപ്പിക്കാനും അവക്കുണ്ടോ കഴിവ്. ശ്രീദേവി കൈകാലിട്ടടിക്കുകയാണു്. കണ്ണുകൾ തുറിക്കുന്നു കൃഷ്ണമണികൾ ഉരുണ്ടുരുണ്ട് മേല്പോട്ടു കേറുന്നു. വായിൽനിന്നും പതള ചാടിക്കൊണ്ടിരുന്നു.

അമ്മ മാറത്തടിച്ചു നിലവിളിച്ചു. അവർ അപസ്മാര ബാധ കണ്ടിട്ടില്ല. പേടിച്ചു പോയതിൽ എന്താണത്ഭുതം. കരഞ്ഞുകൊണ്ടു നോക്കിനിന്ന അവക്കു് തലക്കകത്തും കൺവട്ടത്തും മൂടൽമഞ്ഞുയരുന്നതായി തോന്നി. അടുത്ത ക്ഷണം ബോധം മറിഞ്ഞു.

നിലത്തു് അപസ്മാരബാധയാൽ പുളയുന്ന കൊച്ചുമകൾ. കട്ടിലിൽ അസ്തപ്രജ്ഞയായി കിടക്കുന്ന ഭാര്യ.

കുറുപ്പ് അന്തംവിട്ടു നിന്നുപോയി. നില്പ് തുടരാൻ മനസ്സ് സമ്മതിക്കുമോ?. നെഞ്ചിനകത്തു തീയ്യാണു്. എ

1787

രിയുന്ന തീ.

ഉപായം തോന്നി. രോഗത്തിന്റെ മട്ടു കണ്ടപ്പോൾ ഒരു സംശയം. രോഗമേതെന്നു് നിർണ്ണയിക്കപ്പെടുന്ന സ്ഥിതി വിശേഷം. പ്രതിവിധിയുണ്ടാവുന്നു. പെട്ടെന്നു ശമനം കാണുന്നതു്.

ഒരു ഇരുമ്പുദണ്ഡു് മുറിയുടെ മൂക്കിൽ തുരുമ്പുപിടിച്ചു കിടന്നിരുന്നു. അതെടുത്തു് കുട്ടിയുടെ കയ്യിൽപിടിപ്പിച്ചു. ഉടനെ കണ്ടു ഫലം. ഉരുളലും കാലിട്ടടിയ്ക്കലും നിലച്ചു. കോരിയെടുത്തു കട്ടിലിൽ കിടത്തി. വായും മുഖവും തോർത്തിക്കൊടുത്തു. ആ നേരം കൊണ്ടു് ഭാര്യയുടെ ബോധക്കേടും അവസാനിച്ചിരുന്നു.

അപ്പോഴായിരുന്നു മമ്മതിന്റെ വരവു്. നേരം കളയാതെ ഡോക്ടറെ വിളിയ്ക്കാൻ പറഞ്ഞയച്ചു.

ഒന്നൊന്നര മണിക്കൂർ കഴിഞ്ഞു് ഡോക്ടർ എത്തി. നന്നെ ചെറുപ്പം. മെഡിക്കൽ കോളേജിൽനിന്നും ഇറങ്ങിത്തിരിച്ചതേയുള്ളുവെന്നു തോന്നും. വെളുത്തു മെലിഞ്ഞ ശരീരം. ആകർഷണമായ മുഖത്താൽ അനുഗൃഹീതൻ.

കുട്ടിയെ പരിശോധിച്ചു. ഒരു ഇഞ്ചക്ഷൻ കൊടുത്തു.

കൈ കഴുകി ഡോക്ടർ ഭാഗീരഥിഅമ്മയെ നോക്കി ചെറുപുഞ്ചിരിയോടെ പറഞ്ഞു.

'പേടിക്കാനൊന്നുമില്ല. ആദ്യത്തെ അററാക്കാണു് അല്ലേ. ഇപ്പോഴെ കാട്ടിയതു ഏതായാലും നന്നായി. വെച്ചുകളിപ്പിച്ചാൽ ഭേദമാവാൻ വിഷമമാണു്. ഇനി ഉണ്ടാവാതിരിക്കാൻ ഞാൻ നോക്കിക്കൊള്ളാം.'

സുന്ദരനായ യുവാവു്. ഹൃദയാവർജ്ജകമായ സംസാരം. ഭാഗീരഥി അമ്മയുടെ ഉള്ളു തണുത്തു. ആ സംഭാഷണശൈലിക്കു എന്തോ പ്രത്യേകതയുള്ളപോലെ. ഹൃദയത്തിനുള്ളിലേയ്ക്കുരിച്ചു കേറുന്നു. തലോടുന്ന അദൃശ്യ കൈ.

തണുത്ത കൈ. അപായഭീതി പോയതുകൊണ്ടാവണം ഭാഗീരഥിഅമ്മയ്ക്കു സംസാരം കേട്ടുനിന്നപ്പോഠം കുളിരു തോന്നിയതു്. വെളുത്തു കൊഴുത്ത കൈത്തണ്ടയിലെ നീല പ്പട്ടുരോമങ്ങഠം എഴുന്നേല്ക്കാൻ ഭാവിക്കുന്നു. രോമാഞ്ചം.

നിന്നിമേഷം നോക്കിനിന്നു. മനസ്സിൽ അനുഭൂതി കളുടെ തിരപ്പുറപ്പാടു്. കണ്ണുകഠം തമ്മിലിടഞ്ഞു. ചെറുപു ഞ്ചിരി അധരപുടങ്ങളിൽ വന്നു് വെളുത്ത താമരമുഖം കാ ട്ടി. സ്വർഗ്ഗസ്ഥ നിമിഷം ഇതാണു്. ഉള്ളിൽ ആരോ പറ യുന്നതിന്റെ ധ്വനി.

മുപ്പത്തഞ്ചിന്റെ പടി കടന്നവളാണു് ഭാഗീരഥി അമ്മ. വെളുത്തു കൊഴുത്ത മദാലസ. മോഹിനീവേഷം പൂണ്ട മോഹങ്ങഠം അവസാനിച്ചിട്ടില്ല. ഭർത്താവിനു പന്ത്ര ണ്ടു വയസ്സായി. 'അക്കാലത്തു് ഇക്കാലത്തു്' എന്നൊ ക്കെ സംസാരിക്കാൻ തുടങ്ങിയിരിക്കുന്നു. വയസ്സന്മാർക്കു് പൊതുവെ ഈ ദോഷം ഉണ്ടു്. വയസ്സനായെന്നു് കുറുപ്പിനു് സ്വയം ബോധമുള്ളതുപോലെ. സംസാരം കേഠംക്കുമ്പോഠം ഭാഗീരഥിഅമ്മയ്ക്കുണ്ടൊരു അരിശം.

'കിഴവനാവാനാ മോഹം.' ചൊടിച്ചുകൊണ്ടുള്ള ഭാ ര്യയുടെ പറച്ചിൽ ഗൌരവപൂർവ്വം എടുക്കാറില്ല കുറുപ്പ്. ലാഘവബുദ്ധിയോടെ തള്ളിക്കളയും. കേട്ടില്ലെന്നു നടി ക്കലിൽ അവസാനിക്കുന്നു.

മദ്ധ്യപ്രായത്തിന്റെ ആക്രമണത്തെ പിടിച്ചു നിർത്താ നുള്ള പാഴ്ശ്രമത്തിലാണു് ഭാഗീരഥിഅമ്മ. പുറത്തുപോ കുന്ന അവസരങ്ങളിൽ വസ്ത്രധാരണത്തിനു പ്രത്യേകതയു ണ്ടു്. നനുത്ത സില്ക്കിന്റെ കഴുത്തു താഴ്ത്തിവെട്ടിയ ജാക്കററു്. നിറം മാച്ചുചെയ്യുന്ന സാരി. കൊഴുത്ത മാറിന്റെ ഉപരിത ലവും റബ്ബർചുരുളപോലുള്ള വയറും നഗ്നം. അവർ ഒരുക്കി വെച്ച പുറമ്പോക്കു ഭംഗി കൌതുകപൂർവ്വം നോക്കാത്ത ഒരാ

ളുമുണ്ടാവില്ല. അപ്പോഠം എന്തെന്നില്ലാത്ത സുഖത്തിൻെറ ഉടമയാവുന്നു ഭാഗീരഥിഅമ്മ.

ആകഷിയ്ക്കാനുള്ള വെമ്പലുമായി നടന്നു. താമസം ഗ്രാമത്തിലായതുകൊണ്ട് മനസ്സിനൊത്ത അവസരങ്ങഠം ഉണ്ടാവാറില്ല. സവ്വആവേശങ്ങളും അടക്കി കഴിഞ്ഞുകൂട കയായിരുന്നു. അപ്പോഴാണ് സുന്ദരകുട്ടപ്പൻ ഡോക്ടറുടെ ആഗമനം. വളരെക്കാലമായി പുലത്തിപ്പോരുന്ന പ്രതീക്ഷകഠം പൂവണിയാറായി എന്നു ഹൃദയത്തിന്നു തോന്നിയെങ്കിൽ അതിലെന്താണത്ഭുതം.

ദിവസങ്ങഠം പൊഴിഞ്ഞുപൊയ്ക്കൊണ്ടിരുന്നു.

ശ്രീദേവി സ്കൂളിൽ പോയിട്ട് ആഴ്ച ഒന്നായി. രണ്ടാഴ്ചയെങ്കിലും പരിപൂണ്ണവിശ്രമം വേണമെന്നാണ് ഡോക്ടർ വിധിച്ചതു്. ആ വിധിയെ മറികടന്നു പ്രവത്തിയ്ക്കാൻ അച്ഛനും അമ്മയുമുണ്ടോ സമ്മതിയ്ക്കുന്നു. അവഠംക്കു പള്ളിക്കൂടത്തിൽ പോകണം. വാശിപിടിച്ചു. കരഞ്ഞുനോക്കി. അടവുകഠംകൊണ്ടൊന്നും അഴയാത്തതായിരുന്നു തീരുമാനം. അവഠംക്കു കിടക്കയിൽ തന്നെ കിടക്കേണ്ടിവന്നു.

കുസൃതിക്കുട്ടക്ക. അവഠംക്കു കിടപ്പുറയ്ക്കുമോ?. ഒരിടത്തു് പത്തു നിമിഷം ചടഞ്ഞിരിയ്ക്കാൻ അവളേക്കൊണ്ടാവില്ല. കിടന്നു കിടന്നു മടുത്തു പഞ്ചതന്ത്രകഥയിലെ രാജകുമാരിയെ പോലിരുന്നു. ഉറങ്ങി ദിവസങ്ങളോളം. ഉണന്നു കിടക്കുന്നേരം വല്ലാത്ത മുഷിച്ചിൽ തോന്നും. കുട്ടികഠംക്കു മനസ്സിടിഞ്ഞാൽ ഉന്മേഷം കെട്ടുപോകും.

ആറാംപക്കം, ഒരു ബുധനാഴ്ച, കുഞ്ഞുമനസ്സിൽ സന്തോഷത്തിൻെറ അലകഠം എത്തിനോക്കി. കളിത്തോഴൻ അന്നാണവളെ കാണാനെത്തിയതു്. ആദ്യം മുഖം വീർപ്പിച്ചു കിടന്നു. ഇത്രയുംനാഠം ഒററയ്ക്കുവിട്ട് അവനെങ്ങു പോയിരുന്നു. ഒന്നുതിരിഞ്ഞു നോക്കിയതുപോലുമില്ല. എന്നി

ട്ടിപ്പോഠം വന്നിരിയ്ക്കുന്നു. അവനോട്ട് കലശലായ കോപം. അടുത്തുവന്നിരുന്നപ്പോഠം ദേഷ്യം ഇറങ്ങി. പകരം സങ്കടം കയറി ഇരുന്നു. കുഞ്ഞിക്കണ്ണുകഠം നിറഞ്ഞു.

'കുട്ടിക്ക് സുക്കേടാണെന്നു് ഇന്നലേയാ അറിഞ്ഞേ. രാത്രി ഒരു പോള കണ്ണടച്ചില്ല. പുലരാൻ കാത്തിരിക്യാന്നു്. ഏഴരന്നേററിങ്ങോട്ടോടിപ്പോന്നു.'

ശ്രീദേവിയിൽ മനസ്താപം വിരുന്നിനു വന്നു. അവൻ രോഗവിവരം അറിഞ്ഞിരുന്നില്ല. അറിഞ്ഞിരുന്നെങ്കിൽ എന്നേ വരുമായിരുന്നു അവഠംക്കറപ്പായി. കുറച്ചുവാക്കെ അവൻ പറഞ്ഞുള്ള എന്തു കട്ടപ്പമാണവയ്ക്കു്. ഹൃദയത്തിലേയ്ക്കു നേരിട്ടു കടന്നുചെന്നു. ഹൃദയം തണുത്തുപോയി.

തെളിഞ്ഞ മന്ദഹാസം ചുണ്ടത്തു് മൊട്ടിട്ടു.

'ഇപ്പം സുക്കേട് എങ്ങിനിരിക്കണു'

മുതിന്ന ഒരാളുടെ ഭാവം മുഖത്തു്. ചോദ്യത്തിലും അതേ ഭാവഗാംഭീര്യം. ഉദ്വേഗം ചോദ്യശകലത്തിൽ ഉടക്കിയിരുന്നു.

ഹൃദയത്തിൻെറ മൃദുലവശത്തിൽ സ്വരത്തിലെ സ്നേഹം മുട്ടിയുരുമ്മി. കുറിഞ്ഞിപ്പൂച്ച ഉരുമ്മുന്നപോലെ. അവളുടെ കണ്ണുകഠം വീണ്ടും നിറഞ്ഞു.

'സുക്കേടൊക്കെ മാറി. എന്നാലും അനങ്ങരുതെന്നാ ഡോക്ടറുടെ നിർദ്ദേശം.'

ഒരു മുതിന്ന പെണ്ണിൻെറ ഭാവസൌരഭം അവഠം അറിയാതെ പുലർത്തി. ആ നിമിഷത്തിൽ ഹൃദയത്തിനു് എത്രയോ വഷ്ത്തെ വളച്ച് കിട്ടിയിരുന്നു.

വിളച്ച് ബാധിച്ച മുഖത്തു കണ്ണുംനട്ട് അവൻ അനങ്ങാതെ ഇരുന്നു.

ശ്രീദേവിയ്ക്ക പഠിയ്ക്കാനോ സ്കൂളിൽ പോകാനോ അരുതു്. വേണ്ടുവോളം വിശ്രമ സമയ അവഠംക്കുണ്ടു്.

ഇതാണു് തക്ക സന്ദർഭം. വീർപ്പുമുട്ടിക്കുന്ന സംശയങ്ങളെ അകററാനുള്ള അവസരം. പഠിത്തക്കാരിയല്ലേ. അവാംക്ക തൊക്കെ അറിയുമായിരിക്കും.

പത്മൻ കാര്യഗൌരവത്തോടെ ചോദിച്ചു.

'ശ്രീദേവിക്കറിയാവോ സൂര്യൻ എങ്ങിന്യാ ആകാശത്തിൽ സഞ്ചരിക്കുന്നന്നെ .. ?'

അതൊരു ചോദ്യമാണു്. തികച്ചും ചോദിക്കാവുന്ന ഒന്നു്. എന്നിട്ടും അവളുടെ മുഖത്തു് കുസൃതിനിറഞ്ഞു. തന്നേക്കാളും മൂത്തവനാണു് പത്മൻ. പ്രായംകൊണ്ടു വലിയവൻ. നിസ്സാരകാര്യം പോലും അറിഞ്ഞുകൂടാ സ്കൂളിൽ പോവാത്തതിൻെറ കുറവു്. അവാംക്കു വിഷമം തോന്നി.

പാവം. പത്മൻ ... !

രണ്ടാംതരം പാഠപുസ്തകത്തിൽ സൂര്യൻെറ ചിത്രമുണ്ടു്. പത്തു കുതിരയെ പൂട്ടിയ തേരിൽ സൂര്യൻ യാത്ര ചെയ്യുന്ന പടം. ചിത്രം കാട്ടിക്കൊടുത്തായിരുന്നു വിവരണം.

'പത്തു കുതിരയെ പൂട്ടിയ വണ്ടീലാ സൂര്യഭഗവാൻ സഞ്ചരിക്കുന്നെ. സൂര്യഭഗവാൻ തന്ന്യാ വണ്ടി തെളിക്കണെ. ഇപ്പോ പത്മനു മനസ്സിലായോ ...'

'ശ്രീദേവി മിടുക്ക്യാ. ഒക്കെറിയാം.'

'എൻെറ മിടുക്കല്ല കുട്ടീ. പള്ളിക്കൂടത്തീന്നു കിട്ടിയ വിവരാ. പത്മനും പോയാൽ ഇതൊക്കെ പഠിക്കാം.'

ദുഃഖത്തിൻെറ ലാഞ്ചന തട്ടിയ മുഖം താണു. ലജ്ജ മുഖം പൊന്തിയ്ക്കാൻ സമ്മതിച്ചില്ല.

പെട്ടെന്നൊരു വാശി. അറിവാളിയായ ഈ പെണ്ണിനെ ഒന്നു പരാജയപ്പെടുത്തണം. അവാംക്കറിയാൻ മേലാത്തതു് തനിയ്ക്കറിയാമെന്നു വരുത്തണം. അതിനെന്തുവഴി?

ബാലസഹജമായ വാസനയാണതു്. അവൻ മോശക്കാരനാവാൻ തയ്യാറല്ല.

ക്ഷണനേരം കൊണ്ട് ഉപായത്തിന്റെ രംഗപ്രവേശം നടന്നു. വരുത്തിയ ഗൌരവത്തോടെയായിരുന്നു ചോദ്യം.

'ശ്രീദേവിക്കറിയാവോ നമ്മളൊക്കെ എങ്ങിന്യാ ജനിച്ചേ. അറിയാവോ?'

മൂർച്ചയുള്ള ചോദ്യം. കൂർത്തമുനയുള്ള കുന്തം. തടുക്കാൻ അവളുടെ വശം പരിചയില്ല. ജനനരഹസ്യം അറിയാൻ വയ്യായിരുന്നു ആ വഴിയ്ക്കവരം ചിന്തിച്ചിട്ടേ ഇല്ല. തോൽവി സമ്മതിച്ചു കൊടുക്കുകയേ നിർവ്വാഹമുള്ളു.

ശ്രീദേവി കൈ മലർത്തി. അവരംക്കറിഞ്ഞുകൂടാ.

സംതൃപ്തി ഉണ്ടാക്കിയ സന്തോഷം. കണ്ണിൽ ആഹ്ലാദത്തിന്റെ തിളക്കം. ചോദ്യത്തിൽ പരിഹാസത്തിന്റെ പവിഴപ്പല്ല്.

'തോറേറാ തോറെറന്നു പറ'

അവരം കരുതലോടെ മൂളി.

തികഞ്ഞ സംതൃപ്തിയുടെ ഓളത്തല്ലലിൽ നിന്നും മറുപടിയാകുന്ന ദ്വീപുയർന്നു.

'നമ്മളൊക്കേയ് അമ്മേടെ പൊക്കിരംക്കുഴീന്നാ വരുന്നേ. പത്തുമാസം അമ്മടെ വയററിൽ കിടക്കും പിന്നെ പൊക്കിളിലൂടെ പൊറത്തു കടക്കും'

അത്ഭുതവർണ്ണലോകം മുന്നിൽ. അവളാ വാർത്ത നാടാടെ കേരംക്കുകയാണ്.

'കുട്ടിക്കെങ്ങിനെ മനസ്സിലായി'

'എന്റെ അമ്മോട് ഞാൻ ചോദിച്ചു. അപ്പൊ അമ്മ പറഞ്ഞുതന്നതാ....'

വാസ്തവമായിരിയ്ക്കും. പത്മന്റെ അമ്മ നുണ പറയില്ല. ഒരമ്മയും പൊളിപറയില്ല.

അവളും അവളുടെ അമ്മയുടെ പൊക്കിരംവഴി വന്നതാണ്. അതവരംക്കു തീർച്ചപ്പെട്ടു.

ഡോക്ടർ എന്നും വന്നുകൊണ്ടിരുന്നു. സന്ദർശനം വൈകുന്നേര സമയത്താക്കാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ആദ്യം ഔൽസുക്യമായിരുന്നതു് പിന്നീട് നിർബന്ധമായി മാറി. കുറുപ്പ് വീട്ടിലുണ്ടാവാത്ത സമയം. കുതിരവണ്ടിയിൽ കയറി പട്ടണപ്രദക്ഷിണത്തിനു പോയിരിയ്ക്കും എന്നുമുള്ള സായാഹ്നസവാരി. ഡോക്ടർക്കു് താനെ വീണു കിട്ടിയ അവസരം.

അവരം അവിടെ ഉണ്ടാവും. അവരം മാത്രം. ഭാഗീരഥി അമ്മ. മദാലസ. സൌന്ദര്യവതി. പ്രൌഢയായ സ്ത്രീ.

അന്നും കൃത്യസമയത്തു് ഡോക്ടർ എത്തി. ഭാഗീരഥി അമ്മ പൂമുഖവാതിലിൽത്തന്നെ ഉണ്ടായിരുന്നു. കാത്തു നില്പ്.

ശ്രീദേവിയുടെ പരിശോധന മിനിററുകരംകൊണ്ട കഴിഞ്ഞു കൈകഴുകാനായി വരാന്തപ്രവേശത്തിന്നൊരുങ്ങി.

'ഓവറയിലാണു് വെള്ളം. വന്നാട്ടെ.'

അത്ഥസൂചകമായി അവരം മന്ദഹസിച്ചു. അയാളും ചിരിയിൽ നൂറുനൂറു ഭാവങ്ങളുണ്ടായിരുന്നു. പല ഭാഷകളുമുണ്ടായിരുന്നു.

ഇടുങ്ങിയ ഓവറ. മങ്ങിയ വെളിച്ചം.

പരസ്പരം നോക്കി നിന്നു. നോട്ടം അപരനേത്രങ്ങളിൽ കേന്ദ്രീകരിച്ച്. നീററൽ വരുത്തിയ നിമിഷം!

വികാരത്തിൻെറ നിറം ചുവപ്പാണു്. ഇരുമുഖത്തും കണ്ണിലും ചോപ്പ് ഊന്നവീണു സന്ധ്യാത്തുടുപ്പ് ആകാശച്ചെരുവിൽനിന്നും മറഞ്ഞോ? ഇവരിൽ പുനർജന്മം കൊള്ളാനായുള്ള തിരോധാനമായിരുന്നോ?

സ്വർഗ്ഗസ്ഥ സമയം.

കൈകരം കൈകളിൽ പിച്ചവച്ചു. ചുടുനിശ്വാസം മുഖത്തു് അദൃശ്യപ്പാമ്പുകളായി ഇഴഞ്ഞു.

കരുത്തുള്ള കൈകളിൽ, ആശ്ലേഷത്തിൽ. ഞെരിഞ്ഞമർന്നു. സ്വപ്നം യാഥാർത്ഥ്യമാവുന്നു.

മാംസളമായ മാറിടം തുളമ്പിനില്ക്കുന്ന ഉപരിതലത്തു് ഉഷ്ണിച്ച ഉച്ഛ്വാസം.

കരലാളന, ഗാഢാലിംഗനം. ചുംബന വർഷം.

ഭാഗീരഥിഅമ്മ തൃപ്തയല്ല അവൾക്കു ഒന്നുകൂടി വേണം. അതിനുവേണ്ട അവസരമുണ്ടാക്കാൻ ഉറച്ചു.

## മൂന്നു്

ഉച്ചതിരിഞ്ഞുകാണും. വെയിൽ ചാഞ്ഞിരിക്കുന്നു. മയക്കം കഴിഞ്ഞ് പത്മൻ എഴുന്നേററു. പാണ്ടി വയലിനക്കരെ മേയുന്നുണ്ട്. അങ്ങകലെ, കശുമാവിൻ തോപ്പിൻേറയും വയലുകളുടേയും അപ്പുറത്തു് തിളങ്ങുന്ന നാടപോലെ കൈത്തോടു് കിടക്കുന്നു.

മാവു് ഒരുക്കിയ ശീതളച്ഛായയിൽ ചമ്രം പടിഞ്ഞിരുന്നുകൊണ്ടു് ചിന്തയിലേയ്ക്കു വഴുതിപ്പോവുമ്പോഴാണു് ആരോ വരുന്നതു് ദൃഷ്ടിയിൽ പെട്ടതു്. അതു് മമ്മതായിരുന്നു. കതിരക്കാരൻ മമ്മതു് മാപ്പിള.

തലേക്കെട്ടെടുത്തു് വിയർത്തൊലിയ്ക്കുന്ന മുഖം തുടച്ച് മമ്മതു് വിളിച്ചു.

'മോനേ....ഞമ്മക്കു് പോവ്ാ....വീട്ടിലേക്കു് പോവ്ാ....'

പരുക്കൻ സ്വരം മയത്തിലായിരുന്നു. അങ്ങിനെ ഒരിക്കലും മമ്മതു് സംസാരിച്ചിട്ടില്ല.

അത്ഭുതത്തിന്റെ മേഖലയിൽ അവനൊരു ഊത്തപ്പൻ താടിയായി പറന്നു.

'സമയായിട്ടില്ല മമ്മത്തുക്കാ. പാണ്ടീടെ പള്ള വീക്ക്ണ്ടായോ. അവള് അല്ലാതെ വരില്ല '

'പാണ്ടീനെ പിന്നെ കൊണ്ടോവാം. ഞമ്മള് അതേറേടക്കണെ. ഇങ്ങട്ട് ബായോ കുട്ടീ ...'

ആജ്ഞാശക്തിയുള്ള ശബ്ദം. പത്മൻ തരിച്ചിരുന്നു പോയി. എന്തോ ഒരജ്ഞാതഭയം. അറിയപ്പെടാത്ത എന്തോ പീഢ വേദനിപ്പിക്കുന്നു.

സമ്മർദ്ദസ്വരത്തിനു കീഴടങ്ങാൻ തയ്യാറാവാത്ത വിധമായിരുന്നു പത്മന്റെ മറുപടി.

'എന്താ വിശേഷിച്ച്....'

'ഒന്നൂല്യ കുട്ടീ.... അച്ഛൻ വിളിച്ചോണ്ട് ചെല്ലാൻ പറഞ്ഞു....'

അച്ഛൻ വിളിച്ചോണ്ട് ചെല്ലാൻ പറഞ്ഞു....

മനസ്സിലാവാത്ത ഭാഷ. ഈ കാലമത്രയും അങ്ങിനെ ഒന്നുണ്ടായിട്ടില്ല. കുരുന്നുഹൃദയത്തിൽ തേങ്ങലിന്റെ അസ്പഷ്ട ശബ്ദം.

വല്ലാത്ത വേദനയോടെ ആരാഞ്ഞു.

'പറയ് മമ്മത്ക്കാ....'

മമ്മത്ത് മുഖം വെട്ടിച്ച് അകലത്തേയ്ക്കു നോക്കി. അപ്പോഴത്തെ മുഖഭാവം കണ്ടാൽ ചിലതൊക്കെ ശങ്കിച്ചെന്നുവരും. അതരുത്.

മമ്മത്ത് വാദപ്രതിവാദത്തിനൊന്നും നിന്നില്ല. സമയം കളയാനില്ല. ഇപ്പോഠംതന്നെ ആ ദുരന്തം നടന്നു കഴിഞ്ഞേയ്ക്കാനിടയുണ്ട്.

കൈയ്ക്കുപിടിച്ച് പത്മനെ എഴുന്നേല്പിച്ചു. എന്നിട്ട്

മുന്നെ നടന്നു.

'ബായോ....വെക്കം നടക്ക്....'

ഹൃദയപശ്ചാത്തലത്തിൽ ഭീതിയും പരിഭ്രമവും ഉണൎന്നു. കാലുകരംക്ക് ഇടറിച്ച. ദേഹം കാററിലകപ്പെട്ട ആലിലയായോ?

മനസ്സ് മണത്തറിഞ്ഞുകഴിഞ്ഞു. അറിഞ്ഞുകൂടാത്ത ദു:ഖം. സ്വയംഭൂവായ വ്യസനം പെററുവീണ കരച്ചിൽ.

പടിക്കലെത്തിയപ്പോഴെ മമ്മതു് വിളിച്ച പറഞ്ഞു:

'ഗോപാലൻനായരെ, ഇതാ നിങ്ങടെ മോന്'

'മോനേ ...'

അമ്മൂമ്മ. അമ്മൂമ്മയുടെ നരച്ച കണ്ണുകളിൽ ജലകണം. വിറകൊള്ളുന്ന ചുക്കിച്ചുളിഞ്ഞ കൈകരം. അസാധാരണ കാഴ്ച.

തെക്കേലെ കാത്ത്യായനിചേച്ചി കുഞ്ഞിനെ ഒക്കത്തുവെച്ച് തളത്തിൽ നില്ക്കുന്നുണ്ടായിരുന്നു. വടക്കേലെ സുഭദ്രമ്മ ചുവരിൽ ചാരിയും മാത്തിലെ കുഞ്ഞിപ്പൊതുവാളസ്യാര് തലയ്ക്കു കയ്യും കൊടുത്തു് ഇറയത്തും ഇരിയ്ക്കുന്നു.

അയൽക്കാരെല്ലാം ഉണ്ട്.

പത്മന്നു് ഹൃദയം പൊട്ടുന്നഅനുഭവം. കരച്ചിൽ കണ്ഠനാളത്തിൽ കുടുങ്ങിനില്ക്കുന്നു. കാത്ത്യായനിചേച്ചി അവനെ പെട്ടെന്നു മാറോടണച്ചു തേങ്ങിക്കരഞ്ഞു.

'ഭാഗ്യം കെട്ട കുഞ്ഞേ....'

അവനു മനസ്സിലായി. അവൻെറ അമ്മ....

'എൻെറമ്മച്ചീ....'

അതൊരാൎത്തനാദമായിരുന്നു. ദിഗന്തങ്ങളെപോലും കിടിലം കൊള്ളിച്ച ആൎത്തനാദം. കാത്ത്യയനിയുടെ കൈ വിട്ടുവിച്ച് അമ്മ കിടക്കുന്ന മുറിയിലേയ്ക്കോടി.

ശാശ്വതമായ ഉറക്കത്തിൽപെട്ട് മീനാക്ഷി അനക്കമി ല്ലാതെ കിടന്നിരുന്നു. എല്ലാ വേദനകളും ദുബ്ബലശരീരത്തെ വിട്ടകന്നുപോയി. അവർ ഇനി ചുമയ്ക്കില്ല. ചുമച്ചുചുമച്ച് ശ്വാസം കിട്ടാതെ പിടയില്ല.

മീനാക്ഷിയുടെ ചുണ്ടത്ത് നനുത്ത ഒരു പുഞ്ചിരി വെറുങ്ങലിച്ചു നിന്നിരുന്നു മരിച്ചുകിടക്കുന്ന പ്രേതമാണെ ന്നു തോന്നുകയില്ല. ശാന്തമായി ഉറങ്ങുന്നപോലിരുന്നു.

താഴെ. നിലത്ത് കറുത്ത ചോര തളം കെട്ടിക്കിടന്നി രുന്നു. അവസാനം ഛർദ്ദിച്ച ചോര!

ചുഴലിക്കാററായി മുറിയിലേയ്ക്കു പാഞ്ഞുവന്ന പത്മൻ കടപുഴങ്ങി വീഴുന്ന വൃക്ഷംപോലെ ആ മാറിൽ തലതല്ലി വീണു.

'അമ്മേ, ഒന്നു കണ്ണുതുറന്നേ അമ്മേ ഒന്നു മോനെ നോക്കമ്മേ ...പത്മാ എന്നു വിളിക്കമ്മേ ... അമ്മ ഇനി മോനെ നോക്കില്ലേ. പത്മാ എന്നു വിളിക്കില്ലേ ...'

രോദനം നീണ്ടുപോകാൻ അച്ഛൻ സമ്മതിച്ചില്ല. അവനെ അമ്മയുടെ ശവശരീരത്തിൽനിന്നും പറിച്ചെടുത്തു ഗോപാലൻനായർ. അച്ഛൻെറ നെഞ്ചത്ത് മകൻെറ ചുടു കണ്ണീർ ഒഴുകി.

അവൻ അച്ഛൻെറ പിടി വിടുവിച്ച് കോലായിൽ ചെന്നിരുന്നു. ചേതന നുറായി പിളരുന്ന അനുഭവം. ഒഴു കുന്ന കണ്ണീരിനു് തീതൈലത്തിൻെറ ചൂട്. അവനു വയ്യാതായി.

വീട്ടിലെ ദീപം അണഞ്ഞു. പടുതിരി കത്തിക്കൊ ണ്ടിരുന്നതാണ്. അതിപ്പോഴും പൊലിഞ്ഞു.

വീടിൻെറ പരിസരത്തുനിന്നുതന്നെ അവന് ഓടി പ്പോകണമെന്ന് ആഗ്രഹം. ആരും കാണാതെ കുറെ കര യണം. അമ്മയെ ഓർത്ത് എത്ര വിലപിയ്ക്കാൻ കിടക്കുന്നു.

എണ്ണിയാൽ ഒടുങ്ങാത്തത്ര കാര്യങ്ങളുണ്ട് ഓക്കാൻ.

പടിഞ്ഞാപ്പുറത്തുകൂടെ വെട്ടവഴിയിലേയ്ക്കിറങ്ങി. ഒരിടത്തും നോക്കിയില്ല നെട്ടകെ ഓടി. മൊട്ടക്കുന്നിൻെറ അടിവാരം —അഭയസ്ഥാനം. ശാന്തി പൊരുന്നു കിടക്കുന്ന ഇടം.

കൈത്തോട്ടിലെ വെള്ളം കീശയിലാക്കി കാററ് ആ വഴി കടന്നു വന്നു. പത്മൻെറ കിടപ്പുകണ്ടിട്ടാവണം ഒന്നു വലംവെച്ചു. ശീതള കരത്താൽ തലോടി.

പത്മന് ശാന്തി കിട്ടാൻ പോകുന്നോ! അവൻെറ അമ്മ അവന് നഷ്ടപ്പെട്ടിരിയ്ക്കുന്നു. കുറിഞ്ഞിപ്പൂച്ചയുടെ ശബ്ദത്തിൽ അമ്മ സംസാരിയ്ക്കുന്നതു അവനിനി കേൾക്കാൻ കഴിയില്ല. വാത്സല്യമൂറുന്ന അമ്മയുടെ ഓരോരോ ചെയ്തികൾ എണ്ണിപ്പെറുക്കി അവൻ വേദനിയ്ക്കും. ആ വേദനനിറഞ്ഞ സ്മരണ എക്കാലവും ഉണ്ടാവും.

ഒരിക്കൽ കളിയ്ക്കിടയിൽ മലന്നടിച്ചുവീണു. അന്ന് അമ്മയുണ്ടാക്കിയ പൊല്ലാപ്പ്. അയൽക്കാർ ഓടിക്കൂടി. അവനെ പിടിച്ചെഴുന്നേല്പിച്ച് പൊക്കി അങ്ങോട്ടുമിങ്ങോട്ടും ആട്ടി. ദേഹമൊന്നുലയാനായിരുന്നു. അങ്ങനെ ചെയ്താൽ ശ്വാസം നേരെ വീഴും. അപ്പോഴൊക്കെ അമ്മ ഉറക്കെ കരഞ്ഞുകൊണ്ടിരുന്നു. ഒരാഴ്ച കുഴമ്പിലഭിഷിക്തനാക്കാൻ അമ്മയ്ക്കു കലശലായ ജാഗ്രതയായിരുന്നു. അന്നും അമ്മയ്ക്കു വയ്യായിരുന്നു.

അമ്മയുടെ സ്നേഹം. അതിൻെറ ചെറിയൊരു മാതൃക..

മറെറാരിക്കൽ കൊപ്പയിൽ നിന്നായിരുന്നു വീഴ്ച. കാലുളുക്കി. അതമ്മ ആദ്യം അറിഞ്ഞില്ല. ഞൊണ്ടുന്നതു കണ്ടപ്പോൾ ചോദ്യങ്ങളുടെ ശരവർഷം. അറിഞ്ഞുവശായപ്പോൾ അമ്മയ്ക്കും കാലിൽ നോവേററതു പോലിരുന്നു. ഉഴിച്ചിൽക്കാരൻെറ കൈവേഗത അമ്മയുടെ കുഴമ്പുപുരട്ടി

തടവലിന്ന്.

അമ്മയുടെ സ്നേഹം.... അതിന്റെ ചെറിയൊരു മാതൃക....

പത്മൻ എഴുന്നേററു.

പടിഞ്ഞാററൻ ആകാശം പകലിന്റെ പട്ടട തീർത്തിരുന്നു.

പാണ്ടി ചെറിയ യജമാനനെ അന്വേഷിച്ചെത്തി. കഴുത്തു പൊക്കി താട ആട്ടി നിന്നു. എന്നും പത്മൻ താട ചൊറിഞ്ഞു കൊടുക്കാറുള്ള സമയം. അവന്റെ കൈസ്പർശം ഏല്ക്കാൻ കൊതിയോടുകൂടി കാത്തുനില്പ്പ്.

കണ്ണീരാൽ കുറുകുറുത്ത തൊണ്ടയിൽ നിന്നും അസ്പഷ്ട വാക്കുകളുടെ ചിതറി വീഴ്ച.

'പാണ്ടി ....നീ അറിഞ്ഞോ .. ഇന്നുച്ചതിരിഞ്ഞ് അമ്മ ഈ ലോകവാസം വെടിഞ്ഞു പാണ്ടി നീ അതറിഞ്ഞോ....'

പാണ്ടി അതു കേട്ടു കാണും. അല്ലെങ്കിൽ നിശ്ചലത്വം പാണ്ടിയെ പ്രാപിയ്ക്കുമായിരുന്നില്ല. കഴുത്ത് താനെ കുനിഞ്ഞു. പാണ്ടിയുടെ കണ്ണുകളിൽ നനവ്.

പാണ്ടിയുടേയും വത്സലമാതാവായിരുന്നു മീനാക്ഷി. രണ്ടുനേരവും പിണ്ണാക്കു കലക്കി കഞ്ഞികൊടുത്തു. വൈക്കോൽ എടുത്തിട്ടുകൊടുത്തു. ഒന്നരാടൻ കുളിപ്പിച്ചു. കൊക്കിക്കൊക്കി ചുമച്ചു കിടക്കുന്ന അവസരങ്ങളിൽപ്പോലും അക്കാര്യം മറന്നിരുന്നില്ല. ഹൃദയാവർജ്ജകമായ പരിചരണം.

പാണ്ടിയുടെ കണ്ണുകൾ ഉറന്നു. വ്യസനത്തിന്റെ നീരുറവ.

പത്മൻ വീട്ടിലെത്തിയ സമയത്ത് തെക്കെപ്പുറമ്പ് സായന്തനത്തിലെ പടിഞ്ഞാററൻ ആകാശമായി പരിണാ

മരൂപം പ്രാപിച്ചു. ചുടലയായി മാറിപ്പോയ പറമ്പ്. തീജ്വാലകളുടെ പൈശാചികനൃത്തം. ദഹനം കഴിഞ്ഞു. പത്മൻെറ അമ്മ ഒരു പിടി ചാരമായി!

ദിവസങ്ങരം മന്ദകാലിൽ ഇഴഞ്ഞു. മരണമൂകത വിട്ടകലാത്ത വീട്. പശു തൊഴുത്തിൽ തന്നേയാണ്. കെട്ടിതീററ. പത്മന് ശേഷക്രിയകരം ചെയ്യണം. ശുദ്ധമായി ഇരിക്കേണ്ടതാണ്. പുറത്തിറങ്ങാൻ പാടില്ല.

പതിനാറടിയന്തിരവും കഴിഞ്ഞു.

മീനാക്ഷി സ്മരണയായി മാറുകയാണ്. അവർ ഈ വീട്ടിൽ ജീവിച്ചിരുന്നു അവക്ക ഭർത്താവുണ്ടായിരുന്നു. മകനും. അവരോടൊപ്പം ഭർത്തൃമാതാവുമായി രഞ്ജിപ്പോടെ ജീവിച്ചിരുന്നു. ഇപ്പോരം മീനാക്ഷി കുടുംബാംഗങ്ങളുടെ ഹൃദയങ്ങളിൽ ജീവിക്കുന്നു. അവർ സ്മരണ മാത്രമായി.

ജീവിതം അതെന്തൊരു പ്രതിഭാസം....!

പതിനാറുസദ്യയിൽ പങ്കുകൊള്ളാൻ പട്ടണത്തിൽ നിന്നും ഒരകന്ന ബന്ധു വന്നിരുന്നു. മദ്ധ്യവയസ്സ. സംഭാഷണമദ്ധ്യേ ഗോപാലൻ നായരോട്ട് ഒരു ചോദ്യം.

'ഗോപാലൻ നായക്ക് ജോലി ഒന്നുല്ല്യെ....?'

അതൊരു വല്ലാത്ത ചോദ്യമായി തോന്നി ഗോപാലൻ നായക്ക്. തൻെറ അഭിമാനം എടുക്കുന്ന ചോദ്യം. ആരും അങ്ങനെ ചോദിച്ചിട്ടില്ല.

ജാള്യതവരുത്തിയ ശബ്ദക്കറവോടെ ഗോപാലൻ നായർ പറഞ്ഞു.

'പറയാൻ തക്കവെണ്ണം ഒന്നൂല്യ. അങ്ങിനെ ഇങ്ങിനെ കഴിഞ്ഞുകൂടുന്നു.'

അതുപോര എന്നാ സ്ത്രീ പറഞ്ഞു. ആണായാൽ ഒരു ഉദ്യോഗം വേണം.

ശരിയാണ്. ആ അഭിപ്രായം ഗോപാലൻനായക്കും ഉള്ളതാണ്. മോഹവുമുണ്ടായിരുന്നു. പക്ഷെ ഒന്നും തരപ്പെട്ടില്ല. പള്ളിക്കൂടത്തിന്റെ പടി ചവിട്ടാത്ത ആാംക്കുണ്ടോ നല്ലൊരു ജോലി ലഭിയ്ക്കാൻ പോകുന്നു.

ഉള്ളിൽ കെടാതെ കിടന്നിരുന്ന മോഹത്തിന്റെ കനലിനെ ആ സ്ത്രീയുടെ സംസാരം ഊതിക്കത്തിച്ചു. അയാംക്ക് ഉദ്യോഗം വേണമെന്നായി. നാലാളെപോലെ നടക്കണം. മാനമായി ജീവിയ്ക്കണം.

താടി ചൊറിഞ്ഞുകൊണ്ടായിരുന്നു ഗോപാലൻ നായരുടെ ചോദ്യം.

'ഇവിടെ എന്തു കിട്ടാനാ....?'

'ഇവിടെതന്നെ കഴിയണോ തനിക്ക്. പട്ടണത്തിൽ പൊയ്ക്കൂടെ....'

പോകാം എന്നയാാം തിടുക്കത്തിൽ സമ്മതിച്ചു. അയാാം പോകാൻ ഉറച്ചിരിയ്ക്കുന്നു.

ചെറുചിരിയോടെ ആ സ്ത്രീ വീണ്ടും പറഞ്ഞു.

'പോകാമെങ്കിൽ വഴിയുണ്ടാക്കാം,'

പിടിവള്ളി കിട്ടിയ പോലിരുന്നു ഗോപാലൻ നായരുടെ ഭാവം. ആരായലിൽ കവിഞ്ഞ ഉൽസാഹം.

'വല്ല ജോലീം കണ്ടു വെച്ചിട്ടുണ്ടോ.'

'അതൊക്കെ ഉണ്ട്' സ്ത്രീ പറഞ്ഞു.

'എന്നാൽ ഞാൻ നാളെത്തന്നെ കൂടെ വരാം.'

'ശരി. പൊറപ്പെടാനുള്ളതൊക്കെ ഇന്നുതന്നെ ഒരുക്കിക്കോളൂ.'

അമ്മയെ സമ്മതിപ്പിയ്ക്കാൻ മകൻ വളരേ നേരം പാടുപെട്ടു. മകന്റെ വാശി അമ്മയ്ക്കറിയാം. ഒന്നു മനസ്സിൽ കടന്നുചെന്നു വേരുന്നിയാൽ പിഴുതെറിയാൻ പ്രയാസം.

അവനതുഃനടണം. പണ്ടേയുള്ള പ്രകൃതം. അവൻ പഴയ കുട്ടിയാവുന്നതു അമ്മൂമ്മ കണ്ടു. മനസ്സില്ലാ മനസ്സോടെ അവരതിനു വഴങ്ങി.

'ഞാനൊരു വഴിക്കായാൽ അമ്മേം മോനേം അങ്ങോട്ടു കൊണ്ടുപോകാം.'

അമ്മൂമ്മയ്ക്കു് അതിലൊന്നും വിശ്വാസമുണ്ടായിരുന്നില്ല. അവനെങ്കിലും ഈ നിർജ്ജീവപരിതഃസ്ഥിതിയിൽനിന്നും രക്ഷപ്പെട്ടോട്ടെ. അതവനെ സംബന്ധിച്ചിടത്തോളം നല്ലതാണു്.

പിറേറന്നു പുലന്നപ്പോഠ, പത്മൻ ഉണരുന്നതിനു മുമ്പെ, ഗോപാലൻനായർ ആ സ്ത്രീയോടൊത്തു പടി ഇറങ്ങി.

## നാലു്

ശൂന്യാകാശം പോലിരുന്നു മനസ്സു്. ശൂന്യത ശൂലധാതിയാണോ? നോവിക്കുന്നു.

വീട്ടിൽ വേണ്ടപ്പെട്ടവരുടെ അസാന്നിദ്ധ്യം. അമ്മൂമ്മ മാത്രമേയുള്ളു. അതുള്ളതും ഇല്ലാത്തതും ഒരുപോലെയാണു്. പത്മൻ പുറത്തു് മനസ്സമാധാനം കണ്ടു. അധികസമയവും വീടിനു പുറത്തായിരിക്കും. വീട്ടിലാണെങ്കിൽ വരയനോടൊപ്പം കളിച്ചു് നേരം പോക്കും. അതായിരുന്നു ഏകവിനോദം.

ശ്രീദേവിയുടെ വീടായിരുന്നു മററൊരാശ്രയസ്ഥാനം. എന്നും പോകും. ബംഗ്ലാവിലുള്ളവർ അവനെ ഇഷ്ടപ്പെട്ടു.

സഹതാപം കൊളുത്തിയ വാത്സല്യത്തിൻെറ നെയ്ത്തിരി.

തള്ളയില്ലാത്ത കുട്ടി....!

പ്രത്യേക സംഭവവികാസം കൂടാതെ ജീവിതം നീങ്ങുകയായിരുന്നു. മുറതെററാതുള്ള പുലരൽ. അസ്തമിക്കൽ.

ഗോപാലൻനായർ പോയിട്ട് മാസം മൂന്നു കഴിഞ്ഞു.

കാൽസംവൽത്സരം. ഒരെഴുത്തുപോലും അമ്മക്കയച്ചിട്ടില്ല. മകനെ ഓക്കാത്ത ഒരു നാളും അമ്മൂമ്മക്കുണ്ടായിട്ടില്ല. പക്ഷെ, ആ പരവേശം പുറമേ കാട്ടാറില്ല. കൊച്ചുൻ വിഷാദിച്ചാലൊ.

സംഭ്രമം ഒതുക്കിക്കൊണ്ടു കഴിച്ചു കൂട്ടി. അങ്ങിനെയിരിക്കുമ്പോഠം ഒരു ദിവസം ഗോപാലൻനായരുടെ കത്തും വന്നു.

വായിക്കാനറിയാവുന്നവർ വീട്ടിൽ ആരുമുണ്ടായിരുന്നില്ല. അഞ്ചൽക്കവറും പിടിച്ച് മിഴിച്ചിരുന്നുപോയി അമ്മൂമ്മ. രണ്ടക്ഷരം വശമാക്കാതിരുന്നതിൽ ലജ്ജയും വിഷാദവും. ഈ കൊച്ചുനെയെങ്കിലും രണ്ടു ക്ലാസ് പഠിപ്പിക്കാമായിരുന്നു. പറഞ്ഞിട്ടിനിയെന്തു കാര്യം?

മിഴിച്ചിരിക്കുന്ന അമ്മൂമ്മ. കയ്യിൽ വിറകൊള്ളുന്ന കത്ത്. അതച്ഛനയച്ചതാണ്. ആ കത്ത് വായിക്കപ്പെടണം. എഴുതിയതെന്തെന്നറിയാൻ പത്മന് ആർത്തി. അച്ഛൻെറഎഴുത്താണ്.

ഒരു ഉപായത്തിൻെറ ഉദയം. ശ്രീദേവിയെ വിളിച്ചു കൊണ്ടുവരാം. അവഠംക്ക നന്നായി വായിക്കാനറിയാം. ശനിയാഴ്ചയാണെങ്കിൽ സ്കൂളുമില്ല.

'അമ്മൂമ്മേ, ശ്രീദേവ്യ വിളിച്ചോണ്ടുവരാം.'

അമ്മൂമ്മയുടെ വിളർത്തമുഖത്തു വല്ലാത്തൊരു തിളക്കം.

എട്ടത്ത വായാലെ അവർ പറഞ്ഞു:

'വേഗം ചെന്നു വിളിച്ചോണ്ടുവാ'

കേറക്കേണ്ട താമസം, അവനോടി. രണ്ടുഫർല്ലോങ്ങ് ദൂരമുണ്ട് ബംഗ്ലാവിലേയ്ക്ക്. വൃശ്ചികക്കാററ് അവനെ വെട്ടിച്ച മുന്നിൽക്കടക്കാനെന്നോണം അവനോടൊപ്പം ഓടിക്കൊണ്ടിരുന്നു.

കാൽ മണിക്കൂറിനകം മടങ്ങിയെത്തി. കട്ടികരം രണ്ടും അണക്കുന്നുണ്ടായിരുന്നു.

'മക്കളേ, ഇതൊന്നു വായിച്ചേ....'

ശ്രീദേവി വായന തുടങ്ങി. തപ്പും തടവും ഇല്ല. ശാന്തമായൊഴുകുന്ന തടിനിയെ ഓർമ്മിപ്പിയ്ക്കുന്ന വായനാരീതി.

പലതും അനാവൃതമാവുകയാണ്. കഴിഞ്ഞ മാസങ്ങളിൽ ഗോപാലൻ നായരുടെ ജീവിതം പല പരിവർത്തനദശകളെ പിന്നിട്ടിരിയ്ക്കുന്നു. അയാളിന്നു് ആഹ്ലാദചിത്തനാണ്. ഹോട്ടൽ മേധാവി. നടത്തിപ്പുകാരൻ. കല്പിയ്ക്കലിലും മേൽനോട്ടത്തിലും ജോലി അവസാനിയ്ക്കുന്നു. വിശ്വസ്തതയുടെ മുദ്ര മുഖത്തു്. സത്യസന്ധത അയാളുടെ ജന്മഗുണങ്ങളിൽ ഒന്നാണ്. തന്നിൽ നിക്ഷിപ്തമായ അധികാരങ്ങളെ ദുരുപയോഗപ്പെടുത്താതെ ഹോട്ടൽ നടത്തിപ്പോരുകയാണയാരം. ഹോട്ടലിൻെറ നന്മയാണ് അയാളുടെ ലക്ഷ്യം. അതിൻെറ പ്രാപ്യതയിലാണ് അയാളുടെ ഉന്നം.

രാജപാതയുടെ ഒരുവശത്തു് ജനത്തിരക്കേറിയ കവലയിലാണു് ഹോട്ടൽ. ദിനംപ്രതി നല്ല വരുമാനം. ഒഴിഞ്ഞ കസാലകരം കാണില്ല. തേനീച്ചക്കൂടിൻെറ ശബ്ദമുഖരിത പാതവക്കിൽ ഒഴുകി വീഴുന്നു.

ആ സ്ഥാപനം ആരംഭിച്ചതു് ഒരു ചന്ദ്രശേഖരൻ പിള്ളയായിരുന്നു. അയാളും സഹോദരിയും കൂടി ജോലി

ചെയ്യും. മുകാംത്തട്ട് അവരുടെ പാർപ്പിടമാക്കി. രണ്ടു മുറിയും, ഒരു തളവും. ഭക്ഷണവിഭവങ്ങാം സ്വാദിഷ്ടമായി തയ്യാറാക്കി വിളമ്പാൻ ഉത്സുകരായിരുന്നു അവർ. സ്വഗൃഹത്തിൽനിന്നും ഊണു കഴിച്ച പ്രതീതി ഹോട്ടലിൽനിന്നും ഭക്ഷിയ്ക്കുന്നവക്കുണ്ടായി. ആ അന്തരീക്ഷവും, കറികളുടെ രുചിയും ഏവക്കും പ്രിയപ്പെട്ടവയായി. ചോററുകട അഭിവൃദ്ധിയുടെ തങ്കക്കിരീടം അണിഞ്ഞു. നവീനസജ്ജീകരണങ്ങളോടുകൂടിയ വലിയൊരു ഹോട്ടലായി.

ഭാഗ്യത്തിൻെറ പരമോന്നതിയിലെത്തിയെങ്കിലും പരമാവധി സുഖം അനുഭവിക്കുന്നതിനുമുമ്പെ ചന്ദ്രശേഖരൻപിള്ള മൃതിയടഞ്ഞു. മുപ്പതിൻെറ പടി കടന്നിരുന്നില്ല ആ യുവാവ്. ദുരന്തം അനുജത്തിയെ ഉലച്ചു. ആകെയുണ്ടായിരുന്ന തണൽ. അതൊരു ബലമായിരുന്നു. അവാം വെറുമൊരു യുവതി. ഹോട്ടലിൻെറ ചുമതല ഇളംചുമലുകാംക്കു താങ്ങാനാവാത്തതാണു്.

അധികം താമസിക്കുന്നതിനുമുമ്പെ ജാനകിയ്ക്കു മറെറാരുത്തനെ കിട്ടി. സരളസ്വഭാവമുള്ളവൻ. ഹൃദയം സ്നേഹഭൂമിയായിരുന്നു. ആ ഭൂമി അവാംക്കു സുരക്ഷിതമേഖല തുറന്നുകൊടുത്തു. ജാനകി ആ നല്ല മനുഷ്യനെ സ്നേഹിച്ചു. തൻെറ സ്വന്തപ്പെട്ട ആരോ ആണെന്നു് അവാംക്കു തോന്നിത്തുടങ്ങി.

അതൊരാരംഭമായിരുന്നു. ആനന്ദ വാഴ്വിൻെറ സമാരംഭം.

കണ്ണിൽ സ്നേഹത്തിൻെറ കൈത്തിരി കത്തും. ചെമ്പനിനീർപ്പൂവധരങ്ങാം വിടരും. മാദകമന്ദഹാസം ചൊരിയും. ഗോപാലൻനായരെ കാണുമ്പോാം, ഗോപാലൻനായരെ ഓക്കുമ്പോാം.

ജാനകി കണ്ണാൽ കാണ്മവെക്കുന്ന വർണ്ണലോകം മനസ്സിലാക്കാനുള്ള കഴിവ് ഗോപാലൻ നായർക്കില്ല. ഒരാണല്ലേ അയാളും. യൌവ്വനത്തിൻെറ ആദ്യകൊഴുപ്പ് വിട്ടെന്നിരിക്കിലും വികാരമുള്ള പുരുഷനാണ്. ജാനകിയിലെ വികാരപ്രപഞ്ചം എന്തെന്നയാാംക്കറിയാം. ചെവികൊടുക്കാനുള്ള, സുഖശ്രുവണത്തിനുള്ള, ഔൽസുക്യം. അപര വികാരത്തെ മാനിക്കാനുള്ള പ്രേരണ.

ഹൃദയത്തിൻെറ മോഹം. പ്രായത്തിൻെറ ആവശ്യം. പശ്ചാത്തലത്തിൽ ജന്മവാസനയും.

ഹൃദയപ്രേരണക്ക് ആദ്യമായി വിളികേട്ടതു് വശംവദയായതു് ജാനകിയായിരുന്നു. ഉറങ്ങാത്ത രാത്രികൾ ഒരുപാടു പിന്നിട്ടു കഴിഞ്ഞു. അത്തരത്തിലൊരു രാത്രിയിലാണ് അതു സംഭവിച്ചതു്.

ദാഹാർത്തമായ മണൽക്കാട്. തൊട്ടടുത്തു് ഒഴുകുന്ന അരുവി. മണൽക്കാട് അരുവിയുടെ മടിത്തട്ടിലേക്കു നിരങ്ങിയിറങ്ങി.

അടുത്ത മുറിയിലായിരുന്നു ഗോപാലൻനായർ. അവൾ എഴുന്നേററിരുന്നു് നീട്ടി വിളിച്ചു.

'ചേട്ടാ....'

പരിഭ്രമത്തോടെയാണ് അയാൾ വന്നതു്.

'എന്താ ജാനകീ ...എന്താ നിനക്കു്....'

അവൾ വല്ലാതെ കിതക്കുന്നുണ്ടായിരുന്നു. കണ്ണുകൾ കവിളിണകളോടൊപ്പം തുടുത്തുനിന്നു. കീഴ്ച്ചുണ്ട് തീക്കട്ട മാതിരി ജ്വലിച്ചു.

ഗോപാലൻനായർ വിളറിപ്പോയി. ജാനകിയെന്തു പിണഞ്ഞു. വല്ല ദുഃസ്വപ്നവും കണ്ടു പേടിച്ചോ?

'ചേട്ടാ തനിച്ചു കിടക്കുമ്പം പേടി തോന്നുണു. പിന്നെ പനിക്കണെംണ്ട്....'

'പനിക്കുന്നോ?'

അടുത്തുചെന്ന് കൈപ്പടം നെറ്റിമേൽ വെച്ചു. പൊള്ളുന്നു.

അവരം കിടുകിടാ വിറച്ചു. സ്പർശനം കുളിരു വിതച്ചു.

രാഗലോലയായ അവളിൽ ആവേശത്തിൻെറ നിമിഷം കടന്നുചെന്നു. ആ കൈ പിടിച്ച് മാറിൽ ചേർത്തു. അവളുടേതിനോടൊപ്പം അയാളുടെ കയ്യും വിറച്ചുകൊണ്ടിരുന്നു...

കത്ത് കുറിയതായിരുന്നു. ചുരുക്കി കാര്യം പറഞ്ഞിരിയ്ക്കുയാണ്. ഗ്രഹിച്ചെങ്കിൽ ഗ്രഹിച്ചോട്ടെ എന്ന മട്ട്. കല്യാണത്തിന് അമ്മ സമ്മതിയ്ക്കുണമെന്ന അപേക്ഷയോടെ കത്ത് അവസാനിയ്ക്കുന്നു.

വിഷയം ഗൌരവപ്പെട്ടതാണ്. അമ്മൂമ്മ അത് മനസ്സിലാക്കി. മറുത്തുപറഞ്ഞിട്ടു കാര്യമില്ല. മകൻെറ വാശി അമ്മയ്ക്കറിയാം. അവൻ ഒന്നു നിനച്ചാൽ നടത്തും.

അമ്മൂമ്മ വിറയാന്ന സ്വരത്തിൽ പറഞ്ഞു:

'മക്കളേ, പോയതൊക്കെ നമുക്കാടാ. അവനൊരഭയസ്ഥാനമായി. ആശ്രയമായി. ഇനി ഇങ്ങോട്ടു വരുല്ല. അവനു വേണ്ടതെല്ലാം കിട്ടി. നേരാംനേരത്തിനു ഭക്ഷണം. പണി, സ്നേഹിക്കാൻ ഒരു പെണ്ണും. തള്ളേം മോനേം ഓക്കാൻ പോകുന്നോ അവൻ. നിരീക്കണ്ട....'

'എന്താമ്മൂമ്മേ, അച്ഛനിനി വരില്ലെന്നു പറയാൻ..'

'നിൻെറച്ഛൻ വേറെ സംബന്ധംകഴിക്കാൻ പോണടാ. നിനക്കൊരു ചിററമ്മണ്ടാവാൻ പോണു.'

'എന്നാലും അവനിതു തോന്നിയല്ലൊ. അശ്രീകരം. മീനാക്ഷി മരിച്ചിട്ട് കഷ്ടിച്ച് മൂന്നു മാസം കഴിഞ്ഞിട്ടേ ഉള്ളു. അപ്പോഴേയ്ക്കും രണ്ടാംകെട്ടിനൊരുങ്ങുണു. അവൻ എൻെറ വയററിൽ പിറന്നവനല്ല-പാപി....'

പത്മനു് മനസ്സിലായി അവൻെറ അച്ഛൻ അവനു് നഷ്ടപ്പെട്ടിരിയ്ക്കുന്നു. വിചാരഗതി ഉറച്ചപ്പോഠം കണ്ണുകഠം നിറഞ്ഞു.

'എൻെറച്ഛോ ...'

ആ കരച്ചിൽ ശ്രീദേവിയെ വേദനിപ്പിയ്ക്കാതിരിയ്ക്കുമോ? കളിച്ചങ്ങാതി കരയുന്നതു അവഠംക്കു നോക്കിനില്ക്കാനാവില്ല പലവട്ടം എടുത്തു പ്രയോഗിച്ച പഴഞ്ചൻ സൂത്രം ഒന്നുകൂടി പൊടിതട്ടിയെടുക്കാൻ ഉറച്ചു അവഠം.

'അയ്യേ .. പത്മൻ കരയ്ാണോ. ആൺകുട്ട്യോള് കരയേ്യ്യ ശ്ശെ മോശം.....'

കരച്ചിൽ നിന്നു. അവൻ ആൺകുട്ടിയാണു്. ആൺകുട്ടികഠം കരയില്ല. അവനും ഇനി കരയില്ല.

പക്ഷെ, പ്രസരിപ്പു് വീണ്ടുകിട്ടുന്ന മട്ടില്ല. ഒരിടത്തു കുനിപ്പിടിച്ചിരുന്നതേയുള്ളു. അവനെ ഉശിരു പിടിപ്പിയ്ക്കേണ്ടതു് അവളുടെ ചുമതലയല്ലെ. ആ ബാദ്ധ്യത ഏറെറടുത്തുവെണ്ണമായിരുന്നു അവളുടെ സംസാരം.

'എവിട്യാ വരയൻ. വരയനെ കൊണ്ടുവാ. എനിക്കൊന്നു കാണണം....'

ചന്തിയ്ക്കു പിടിച്ച് പൊന്തിച്ചുവിട്ടു ശ്രീദേവി. എഴുന്നേററു നില്പായപ്പോഠം ഒരു ഉന്തും വെച്ചുകൊടുത്തു.

വരയനെ ചുമലിലേററി തിരിച്ചുവന്നു. പ്രസരിപ്പ് തീരെ ഇല്ല. വീണ്ടുകിട്ടാത്ത ഉണവ്വ്.

'ഇന്നാ, കളിപ്പിച്ചോ....'

'കുട്ടി കൂട്ടണില്ലേ....'

അവരം ഔത്സുക്യത്തോടെ ചോദിച്ചു. അവൻ നിഷേധാത്ഥത്തിൽ തലയാട്ടി.

'എന്നാ എനിക്കും വേണ്ട'

പിണങ്ങുന്ന ഭാവത്തിൽ മുഖം വീർപ്പിച്ച് തിരിഞ്ഞ് ഒരൊററ നില്പ്.

'ഞാൻ പോവ്വാ....'

അവരം പെണ്ണല്ലെ. ആണിനെ വശീകരിയ്ക്കാനുള്ള സ്വതസിദ്ധമായ വാസന അവളിലുമുണ്ട്. അതവരം അറിയുന്നില്ലന്നേയുള്ളു. ഓട്ടക്കണ്ണിട്ടു അവനെ നോക്കി. പ്രീണിപ്പിയ്ക്കാനുള്ള അനുനയ വാക്കുകളുമായി അടുത്തുകൂടുമെന്ന് അവളിലെ ബാലമനസ്സ് അറിഞ്ഞിരുന്നോ?

ശ്രീദേവി രണ്ടടി മുന്നോട്ടുവെച്ചു. വേണ്ടാത്ത ഭാവം. പോകണമെന്നില്ലായിരുന്നു. എങ്കിലും അവൻ ചുണ്ടനക്കിയില്ലെങ്കിൽ പോയെന്നു വന്നേയ്ക്കും.

പത്മൻെറ മിണ്ടാട്ടമില്ലായ്മ അവസാനിച്ചു. പൊട്ടുന്നനെയാണ് പറഞ്ഞതു്.

'പെണങ്ങിപ്പോണ്ട പെണ്ണേ. ഞാനും കൂടാം....'

അവരം അവനഭിമുഖമായി നിന്നു. മനസ്സിൻെറ മയിലാട്ടം കുഞ്ഞുമുഖത്തു കാണാമായിരുന്നു.

'എന്നാ കൊറച്ചു പാലെടുത്തു കൊണ്ടുവാ....'

ആജ്ഞാശക്തി പൊന്തിനിന്ന ഉത്തരവ്. എന്നാൽ തികഞ്ഞ കല്പനയുമായിരുന്നില്ല. മററെന്തോ ഒന്നുകൂടി അന്തർധാരയായൊഴുകി.

ചിരട്ടയിൽ പാലുമായെത്തിയപ്പോരം അവരം

'സക്സ്സ്' കാണാൻ ഇരുന്നു. ഒരു കാഴ്ചക്കാരിയുടെ സർവ്വ ചേഷ്ടകളും അവൾ സ്വായത്തമാക്കിയിരുന്നു.

പല കുറികണ്ട വിനോദം. എങ്കിലും ഒരിസ്കൂൾക്കൂടി കാണാൻ മോഹം.

വരയനെ താഴത്തിറക്കിവെച്ച് പത്മൻ പറഞ്ഞു:

'കടിക്കണെങ്കി കേറിവാടാ കൊതിയാ....'

വരയൻ പാദത്തിലേയ്ക്കൊരൊററ കുതി. അനയാസമായ കയററം. തോളത്തു് നില്പുറപ്പിച്ച് പൊന്തിച്ചു കാട്ടിക്കൊടുത്ത ചിരട്ടയിൽ മോന്തയിട്ട് അവനാ പാലുമുഴുവനും വററിച്ചു.

ശ്രീദേവി കൈക്കൊട്ടി ചിരിച്ചുപോയി. ആ ചിരിയിൽ പത്മനും കൂടി.

## അമ്മ്

പാത്തിരുന്ന ആ അവസരവും വന്നു. സ്കൂൾവാർഷികനാൾ.

തലേവർഷത്തെ വാർഷികത്തിന് ഭാഗീരഥിഅമ്മയും പോയിരുന്നു. കുറുപ്പ് വിശദമായ ഒരുക്കത്തിലായിരുന്നു. ഇടയ്ക്കൊരു ചോദ്യം.

'നീ എന്താ പുറപ്പെടാത്ത്? തുടങ്ങിക്കോ. എന്നാലെ നാലിനു പുറത്തു കടക്കാൻ പററൂ.'

അവൾ ചോദ്യം കേൾക്കാത്തഭാവം നടിച്ചു. നിർബ്ബന്ധം തുടന്നപ്പോൾ അസഹ്യമായ ചുവയോടെ പറഞ്ഞു:

'ഞാൻ വരുന്നില്ല. ഒരു നശിച്ച തലവേദന.'

കുറുപ്പിനു് ഭാര്യയുടെ അസുഖവാർത്ത വേവലാതി ഉള്ള വാക്കി. സ്നേഹം നിറഞ്ഞ ഭർത്താവ്.

'വല്ലാതെ നോവുന്നോ'

പ്രിയതമൻെറ കണ്ണുകളെ നേരിടാൻ കഴിയാത്തതു കൊണ്ടാവണം ഭാര്യ ജനാലവഴി നോട്ടം തിരിച്ചു വിട്ടതു്. ഭർത്താവിനെ പൂർണ്ണമായും വഞ്ചിയ്ക്കാൻ പോവുകയാണു്. അപ്പോഠം സ്വാഭാവികമായും ഉണ്ടാവും മന:പ്രയാസം. സത്യസന്ധമായ ഭർത്തൃമുഖത്തു് എങ്ങിനെ നോക്കും. അസാദ്ധ്യം.

ഗൌരവമുള്ള സുഖക്കേടൊന്നുമില്ലെന്നു ധരിപ്പിയ്ക്കാനായി മന്ദഹസിച്ച് അവഠം പറഞ്ഞു.

'സാരമില്ലന്നേ.ഒന്നുറങ്ങിയാൽസുഖമാവാനേയുള്ളു.'

'വയ്യെങ്കിൽ വരണ്ട. രാത്രി നല്ല മഞ്ഞുണ്ടിപ്പോഠം'

മകളേയും കൂട്ടി കുറുപ്പ് ജഡ്ക്കയിൽ കേറി. വണ്ടി നീങ്ങി. വെട്ടുപാതയുടെ വളവുതിരിഞ്ഞ് കുതിരയും വണ്ടിയും അപ്രത്യക്ഷമായപ്പോഠം ഭാഗീരഥി അമ്മയിൽ നെടിയനിശ്വാസം ഉയന്നു. ഇനിയുള്ള നാലഞ്ചു മണിക്കൂർ സ്വന്തമായി ഉപയോഗിയ്ക്കുവാനുള്ളതാണു്. തനിയ്ക്കു വകാശപ്പെട്ടതു്. എല്ലാം ഭദ്രം. തന്നിഷ്ടം നടത്താനുള്ള സാഹചര്യം. മനസ്സ് വെറിപിടിച്ചു നിന്നു. ഡോക്ടർ വന്നുചേരുകയേ വേണ്ടു. അപ്പോഠം സ്വർഗ്ഗസ്ഥനിമിഷങ്ങഠം ചുററിലും പൊഴിഞ്ഞു വീഴും. ചെറുപ്പക്കാരൻ. സുഭഗൻ. തന്നേക്കാളും പത്തുവയസ്സ് ഇളപ്പം. കഴിഞ്ഞാണ്ടിൽ മെഡിക്കൽ കോളേജിൻെറ പടി ഇറങ്ങിയ ഇരുപത്തഞ്ചു കാരൻ. വികാരങ്ങഠം വിജൃംഭിച്ചു നില്ക്കുന്ന പ്രായം.

ദേഹത്തിൽ തരിപ്പുകേറുന്നു. ആയിരമായിരം അണക്കഠം അഗ്നിസ്ഫുലിംഗങ്ങളാവുകയാണോ?

ഒരു തരം ഉന്മാദം.

സന്മാർഗ്ഗചിന്ത അലോസരപ്പെടുത്തിയില്ല. പ്രാണനു തുല്യം തന്നെ സ്നേഹിക്കുന്ന ഭർത്താവിനെ വഞ്ചിക്കുകയാണെന്നു തോന്നിയില്ല. തീവ്രവികാരത്തിന്റെ കടുംവർണ്ണാഭയിൽപ്പെട്ട് കണ്ണുകൾ മഞ്ഞളിച്ചുപോയി.

സുമുഖനായ ഡോക്ടർ വന്നെത്തി.

കാത്തുകാത്തിരുന്ന രോമാഞ്ചം. വിസ്മൃതി. വിരിഞ്ഞ നെഞ്ചോടൊട്ടിച്ചേർന്ന് കണ്ണും പൂട്ടി സ്വർഗ്ഗത്തിന്റെ വാതിലുകൾ തട്ടിത്തുറക്കുന്നതറിഞ്ഞുകൊണ്ട് പാതി മയക്കത്തിലേയ്ക്കുള്ള പ്രവേശം. തെറിച്ചുനിന്ന ഞരമ്പുകൾ വീണക്കമ്പികൾ. ഒഴുകുന്ന സംഗീതം.

ഊഷരഭൂമിയിൽ സുഖദമായ നനവ് തട്ടി. നനഞ്ഞ ഭൂമി. ഒപ്പം ഭൂമി ഉറവെടുത്തു.

ആത്മാവും മനസ്സും തണുത്തു. ശരീരം വിയർത്തു.

ഭാഗീരഥിഅമ്മ കണ്ണുതുറന്നു. ചെമന്നു തിളങ്ങിനിന്നിരുന്ന ആവേശം അലിഞ്ഞില്ലായിരുന്നു. അമിതമായി ദേഹത്തു തൂങ്ങിനിന്നിരുന്ന ഘനം പൊയ്പ്പോയ പോലെ. വളരെ ലാഘവപ്പെട്ടു. മനസ്സിനു് മതിവന്ന തൃപ്തി.

മധുരപ്പതിനേഴുകാരിയുടെ ലജ്ജാമധുരിമയോടെ അവളാ ചെറുപ്പക്കാരനെ കടാക്ഷിച്ചു. തനിക്കു വേണ്ടപ്പെട്ടവനായി തീർന്ന പുരുഷൻ. പരിപൂർണ്ണ സുഖം എന്തെന്നു കാട്ടിത്തന്ന കേമൻ. ഒരിക്കലും അയാളെ മറക്കാൻ കഴിയില്ല. നൂതനാനുഭൂതിയിൽ ഉറവെടുത്ത പുതിയ രസത്തിനു് അവളെന്നും കടപ്പെട്ടു പോയി. വീണ്ടും വീണ്ടും അവൾക്കതു വേണ്ടിവരും. ആ രസോല്പത്തിക്കുവേണ്ടുന്ന സാഹചര്യം അവൾ ഇനിയും ഉണ്ടാക്കിയേക്കും.

യുവാവിന്റെ കവിളത്തു് പ്രേമാർദ്രമായ ചുംബനം

നൽകിക്കൊണ്ട് ഭാഗീരഥി അമ്മ നാടകീയമായി എഴുന്നേററു. ദേഹത്തിലെ അതിനിഗൂഢമായ വശങ്ങളിൽ പരസ്പരം മുട്ടിനോക്കിയവരാണവർ. അടുക്കാനിനി സമയം വേണ്ട. വശംവദരായവക്ക് ഒരുമിയ്ക്കാനുണ്ടോ വിഷമം.

പിറേറന്ന് നിഴലുകരം കിഴക്കോട്ടു ചാഞ്ഞപ്പോരം ഭാഗീരഥി അമ്മയുടെ മനസ്സിൽ ആഗ്രഹം പൊടിച്ചു. സ്വഖം ആവർത്തനവിധേയം. ഡോക്ടർ വന്നു. അവളിൽ ആളിക്കത്തലുണ്ടാക്കി. മോഹജ്വാല വീർത്ത കവിളിൽ വിഷയാസക്തതയുടെ വർണ്ണചിത്രങ്ങരം വരച്ചു.

നയജ്ഞതയോടെ മധുരസ്വപ്നത്തിൽ അവരം മകളോടു പറഞ്ഞു: 'മോളേ. പത്മൻെറ വീട്ടിൽചെന്നു കളിച്ചോ. ഇന്നാ ഇതും കൊണ്ടു പൊയ്ക്കോ. രണ്ടുമൂന്നെണ്ണം അവനും കൊടുക്കണം ട്ടോ....'

കൈനിറച്ച് ചോക്ക്ലററ് കിട്ടിയ സന്തോഷം ഒരുവശത്തു്. പത്മനു് കൊടുക്കാനുള്ള ആഗ്രഹം മറുവശത്തു്. ഒരു തുമ്പി കണക്ക് അവരം പറന്നു.

ആത്തി നാക്കിൽ വെള്ളം ഊറിച്ചു. എന്നിട്ടും ഒന്നെടുത്തു വായിലിട്ടില്ല. പത്മനു കൊടുത്തേ അവരം തിന്നൂ. എന്നാലെ അവരംക്കതു മധുരിയ്ക്കൂ.

'ശല്യം തല്ക്കാലം തീർന്നു കിട്ടി.'

മാദകമായി ചിരിച്ചുകൊണ്ടു ആ കരക്കടുക്കിൽ തടിച്ച ശരീരം പെടുത്തുന്നേരത്തായിരുന്നു വചനം.

'മോളിപ്പോരം കട്ടുറുമ്പായോ?'

കുസൃതിച്ചിരി അഴിച്ചുവിട്ടുകൊണ്ടുള്ള ചോദ്യശകലം. പൂർവ്വാധികം ആവേശത്തോടെ ഒരു മറുചോദ്യമെടുത്തിട്ടു. നിങ്ങരംക്കുമതു് തോന്നുന്നുണ്ടാവുമെന്ന ധ്വനി അതിലുണ്ടായിരുന്നു.

'പിന്നല്ലാതെ '

അതു ശരിയാണെന്നു് അയാൾക്കും തോന്നി. മര്യാദയുടെ പേരിൽ പറയാൻ മടിച്ചതാണു്.

കൌതുകപൂർവ്വം അയാൾ കളിയാക്കി.

'പഠിച്ച കള്ളീ ...'

അതിനവൾക്ക മറുപടിയുണ്ടായിരുന്നു. തുടങ്ങാൻ ഭാവിച്ചപ്പോഴാണു് നിസ്സഹായത്വം വെളിപ്പെട്ടതു്. ചുണ്ടുകൾ മുദ്രവെയ്ക്കപ്പെട്ടു കഴിഞ്ഞു!

ദിവസങ്ങൾ ഒന്നൊന്നായി മറിഞ്ഞു. രഹസ്യസമ്പർക്കവും ഒത്തുചേരലും മുറയ്ക്കു നടന്നു കൊണ്ടിരുന്നു. സങ്കോചം കൂടാതുള്ള അടുക്കൽ, അലിയൽ.

ഒരു സായാഹ്നത്തിൽ പതിവുപോലെ ജാരൻെറ മടിത്തട്ടിൽ പ്രേമലോലയായി കിടക്കുകയായിരുന്നു ഭാഗീരഥിഅമ്മ. വെളുത്ത വട്ടമുഖം അയാളുടെ കൈക്കുള്ളിൽ വിശ്രമം. അയാളുടെ ഒരു ചുംബനത്തോടെ കവിളിൽ രക്താഭ കലർന്നു. അതിവശ്യമായ നുണക്കുഴികൾ പൊട്ടിവിടർന്നു.

സർവ്വം മറക്കാനുള്ളതിൻെറ പശ്ചാത്തലം ഒരുക്കുന്നതിലായിരുന്നു രണ്ടാളുടേയും ബദ്ധശ്രദ്ധ. അന്നേരത്തായിരുന്നു ശ്രീദേവിയുടെ രംഗപ്രവേശം. പ്രവേശനവാതിലിനോടു് പുറംതിരിഞ്ഞാണു് അവരുടെ ഇരുത്തം. അവൾ മടിയിൽ തലചായ്ച്ചു്, അയാൾ കവിളുകളെ ഓമനിച്ചു്.

ശ്രീദേവി അന്തിച്ചുനിന്നു. എന്താണു കണ്ടതു്! അന്ധാളിപ്പു്, ആശ്ചര്യം, വ്യസനം, കോപം....

ഓടിയെത്തിയതു് മറന്നുവെച്ച പന്തെടുക്കാനായിരുന്നു. മറവിയെ ശപിച്ചു് പന്തെടുക്കാൻ വന്നതായിരുന്നു.

പക്ഷെ, കാലുകാംക്കാരൊ കൂച്ചുവിലങ്ങിട്ടപോലെ. മുന്നോട്ട നീങ്ങുന്നില്ല.

പിഞ്ചുമനസ്സിൽ ഏററ പൊള്ളൽ. കാലാന്തരത്തിൽ ഉണങ്ങാത്ത വ്രണം. ആ കല, വടു, കാലാകാലത്തോളം അവളെ നോവിയ്ക്കുകയില്ലേ?

എന്തോ കണ്ടുപേടിച്ചപോലെ ശ്രീദേവി ഉറക്കെ കരഞ്ഞുപോയി. ഏതൊന്നിൻെറ പ്രേരണയാലാവാം അത്തരമൊരു പ്രതികരണമുണ്ടായതു്. ഒന്നു തീർച്ച. ഇളം മനസ്സു് കലങ്ങിയിരിയ്ക്കുന്നു അതിനുവേണ്ടുന്ന ദൃശ്യമാണു് മുന്നിൽ. അവളുടെ പ്രിയപ്പെട്ട അമ്മ മറെറാരുത്തൻെറ മടിയിൽ അർദ്ധനഗ്നയായി ശയിയ്ക്കുന്നു!

ആ നേരിയ രോദനം ബോംബ് പൊട്ടിത്തെറിച്ച വിധം പ്രതിധ്വനിച്ചു. സ്വൈരവിഹാരത്തിനു ഭംഗം. പേടിച്ച മിഴിയോടെ പിടഞ്ഞെഴുന്നേല്ക്കൽ.

കുഞ്ഞുമോരം വാതില്ക്കൽ....! .

കാഴ്ച കണ്ടു നില്പാണു് ശ്രീദേവി!

നാഢിത്തളർച്ച്. ക്ഷീണം. ബോധം കെടുന്നോ. കട്ടിലിൻെറ തലയ്ക്കൽ അറിയാതെ പിടി അമന്നു.

ആരും ഒന്നും മിണ്ടിയില്ല.

ഡോക്ടർ ആ ചെറിയ കുട്ടിയെ നേരിടാനാവാത്തതുകൊണ്ടാവണം പുറത്തു കടന്നു. മനസ്സാക്ഷി ബോധമണ്ഡലത്തെ വേട്ടയാടിപ്പിടിച്ചു കഴിഞ്ഞു. അയാരം തെററുചെയ്യുവനാണു്.

മകളെ മാറോടണച്ചു പിടിച്ചു ഭാഗീരഥിഅമ്മ. ചുടുകണ്ണീർ കുട്ടിയുടെ നെറുകയിൽ അഭിഷേകം നടത്തി.

വിക്കിവിക്കിയ സംസാരം. യാചനാസ്വരം.

'മോളേ, കണ്ടതു് ആരോടും പറയാതെ....അച്ഛനൊരിക്കലും അറിയാനിടവരരുതു്. അറിഞ്ഞാൽ മോളുടെ

അമ്മ മരിച്ചുപോകും. മോളേ, അമ്മേടെ ഈ ഒരു തെററ് പൊറുക്ക് മോളേ .. അമ്മക്ക് മാപ്പ്താ....'

പെറാമ്മയുടെ കരച്ചിൽ താങ്ങാനാവില്ല. അവളും കൂടെ കരഞ്ഞു. അമ്മയുടെ മാലിന്യം കഴുകിക്കളയാനെന്നപോലെ ശ്രീദേവിയുടെ കണ്ണീർ ഭാഗീരഥിഅമ്മയുടെ മാറിലൂടെ ഒഴുകി.

സംസാരിക്കാനുള്ള പ്രചോദനം ലഭിച്ച വഴിക്ക് അവരം ആശ്വാസവാക്കായിരുന്നു ചൊരിഞ്ഞതു്. ദുഃഖം ചൊവയ്ക്കുന്ന സ്വരം.

'പറയില്ലമ്മേ. ഞാനാരോടും പറയില്ല്യ....'

കണ്ണീരോടെ മന്ദഹസിച്ച് ആ അമ്മ മകൾക്കൊരു മുത്തം കൊടുത്തു.

# ആറ്

അന്തിയാവുന്നതേയുള്ളു. ആകാശത്തിൽ ശരൽക്കാലമേഘങ്ങളോടൊപ്പം പക്ഷികൾ കൂടണയാൻ പറന്നു പൊയ്ക്കൊണ്ടിരുന്നു.

പത്മൻ വരയന്ന് പാലുംവെള്ളം കൊടുക്കുന്ന സമയം. അഖിലശ്രദ്ധയും പ്രസ്തുത കർമ്മത്തിലായിരുന്നു. ഇല്ലിപ്പടി തുറക്കുന്ന ശബ്ദം കേട്ടില്ല. ശ്രദ്ധിച്ചെങ്കിലല്ലേ കേൾക്കൂ.

'ടാ മോനേ....'

ആരാത്? അവൻ അത്ഭുതത്തോടെ തിരിഞ്ഞു നോക്കി.

സന്ധ്യയുടെ ഇളംതുടുപ്പിൽ മുററത്തെ തുളസിത്തറയ്ക്കു

സമീപം ആരോ രണ്ടുപേർ നില്ക്കുന്നു.

അവൻ എഴുന്നേററ് ഇറയത്തു ചെന്നു. കണ്ണിൽ ജ ലസ്പർശം. ഊറിക്കൂടുന്ന കണ്ണീർ.

ഒതുക്കുകല്ലുകൾ ഇറങ്ങി ഓടിച്ചെന്നു.

'അച്ഛാ....'

പത്മനെ എടുത്തു പൊക്കി നെററിയിൽ ആ പിതാവ് സ്നേഹമുദ്ര ചാർത്തി.

'ഇതാരാ നിക്കണെന്നു നോക്കു് മോനെ, നിൻെറ ചിററമ്മ്യാണു്.'

വെളുക്കെ ചിരിക്കുന്ന വെളുത്ത മുഖം. അതിലെ ഉരുണ്ട കുങ്കുമക്കവിളുകൾ. ശോണാധരങ്ങൾ. ആകർഷ കമായ രൂപം.

മനസ്സിന്നകത്തുണ്ടായിരുന്നതിനോട് തട്ടിച്ചു നോക്കാൻ പ്രയാസം. രണ്ടാനമ്മ പിശാചുപോലിരിക്കും. പ്രകൃതം രാക്ഷസീയമായിരിക്കും. ഇപ്പോൾ, കണ്ടപ്പോൾ.... ഇതാണോ ചിററമ്മ....!

പെട്ടെന്നു് മനസ്സിൽ അമ്മയുടെ പ്രതിരൂപത്തിൻെറ നിഴൽ വീണു. വിളറിവെളുത്ത കൊച്ചുമുഖം. അതിൽ കരുണാർദ്രമായ കുഴിഞ്ഞ കണ്ണുകൾ. നീല ഞരമ്പുകൾ ഓടുന്ന ഒട്ടിയ കവിളുകൾ. വരണ്ട ചെറിയ ചുണ്ടുകൾ.

അമ്മ ... സ്വന്തം അമ്മ....

മിഴിച്ചുനില്ക്കുകയായിരുന്നു. കൈ ചിററമ്മയുടെ പിടിയിൽ അമർന്നു.

'മോനു് ചെറ്യേമ്മ കൊണ്ടുവന്നതാ....'

നേരിയ ശബ്ദപ്പൊലിമയിൽ ഒഴുകുന്ന സ്നേഹം. അമ്മയുടെ സ്വരത്തോടു് ഒരേകദേശ സാദൃശ്യമുണ്ടു്. ആദ്യദർശനവേളയിൽത്തന്നെ ഇളയമ്മയെ പിടിച്ചു.

ജാനകി വെറും കയ്യോടെ അല്ലായിരുന്നു വന്നതു്. പത്മനുവേണ്ടി പലതും കരുതിയിരുന്നു. സില്ക്കു ഷർട്ടു്, ട്രൌസർ, ഈരണ്ടു ജോഡി. ഭർത്താവിൻെറ അമ്മക്കു് കമ്പിളിപ്പുതപ്പു്, ഒരു കണ്ണിപ്പുകയില, രണ്ടു കെട്ടു് വെററില, അഞ്ചാറടക്ക. ചെന്നുകേറിയയുടനെ പത്മനു കൊടുക്കാൻവേണ്ടി ഒരു പാക്കററ് ബ്രിട്ടാനിയാ ബിസ്കററും പാരിസ്വീററ്സും കയ്യിൽതന്നെ വെച്ചിരുന്നു. മററുള്ളവ സ്യൂട്ട്കേസിൽ ഒളിഞ്ഞിരുന്നു.

കയ്യിൽവെച്ചു പിടിപ്പിച്ച പലഹാരപ്പൊതി നെഞ്ചത്തടിക്കിപ്പിടിച്ചു്നിന്നിരുന്ന കൊച്ചനെ ജാനകി ശരീരത്തോടു ചേർത്തണച്ചു. പാറിക്കിടന്നിരുന്ന മുടി ഒതുക്കിക്കൊടുത്തിട്ടു് കുനിഞ്ഞു് നെററിയിൽ ഒരു ഉമ്മ കൊടുത്തു. പഞ്ചാര ഉമ്മ!

അമ്മൂമ്മയ്ക്കും പിടിച്ചു പുതിയ മരുമകളെ. അവളു് സ്നേഹമുള്ളോളാ കോവാലാ എന്നു് തള്ള രഹസ്യമായി പ്രശംസിച്ചു. ഗോപാലൻനായക്കു് ഇതിൽപ്പരം സന്തോഷമുണ്ടാവാൻ വഴിയില്ല. ജാനകി ബന്ധുജനങ്ങളെ, തനിക്കുവേണ്ടപ്പെട്ടവരെ, സ്നേഹത്തിൻെറ മാന്ത്രിക ദണ്ഡു് പ്രയോഗിച്ചു് മയക്കിയിരിക്കുന്നു. സ്നേഹിക്കാൻ മാത്രം അറിയാവുന്ന പെണ്ണു്. അവളെ ഭാര്യയായി ലഭിച്ച താൻ ഭാഗ്യവാൻ.

മരുമകളെ തൃപ്തിപ്പെട്ട സ്ഥിതിക്കു് ക്ഷണനം മുന്നിൽ വെയ്ക്കാം. അതിനുള്ള സമയമെത്തിയിരിക്കുന്നു.

'അമ്മ ഞങ്ങടെ കൂടെ പോരൂ. മലന്തുകിടക്കണെ ഇല കമഴ്ത്തിയിടുകപോലും വേണ്ട. എല്ലാററിനും അവടെ വേലക്കാരുണ്ടു്. പിന്നെ അമ്മക്കു് വയസ്സായില്ലെ. ശേഷിച്ച കാലം സ്വസ്ഥമായൊരിടത്തിരുന്നു് നാമജപവുമായി കഴിയാം.

കൌതുകപൂർവ്വമായിരുന്നു നരച്ച കണ്ണുകൾ ഉയന്നതു്. മുഖത്തെ ഗാംഭീര്യത്തിനു മാററമുണ്ടായില്ല. മറെറാരു ഭാവം ഉയന്നതുമില്ല.

'നീ നെന്റെ കടമ നിറവേററാനൊരുമ്പിടുന്നു. നല്ലതു്. അങ്ങിനന്ന്യാ തള്ളയോട് മകൻ പെരുമാറേണ്ടതും. ഒക്കെ ശരിതന്നേ. പക്ഷേല് നിന്റെ ക്ഷണം സ്വീകരിക്കാൻ വയ്യാ. ഇപ്പരിസരം വിട്ടു് ഞാനെങ്ങുമില്ല.'

ഗോപാലൻനായരുടെ ചൊടി ചൊടിച്ചു. അയാൾ ആരാഞ്ഞു.

'എന്താഅമ്മേ....'

'അതോ.. ജലാശയത്തിൽ കെടക്കണെ മീനെ കരക്കെടുത്തിട്ടാ അതു് പിടഞ്ഞ് ചാവ്വല്ലടാ മോനേ .. അതുപോലാ ഈ ഗ്രാമം വിട്ടാ നിന്റെ അമ്മേം ചാവ്വാ ...'

'അമ്മ സുഖമായി ജീവിച്ചു കാണാനാ എന്റെ ആഗ്രഹം. ഇഷ്ടമില്ലെങ്കിൽ ഞാൻ നിർബന്ധിക്ക്ണില്യ. വേണ്ടതെല്ലാം അപ്പപ്പോ എഴുതി അറിയിക്കണം. അതിനമാന്തം വരുത്തരുതമ്മേ....'

ആ സമയത്തായിരുന്നു ജാനകിയുടെ വരവ്. അമ്മൂമ്മ വിളിച്ചു. 'ഇങ്ങടുത്തുവാ മോളേ...'

ജാനകിയുടെ ചുരുണ്ട കേശഭാരം വേറിടുത്തു കൊണ്ട് അമ്മൂമ്മ പറഞ്ഞു.

'എന്റെ കുട്ടനെ നീ നല്ലപോലെ നോക്കണം. അവൻ വല്ല്യേ പിടിവാശിക്കാരനാണു്....'

ജാനകി ഹൃദയപൂർവ്വം ചിരിച്ചു. ഒരമ്മയുടെ ഹൃദയമാണു് മലക്കെ തുറന്നു കണ്ടതു്. തന്റെ ഈ സ്നേഹമെല്ലാം കുറച്ചുകാലത്തേയ്ക്കേയുണ്ടാവുവെന്നു് അമ്മ സംശയിക്കുന്നുണ്ടാവാം.

'ഞാൻ സ്നേഹത്തോടെ പരിചരിക്കില്ലെന്നു് അമ്മക്കു് തോന്നാൻ കാരണം....'

അമ്മൂമ്മയ്ക്കു സഹിച്ചില്ല. ഇടയിൽക്കേറിപ്പറഞ്ഞു.

'അതല്ല മോളേ നീ നല്ലോണം നോക്കുന്നു് എനിക്കറിയാം. എന്നാലും ഞാനൊരമ്മയല്ലേ മോളെ. ഒരമ്മക്കു് അക്കാര്യം മകൻെറ ഭാര്യോടു് ഓർമ്മപ്പെടുത്തണ്ടിരിക്കാൻ ഒക്വോ. അതമ്മയുടെ കടമയാ മോളെ. ആ അവകാശം എടുത്തുപയോഗിച്ചതിൽ നീരസം വേണ്ട മോളെ....'

ജാനകിയ്ക്കു മനസ്സിലായി ആ വൃദ്ധഹൃദയത്തിൽ മകനായി നീക്കിവെച്ചിട്ടുള്ള സ്നേഹത്തിൻെറ അംശം എത്ര വലുതാണെന്നു്. ഈ പ്രപഞ്ചത്തോളം വലുതു്. ഹൃദയത്തിൻെറ ആ ഭാഗത്തിനു് ജരാനര ബാധിച്ചിട്ടില്ല. പഴയ കാലത്തെ അതേ അരോഗാവസ്ഥയിലുള്ള നില്പ്. അതിനുള്ളിൽ ഗോപാലൻനായർ കൊച്ചുകുഞ്ഞാണിന്നും. അതെന്നും അങ്ങിനെയായിരിക്കും.

ഒരു നൂതനാശയം അവതരണത്തിന്നായി കാത്തിരിപ്പായിരുന്നു ജാനകിയിൽ. പത്മൻ ജീവൻെറ ഘടകമായപോലിരിയ്ക്കുന്നു. വിട്ടുപിരിയാൻ വയ്യാത്ത അവസ്ഥ. അവനെ കൂടെക്കൊണ്ടുപോകണം. അതിനു് അമ്മൂമ്മയുടെ സമ്മതം വേണം. കെട്ടുകൂട്ടുകെട്ടിൽ പെട്ടു് അലഞ്ഞുതിരിയൽ ജീവിതത്തെ ഒരിടത്തും എത്തിക്കുകയില്ല. അതു് ജീവിതത്തെ പ്രതികൂലമായി ബാധിക്കാനാണിട അതിനിട കൊടുക്കരുതു്. ഒരു മാതൃഹൃദയത്തിൻെറ തണൽ അവനു വേണം. സുരക്ഷിത സാഹചര്യത്തിലെ വളർച്ച്യുടെ സോപാനം കേറാൻ പററു. ജീവിതം നയിയ്ക്കാൻ വേണ്ടുന്ന പടച്ചട്ട—വിദ്യാഭ്യാസം— ധരിപ്പിയ്ക്കണം. എല്ലാററിനും കൂടി ഒരൊററ പ്രതിവിധിയെയുള്ളൂ. പട്ടണജീവിതം.

വിശ്വാസത്തിൽ ഉറച്ച ശബ്ദത്തിൽ ജാനകി ആരംഭിച്ചു.

'അമ്മേ, ഞങ്ങഠം പത്മനെ കൊണ്ടുപോട്ടെ....'

വിഷയത്തിലേയ്ക്കു നേരിട്ടു കടന്ന പോലെ അമ്മൂമ്മയുടെ ഉത്തരവും പെട്ടെന്നായിരുന്നു.

'അവനെ കൊണ്ടുപോണ്ട. ഞാൻ വിട്ടുതരില്ല ...'

അമ്മൂമ്മയുടെ പിടിവാശി. പേരക്കിടാവിൻെറ ഭാവിയെക്കുറിച്ചു ചിന്തിയ്ക്കാത്തതെന്താണ്. കെട്ടിക്കിടക്കുന്ന വെള്ളത്തിൽ അഴുക്കു പുരളും. ആ വെറും ബാലപാഠം പോലും ഓക്കുന്നില്ല. ജാനകി വൃദ്ധയുടെ കണ്ണുതുറപ്പിക്കാനായി യാഥാർത്ഥ്യങ്ങഠം നിരത്തി. വാദമുഖങ്ങഠക്കു മുമ്പിൽ അമ്മൂമ്മ വഴങ്ങിയില്ല. കൊമ്പ് വിടാൻ കൂട്ടാക്കാതിരിക്കുക മാത്രമല്ല പിടിത്തം മുറുക്കുകകൂടി ചെയ്തു.

പത്മനെ വിട്ടകന്ന് അവരെങ്ങിനെ ജീവിയ്ക്കും? മകൻെറ തനി സ്വരൂപം. സ്വന്തം പുത്രൻ അടുത്തില്ല, എന്നാൽ പൌത്രൻ അടുത്തുണ്ടാവട്ടെ. ആ വിചാരം സ്വാത്ഥമാണോ. അങ്ങനെ ആരോപിയ്ക്കാൻ പാടുണ്ടോ.

രണ്ടു കൂട്ടരിലുമുണ്ട് ന്യായവശം. ഇരുവരും അവരവരുടെ അഭിപ്രായങ്ങളെ മാനിച്ചു. മുറുക്കിപ്പിടിച്ചു.

അവസാനം അമ്മൂമ്മ പറഞ്ഞു:

'മോളേ, നീ പറയുന്നതിലും കാര്യംണ്ട്. അതറിയാം. പക്ഷേല് എൻെറ സമ്മതം കിട്ടിയിട്ട് നിനക്കവനെ കൊണ്ടുപോകാൻ പററില്ല ...'

കുറച്ചുനേരം എന്തോ ആലോചിച്ചിട്ട് നെടുവീർപ്പിട്ടശേഷമായിരുന്നു അമ്മൂമ്മയുടെ തുടച്ച്.

'ഞാനേതായാലും കൊറച്ചുനാഠം കൂട്യേ ജീവിക്കു. അതുവരെ പത്മനെ എനിക്കു കാണാനനുവാദം താ....'

അതൊരാർത്ത നാദം പോലിരുന്നു. ചുളിഞ്ഞൊട്ടിയ കവിളുകളിൽ നിറയെ നീർച്ചാലുകരം വീണു. ജാനകിയും കരഞ്ഞുപോയി.

'അമ്മയുടെ ഇഷ്ടം പോലാവട്ടെ. ഞാനവനെ തട്ടിപ്പറിക്കാൻ പോകുന്നോ. അങ്ങനെ ഒരിക്കലുംഅമ്മ ധരിക്കരുതു്'

'ഇല്ല മോളേ....ഇല്ല....'

അങ്ങനെ ആ സംവാദം നിലച്ചു.

രാത്രി കിടക്കുന്നേരത്തു് പത്മൻെറ ചിന്ത ചിററമ്മയെ ചുററിപ്പററിയായിരുന്നു. മണിക്കൂറുകളുടെ പരിചയം പലകൊല്ലം ഒരുമിച്ചു ജീവിച്ച പ്രതീതി ജനിപ്പിച്ചു. മനസ്സിനകത്തെ ഭയം അലിഞ്ഞില്ലാതായി. ആസ്ഥാനം പ്രകാശം പിടിച്ചടക്കി. വെളിച്ചത്തിൻെറ വീണ പൂക്കരം ഒരു മുഖത്തെ ദ്യോതിപ്പിക്കുന്നു. ചിററമ്മയുടെ വദനം.

ധ്രുവൻെറ കഥ ഓക്കാൻ തോന്നി. പാവം ധ്രുവൻ. പിശാചു പിടിച്ച ഇളയമ്മയുടെ ക്രൂര പ്രവൃത്തികരം ആ പിഞ്ചോമനയെ എത്ര വേദന തീററിച്ചു. അച്ഛൻെറ മടിയിൽ ഇരുന്നതിനു് ആട്ടിയിറക്കിവിട്ടു സുരുചി. ആ മടിയിൽ അവരുടെ മകനെ ഇരുന്നു കൂടുവത്രെ. ധ്രുവന്നിരിക്കണമെങ്കിൽ തൻെറ വയററിൽ വന്നു പിറക്കണം പോലും. ധ്രുവനു് സങ്കടമുണത്തിക്കാൻ അമ്മയുണ്ടായിരുന്നു. അവൻ മാതൃസന്നിധിയിൽ ഓടിയെത്തി. മുഖം വാടിയിരുന്നു. കരഞ്ഞു വീത്ത കവിളുകളായിരുന്നു. സുനീതി പരിഭ്രമിച്ചു. വത്സലപുത്രന്നെന്തു പററി? സുനീതി കാരണം അന്വേഷിച്ചു. മറുപടി ആ സാദ്ധ്വിയെ വേദനിപ്പിച്ചുവിട്ടു. സിരകരം തോറും ലാവജലം ഒഴുകുന്ന അനുഭവം. ഒരു പ്രതിവിധി ഉപദേശിക്കാൻ തക്ക ബുദ്ധിവൈഭവം ആ മാതാവിന്നുണ്ടായിരുന്നു. കാടിൻെറ ഒത്ത

നടുക്കു് ഒററക്കാലിൽ നിന്നു കൊണ്ടു് ധ്രുവൻ എന്ന ബാലൻ ഘോരതപസ്സനുഷ്ഠിച്ചു കൊല്ലങ്ങളോ കഴിഞ്ഞു. ഋതുക്കാം പലതവണ ഭൂമിയിൽ വിരുന്നിനുവന്നു. ഇളക്കമില്ലാത്ത തപസ്സ്. ഒടുവിൽ വർഷാന്തരങ്ങളിലൂടെ ചെയ്ത മഹൽതപസ്സു കണ്ടു് സംപ്രീതനായ ഭഗവാൻ പ്രത്യക്ഷപ്പെട്ടു ധ്രുവനെ ആശീർവ്വദിച്ചു. നീ ചിരം ജീവിയായി വാഴ എന്നരുളി. ഭഗവാൻ അപ്രത്യക്ഷമാവുകയും ചെയ്തു. ആ ധ്രുവനെ ഇന്നും കാണാം. ആകാശത്തിൽ ഏററവുമധികം തിളങ്ങുന്ന വജ്റ നക്ഷത്രം. ധ്രുവൻ ആ പുതിയ രൂപത്തിൽ വിരാജിയ്ക്കുന്നു.

ആ കഥ ഓർത്തോർത്തു് ഉറങ്ങി. അമ്മ പണ്ടൊരിയ്ക്കൽ പറഞ്ഞുകൊടുത്ത കഥ.

പ്രഭാതം വിടന്നപ്പോാം പത്മൻ എഴുന്നേററ് ഉമ്മറത്തേയ്ക്കു ഓടിച്ചെന്നു. ഗോപാലൻനായർ ചൂരൽ കസാലയിൽ ഇരിപ്പുണ്ടായിരുന്നു. ജാനകി അടുത്തു നില്പുണ്ടു്.

പത്മൻ അച്ഛൻെറ മടിയിൽ കയറി ഒററ ഇരുത്തം. എന്നിട്ട് ഇമവെട്ടാതെ ചിററമ്മയെ നോക്കി. അവൻെറ ബാലമനസ്സ് ചിററമ്മയെ പരീക്ഷണവിധേയമാക്കുകയായിരുന്നോ? നോട്ടം നിമിഷങ്ങളോളം നീണ്ടു. ജാനകി അത്ഭുതപ്പെട്ടു എന്താണീ കുട്ടി പന്തിയില്ലാതെ നോക്കുന്നതു്.

'എന്താമോനേ, എളേമെ ഇങ്ങനെ തുറിച്ചു നോക്കുന്നേ'

അവനു് ചിരി പൊട്ടി. ഈ ചെറ്യേമക്കു് ഒരു ചുക്കും അറിഞ്ഞൂടാ....

'എളേമക്ക് ബുദ്ധിയില്യ..ആലോചനാ ബുദ്ധി ഇല്യ....'

'ശരിയാ....എളേമക്കു് ബുദ്ധില്യ....'

സമ്മതിച്ചുകൊടുത്തു. എന്നിട്ടും നോട്ടത്തിന് ഭേദഗതി വന്നില്ല.

'എന്താ മോനിങ്ങനെ വെട്ടുപോത്തിനെപോലെ നോക്കുന്നതെന്നു് ചോദിക്കു ...'

ഭർത്താവിനോടായിരുന്നു ജാനകിയുടെ ആവശ്യം. അപ്പോഴാണു് ഗോപാലൻനായർ അതറിയുക.

'എന്തോന്നാടാ പത്മാ നീ ഇങ്ങനെ നോക്കണേ....'

'അതോ അച്ഛാ ഞാനൊന്നു് പരീക്ഷിക്ക്യാന്ന....'

'ആരെ....'

'ചെറ്യേമ്മേ....'

'എന്തിനാടാ....'

'അതു്....അതു്....ധ്രുവൻ പണ്ടു് അച്ഛൻെറ മടിയിൽക്കേറി ഇരുന്നപ്പോ എളേമ സുരുചി അവനെ പിടിച്ച വിളിച്ചിറക്കിവിട്ടില്ലെ....'

മുഴവനാക്കാൻ ജാനകി സമ്മതിച്ചില്ല. കോരിയെടുത്തു് കണ്ണീരുകൊണ്ടു് ആ കൊച്ചുമേനി അഭിഷിക്തമാക്കി.

'നിൻെറ ചിററമ്മ സുരുചിയല്ല മോനേ....നിനക്ക് വേദനയുണ്ടാക്കാവുന്ന ഒരു വാക്കുപോലും ഒരിക്കലും ഈ അമ്മയിൽ നിന്നുമുണ്ടാവില്ല മോനേ....'

അവൻെറ ഇളംമനസ്സു് ദേഹത്തോടൊപ്പം കോരിത്തരിച്ചിരിക്കും. അവൻെറ ചിററമ്മ ക്രൂരയല്ല. ശാന്തസ്വഭാവിയാണു്. സർവ്വോപരി സ്നേഹവതിയാണു്.

അവനക്കാര്യം ബോദ്ധ്യപ്പെട്ടു.

വികാരാവേശം മാറിയതോടെ ഉടുമുണ്ടിൻെറ അററംകൊണ്ടു് മുഖം തുടച്ചു് ജാനകി പുഞ്ചിരിതൂകാൻ ശ്രമിച്ചു.

പത്മൻെറ മുടിയിൽ മൃദുവായി തലോടിക്കൊണ്ട് അവ൦ പറഞ്ഞു:

'എന്നാലും മോൻ മിടുക്കനാണല്ലോ. കേമൻ തന്നെ.'

'പിന്നല്ലാതെ അവൻ എൻെറ മോനാ....അപ്പഴ് അങ്ങനെ വരൂ....' ഗോപാലൻനായർ ആത്മാഭിമാനത്തോടെ മകനുവേണ്ടി വാദിച്ചു.

അതേ അഭിമാനത്തോടെ ജാനകിയും പറഞ്ഞു:

'എൻേറയും....'

## ഏഴ്

ഭാഗീരഥിഅമ്മ ഭത്താവിലുള്ള മാററം കാണുന്നുണ്ട്. കാരണം എന്താണാവൊ എന്ന ശങ്കകൊണ്ട് അവക്ക് വിമ്മിഷ്ടം. എന്തോ ഒരസുഖം ഭത്താവിനു്. അതേപ്പററിയുള്ള ചിന്ത പേറി ഭാഗീരഥിഅമ്മ.

സംശയത്തിൻെറ ദംശനമുണ്ടായി. രഹസ്യവേഴ്ചയുടെ ചുരുളുകൾ നിവന്നോ. ചെയ്തുവരുന്ന കൊടും പാപം കഴുത്തിൽ താലികെട്ടിയവൻ, വരണമാല്യമിട്ടവൻ, അറിഞ്ഞുവോ. ആ നല്ല മനുഷ്യനെ വഞ്ചിച്ചു. മരണംവരെ സുഖദു:ഖങ്ങൾ സമാസമം പങ്കിട്ടനുഭവിച്ചു ജീവിക്കേണ്ടവൾ. അദ്ദേഹത്തിൻെറ നേർപാതി. ദാമ്പത്യബന്ധം പാവനമായി കരുതണം. പരസ്പര ധാരണയാൽ അധിഷ്ഠിതമായിരിക്കണം. ചാരിത്ര ശുദ്ധി പാലിച്ചു പോരാൻ ഭാര്യ കടപ്പെട്ടവൾ. അന്യ ഒരുവനെ മനസാ നിനക്കാൻ തന്നെ പാടില്ല. എന്നിട്ട് ചെയ്തതോ. എത്ര

ഹീനമായ കമ്മം. ഒരു കോടതിയ്ക്കും മാപ്പുകൊടുക്കാൻ വയ്യാത്ത അതിനീചമയ തെററ്.

ഭാഗീരഥിഅമ്മയ്ക്കു അറിയാവുന്നതാണൊക്കെ. അറിഞ്ഞു കൊണ്ടുതന്നെ തെററു ചെയ്യുന്നു. പരപുരുഷ സമ്പക്കം ഭർത്തൃമതിയായവരംകൾ നിഷിദ്ധം. പക്ഷെ, ആ തെററ് വീണ്ടും ചെയ്തു പോകുന്നു. പാപകമ്മത്തിൻെറ ആവത്തനം.

ഇതുവരെ ഒരുതരം മനസ്സമാധാനമുണ്ടായിരുന്നു. ഭത്താവറിയാതെയാണ് രഹസ്യ സമാഗമങ്ങാം നടന്നത്. അറിയരുതെന്ന നിർബന്ധവുമുണ്ട്. പാവം. മനുഷ്യൻ. ശുദ്ധരിൽ ശുദ്ധൻ. അത്തരം സ്വഭാവ ഗുണമുള്ളവനു പ്രിയതമയിൽ നിന്നും വിശ്വാസരാഹിത്യം അനുഭവപ്പെട്ടാൽ ഭൂകമ്പമായിരിയ്ക്കും ഫലം. മറിച്ചും സംഭവിക്കാം. മാനഹാനി ഭയന്നു് ഭീരുവെപോലെ ആത്മഹത്യയുടെ മാർഗ്ഗത്തിൽ ചരിച്ചേയ്ക്കാം. നേരിയ സംശയം ആപത്തായെ കലാശിയ്ക്കും.

ഭത്താവിൻെറ പെരുമാററം പന്തിയില്ലായ്മയുടേതാണ്. രാത്രി വ്യത്യസ്ത കട്ടിലിലാണ് കിടപ്പ്. ഒരു കട്ടിലിലായിരുന്നു ഇത്രയും കാലത്തെ കിടപ്പ്. അങ്ങിനെയിരിയ്ക്കുന്ന ഒരു ദിവസം അവളുടെ ഇംഗിതത്തിനു വഴങ്ങും. എന്നും പ്രേരിപ്പിയ്ക്കാറുള്ളതാണ്. ഭത്താവ് വഴങ്ങാറില്ല.

കുറച്ചുകാലമായി നിർബന്ധിയ്ക്കാതായിട്ട്. അയാളില്ലെങ്കിലും വിരോധമില്ലെന്നായിരിയ്ക്കുന്നു. കള്ളക്കാമുകൻ വിരുന്നൂട്ടാൻ എന്നും വരുന്നു. കാണുമ്പോഴേയ്ക്കും വികാരത്തിൻെറ അലകളിൽ മുങ്ങിത്താഴും. സുഖദമായ വീർപ്പുമുട്ടലാണ് പിന്നെ. ചെടിപ്പ് ഇതുവരെ അനുഭവപ്പെട്ടിട്ടില്ല.

ഇപ്പോൾ ആലോചിയ്ക്കുന്തോറും പരിഭ്രമം ഉച്ചസ്ഥാന ത്തിലെത്തുന്നു. ഭർത്താവ് പാടെ മാറി. വ്യത്യാസത്തി നുള്ള കാരണം അജ്ഞാതം. അതറിയണം. സമാധാനം അതിൽ നിന്നു മാത്രമേ ലഭിയ്ക്കൂ.

ഒരു നാൾ കുത്തി കുത്തി ചോദിയ്ക്കുകതന്നെ ചെയ്തു.

രാത്രി കുറെ പിന്നിട്ടിരുന്നു. ആകാശം കാർമേഘം കൊണ്ടു നിറഞ്ഞിരുന്നു. ഒരു തുള്ളി വെളിച്ചം എങ്ങുമി ല്ല. പാരിടത്തിൽ ഭയാനകമായ ശാന്തത. ഈ പരമ ശാന്തത വരാനിരിയ്ക്കുന്ന കൊടുങ്കാററിന്റെ സൂചനയാണോ?

കരുണാകരക്കുറുപ്പ് ആലോചിച്ചു. അതു ശരിയല്ലേ ഭാര്യയ്ക്കുതറിയാനുള്ള അർഹതയില്ലേ. അധികാരപൂർവ്വമാ ണല്ലൊ ചോദ്യം. അറിയാനുള്ള അവകാശമുണ്ടുതാനും. ഭർത്താവ് ഭാര്യയിൽ നിന്നും ഒന്നും ഒളിച്ചുവെയ്ക്കാൻ പാ ടില്ല.

കുറുപ്പ് പറഞ്ഞു:

'ഞാനീയിടെയായിട്ട് അരിഭക്ഷണം നിർത്തീതു് നീ അറിഞ്ഞിട്ടില്ലെ ഭാഗീരഥി. ഗോതമ്പു കഴിക്കുന്ന തെന്താണെന്നു് നീ ചോദിച്ചിട്ടേ ഇല്ലല്ലൊ. നീ എന്തേ ചോദിയ്ക്കാഞ്ഞു.'

മുഖത്തുനിന്നും ഇറങ്ങിപ്പോയിരുന്ന ചോര തിരികെ യെത്തി. മനസ്സിലെ ഭയപ്പാട് നീങ്ങി. രഹസ്യം അ റിഞ്ഞിട്ടില്ല. വേറെ എന്തോ ആണു് കാരണം. പതു ക്കെ മന്ദഹസിച്ചുകൊണ്ട് അവർ പറഞ്ഞു:

'ഇതു് നല്ല കൂത്തു്. വാദി പ്രതിയായല്ലൊ'

കുറുപ്പിനു രസം വന്നു. ഉത്സാഹപൂർവ്വമാണു് തുടന്നതു്.

'നീ ഒന്നും ചോദിച്ചില്ല. ഞാൻ പറഞ്ഞും ഇല്ല. അപ്പൊ രണ്ടാളും കുററക്കാരല്ല. അല്ലെങ്കിൽ രണ്ടുപേരും കുററക്കാരാണു്.'

ഭർത്താവിൻെറ ശുദ്ധമനസ്സ് പിടികിട്ടി. ആ ഹൃദയത്തിൽ തന്നെപ്പററി ഒരു കരിനിഴലും വീണിട്ടില്ല. ആത്മാവിൻെറ ഉള്ളിൽ കിലുങ്ങിയ കിങ്ങിണിനാദം പുറമേയ്ക്കു വഴിഞ്ഞു. അതൊരു ഹൃദയാവർജ്ജകമായ ചിരിയായിരുന്നു.

കുറുപ്പ് വീണ്ടും പറഞ്ഞു:

'ഒന്നുരണ്ടുമാസമായി മധുരമിടാത്ത കാപ്പിയല്ലെ എനിക്കു് പ്രത്യേകം കൂട്ടിത്തരാറു്. അപ്പോഴൊന്നും നീ കാരണം തിരക്കിയില്ലല്ലൊ'

വല്ലാത്ത മന്ദഹാസത്തോടെ അവർ ഭർത്താവിൻെറ വായ് പൊത്തി.

'മതി മതി കുററം ചാരിയതു്. ഞാൻ കുററക്കാരി തന്നെ സമ്മതിച്ചു. ഇനിയെങ്കിലും കാരണം പറഞ്ഞൂടെ. ഈ നിർവ്വികാരതയുടെ തണുത്ത വികാര ശൂന്യതയുടെ കാരണം പറയിൻ.'

'അതുതന്ന്യാ പറഞ്ഞുവരുന്നതു്. എനിക്കു് ചിലതെല്ലാം നിശ്ശേഷം വർജ്ജിക്കേണ്ടിയിരിക്കുന്നു. അരിഭക്ഷണം, മധുരപലഹാരങ്ങൾ മുതലായവ തിന്നുകൂടാ. അതേ മാതിരി സ്ത്രീ സംസർഗ്ഗവും. നീ കോപിക്കുകയൊന്നും വേണ്ട. നിനക്കു് ചെറുപ്പമൊന്നുമല്ലല്ലൊ. ആ കാലമൊക്കെ പിന്നിട്ടില്ലെ....'

ഭാഗീരഥിഅമ്മയ്ക്കു മുഴുവനും കേൾക്കാൻ മനസ്സുവന്നില്ല. ചൊടിച്ചുകൊണ്ടു് ഒരു വാദമുഖമെടുത്തിട്ടു. ഈ വക വർത്തമാനങ്ങൾ അവൾക്കിഷ്ടമല്ല. ഭർത്താവിൻെറ സംസാരം കേട്ടാൽ തോന്നും ഭാര്യയെ വളരെ വർഷങ്ങളായി സംതൃപ്തിപ്പെടുത്തിവരികയാണെന്നു്. അവൾക്ക് തൃപ്തിയായിട്ടില്ല.

'എനിക്കത്ര വയസ്സൊന്നുമായിട്ടില്ല. ചോരക്കു് ഇപ്പോഴും ചൂടുണ്ടു്. നിങ്ങളുടെ ഞരമ്പുകളിൽ ഓടുന്ന തെന്താ പച്ചവെള്ളമാണോ. തണുത്ത വെള്ളം ആവൂ. അതാ ഈ നിസ്സംഗത്വം. പിന്നേയ് ഞാനൊന്നു പറയാം ഇതൊക്കെ ജീവിതത്തിൽ കൂടാതെ കഴിയില്യ. ഇട ക്കൊക്കെ ആവാം.'

ഭർത്താവു് അഭിപ്രായത്തോടു വഴങ്ങുമെന്ന വിചാരമു ണ്ടെന്നുതോന്നും സംസാരപ്രകൃതം കണ്ടാൽ

പക്ഷെ, കുറുപ്പിന്റെ മനോദൃഢത കൂടിയതേയുള്ളു. ജീവസ്പർശിയായ വിഷയമാണു്. ഭാര്യയല്ല ഭഗവാൻ വന്നു കല്പിച്ചാൽ പോലും സമ്മതിച്ചു കൊടുക്കില്ല. ഭൂമിയിലെ ജീവിതം അവസാനിപ്പിയ്ക്കാൻ കുറുപ്പേതാ യാലും തയ്യാറല്ല.

'ഭാഗീരഥി, നീ ഇത്ര ബുദ്ധികെട്ടവളാണോ. കണ്ണ ക്ഷോഭം ചെയ്തിട്ടും നിനക്കെന്റെ സുഖക്കേടെന്തെന്നറി യില്ലെ....'

നിരാശയിൽനിന്നും ഉടലെടുത്ത അരിശത്തോടെ അവർ പറഞ്ഞു:

'ഉവ്വ്'വ്വ്. പ്രമേഹം അല്ലേ....'

'ആ അതുതന്നെ....'

'അതിനു് ഇതൊക്കെ കംപ്ലീററായി നിർത്തണമെ ന്നാണോ'

'പിന്നല്ലാതെ. മൂത്രത്തിലെ ഷുഗർ മുഴുവനും പോയി നോർമലാവുന്നതുവരെ ഇതൊന്നും പാടില്ല. എല്ലാം വർജ്ജിക്കണം. കുറച്ചുകാലത്തേക്കൊക്കെ നീക്കു പോക്കുവേണം. സഹനശക്തി പെണ്ണായാൽ ഉണ്ടാവും. വികാരത്തെ സംയമനം ചെയ്യാൻ പഠിക്ക്.'

വേദന നിറഞ്ഞ സ്വരത്തിലായിരുന്നു ഭാഗീരഥി അമ്മയുടെ മറുപടി.

'എത്ര കാലം ഇങ്ങനെ കഴിയണം....'

'കൂടിയാൽ ഒന്നോ രണ്ടോ മാസം'

അവൾക്കാശ്വാസമായി. ഒന്നു രണ്ടു മാസം. എന്നാലും ആപത്തിൻെറ മേഖല കടക്കും. അതിനുമുമ്പെ വഴങ്ങിപ്പിയ്ക്കണം. നിലനില്പിനതാവശ്യമാണ്.

വിചാരം അത്രക്കായപ്പോൾ ഒരു നീററം. അടിവയററിൽനിന്നും ആളിപ്പടന്നു കേറുന്നു. ഭത്താവിനെ എങ്ങിനെയെങ്കിലും മെരുക്കിയെടുത്തു കീഴ്പ്പെടുത്താൻ കഴിയും. ഒരൊററ തവണ മതി. ഉറച്ചവിശ്വാസം ഉരുകിപ്പോയി. ഭത്താവ് ഉരുക്കിൻെറ ദൃഢതയോടെ നില്ക്കുന്നു. ഒന്നുരണ്ടുമാസം കഴിയണമത്രെ. കാലം ചെല്ലുന്തോറും തന്നിലെ രഹസ്യം വെളിച്ചത്തു വരും. മറച്ചുവെയ്ക്കാൻ കഴിയാത്ത നിലയാവും. അടയ്ക്കു ഒളിപ്പിച്ചുവെയ്ക്കാം. എന്നാൽ അടയ്ക്കാ മരമോ?

എരിയുന്ന. പുകയുന്ന നെരിപ്പോട് ഹൃദയം. ഓമ്മയിൽ കിടുകിടുപ്പ്. തൻെറ ഞരമ്പുകൾ റെയിൽപ്പാളമാണോ. ഭീതി എന്ന ശകടം പാളം വഴി ഓടുന്നോ.

കുളി തെററിയിട്ട് ഒരു മാസമായി....!

ഭാഗീരഥിഅമ്മ കട്ടിലിൽ ചെന്നു് ചുവരിനഭിമുഖമായി കിടന്നു. തൻെറ വിളറിയ വെളുത്ത മുഖം ഭത്താവ് കാണണ്ട. സംശയം ഉദിയ്ക്കാനിട കൊടുക്കരുതു്. സംശയം ചെന്തീയ്യാണ്. അഗ്നികുണ്ഡം. അതിൽപെട്ടു് തനിയ്ക്കിപ്പോൾ ചാമ്പലാവണ്ട.

ചിന്ത കൊതുകുകളെപോലെ വട്ടമിട്ടു. കടിച്ചു.

വിട്ടുകൊടുക്കാനുള്ളതല്ല ആവിർഭവിച്ചിട്ടുള്ളതു്. ജീവഹാനി സംഭവിയ്ക്കാൻ പോന്നതാണതു്. അടിവയ

റ്റിൽ ഊറിയ ബീജം പാപത്തിൻെറ സന്തതി. അത വിടെ കിടന്നു വളരും. അതിനു് മൂക്കും വായും കാലും കയ്യും ഉണ്ടാകും. ക്രമേണ രൂപമുണ്ടാവും. ഡോക്ടറുടെ തനിപകപ്പാവുമോ സന്തതി. ആവണമെന്നില്ല. ബീജാവാപ സമയത്തു് ആസ്വാദനമേഖലയുടെ പുതിയ സങ്കേതങ്ങളിലായിരുന്നു താൻ. അയാളുമായി ഉരുകിച്ചേരുകയായിരുന്നു. അപ്പോഠം അതൊരു സങ്കരസൃഷ്ടിയാവാനെ വഴിയുള്ളു.

ഒരസംസ്കൃതാശ്വാസം വീണ്ടുകിട്ടി. എങ്ങിനെയെങ്കിലും ഒരു വട്ടം ഭത്താവിനെ വഴിപ്പെടുത്തിയാൽ എല്ലാ വിഷമങ്ങളും പരിഹാരമാവും. ലോകരുടെ ദൃഷ്ടിയിൽ ഭത്താവിൻെറ കണ്ണിൽ താൻ തെററുകാരിയാവില്ല.

ഒരു തീരുമാനം ഉരുത്തിരിഞ്ഞു വന്നു.

ഭത്താവിനെ വെട്ടിൽ വീഴ്ത്തണം. നിരന്തരമായി ശ്രമിച്ചാൽ നടക്കാവുന്നതേയുള്ളു. ശല്യം തുടന്നാൽ ഒരു ദിവസം വശംവദനാകാമെന്നു വെയ്ക്കും. വിചാരിയ്ക്കുന്നത്ര കരളുറപ്പൊന്നും അദ്ദേഹത്തിനില്ല.

ആശ്വാസം കൊതുകുവലപോലെ മനസ്സിനെ മൂടി. ചിന്താകൊതുക്കഠം ചുററുവട്ടത്തു നിന്നും അകന്നു.

കുറുപ്പിൻെറ കൂക്കം വലി ഉച്ചസ്ഥാനത്തെത്തിയിരിയ്ക്കുന്നു. കണ്ണുകഠാരം അവഠം ഉള്ളിൽ വെറുപ്പോടെ പറഞ്ഞു. ഭാഗ്യം ചെയ്തവർ ഉറങ്ങുന്നു.

നിദ്രയുടെ പരിചിതമുഖം അകലത്തുപോലും കാണുന്നില്ല. വരാനുള്ള ലക്ഷണവുമില്ല. രാത്രിയെ ശപിച്ചുകൊണ്ടു് തിരിഞ്ഞും മറിഞ്ഞും കിടന്നു.

ആ രാത്രി ഒരു പോള കണ്ണടയ്ക്കാതെ അവസാനിച്ചു. നേരം പരപരാ വെളുത്തു.

# എട്ട്

അമ്മൂമ്മയ്ക്കു പറയത്തക്ക സുഖക്കേടൊന്നും ഉണ്ടായിരുന്നില്ല. എന്നത്തേയും പോലെ അന്നും അതിരാവിലെ എഴുന്നേററു. ഓലക്കടി കത്തിച്ച് വെള്ളം ചൂടാക്കി. കുളിച്ച് ഭസ്മം പൂശി നാലഞ്ച് നാമം ജപിച്ചു. അടുക്കളയിൽചെന്ന് അടുപ്പ് ചാണകം കൊണ്ട് മെഴുകി. പാത്രം കഴുകി കാപ്പിയ്ക്കുള്ള വെള്ളം വെച്ചു.

കിണററിൻ വക്കത്തേയ്ക്കു നടക്കുമ്പോഴാണ് തലതിരിയുന്നതായി തോന്നിയത്. തലചുററൽ അഞ്ചാറു നിമിഷം നിന്നു. അമ്മൂമ്മ തളം വഴി മടങ്ങി. ഒരസ്വാസ്ഥ്യം. ദേഹമാകെ പെരുത്തു കേറുന്നു. ക്ഷീണം തോന്നുന്നു.

വടക്കെ മുറിയിൽച്ചെന്ന് പായിൽ മലന്നു. രണ്ടു കവിൾ ചോര ഛർദ്ദിച്ചു. പിന്നീട് പായിൽ നിന്നും എഴുന്നേററില്ല.

എല്ലാം പെട്ടെന്ന് കഴിഞ്ഞു. സംഭവമറിഞ്ഞ് നാട്ടുകാർ കൂടി. ഗോപാലൻ നായർക്കാളുപോയി.

അന്നും പത്മനെ സാന്ത്വനപ്പെടുത്താൻ കാർത്ത്യായനിച്ചേച്ചിയുണ്ടായിരുന്നു. അവൾ അവനെ വിട്ടകന്നില്ല. അവനെ അച്ഛൻെറ കൈകളിലേല്പിച്ചാലെ ആശ്വാസമാവുകയുള്ളു.

നല്ലവളായ കാർത്ത്യായനിച്ചേച്ചി....

സുഭദ്രമ്മയും, കുഞ്ഞിപ്പെണ്ണു വാല്യസ്യാരും അമ്മൂമ്മയെക്കുറിച്ച് വാതോരാതെ സംസാരിച്ചുകൊണ്ടിരുന്നു. സുഭദ്രമ്മയാണ് ആരംഭമിട്ടത്.

'അവര് ഭാഗ്യം ചെയ്യോരാ കുഞ്ഞിപ്പൊതുവാള സ്യാരെ. ഒരു ദിവസമെങ്കിലും പായിൽ കിടന്നോ. മരണം എത്ര പെട്ടന്നാണുണ്ടായത്. ഓത്തു നോക്കൂ.

'അല്ലേലും അമ്മൂമ്മയുടെ ഹൃദയത്തിലൊന്നുമുണ്ടായിരുന്നില്ല. ശുദ്ധമായിരുന്നു ഹൃദയം. അതാ നരകിച്ചു കിടക്കാതെ പോയത്. ശുദ്ധമനസ്സുള്ളവര് മരിക്ക്യാം പെട്ടെന്നായിരിക്കും.'

കുഞ്ഞിപ്പൊതുവാളസ്യാക്കാ അഭിപ്രായം എതിക്കണമെന്നു തോന്നി. അതൊരു വാശിപോലെ പടന്നു കേറി.

'അതെതെ, സുഭദ്രമ്മ പറയണതു് കേട്ടാൽ തോന്നും സുഖമരണാന്നു്. അവക്ക് മേൽഗതി കിട്ടാൻ പോകുന്നോ. വെള്ളം കിട്ടാതെയല്ലെ ചത്തതു്. പാവം പൊരിഞ്ഞു ചത്തു. ഒരു മോനുണ്ടെങ്കിലും അവൻെറ കയ്യിൽനിന്നും ഒരിറുവെള്ളം വാങ്ങിക്കുടിച്ചു ചാവാൻ ഭാഗ്യണ്ടായില്യ. പാവം അമ്മൂമ്മ. അവക്കിങ്ങനൊരു യോഗമായിപ്പോയല്ലൊ. കഷ്ടായിപ്പോയിട്ടോ....'

സുഭദ്രമ്മ അത്രയ്ക്കോത്തിരുന്നില്ല. പൊതുവാളസ്യാർ പറഞ്ഞതു ശരി. അതു് കഷ്ടമായിപ്പോയി എന്നവരും സമ്മതിച്ചു.

ഒമ്പതു മണിയോടുകൂടി ഗോപാലൻനായരെത്തി. തനിച്ചായിരുന്നു. ജാനകിയ്ക്കു വരണമെന്നുണ്ടായിരുന്നു. അവളുടെ ജീവനാണു് അമ്മൂമ്മ. ഒരൊററ നാരം മാത്രമേ കൂടെയിരുന്നുള്ളു. എന്നാലും ദിനവും ഭത്താവിൻെറ അമ്മയെക്കുറിച്ചു് ഒരു നല്ല വാക്കുപറയാൻ അവരാംക്കുണ്ടാവും.

ക്ലബ്ബ് പൂട്ടിയിടാൻ പററുമോ? ഭത്താവിൻെറ നിർബ്ബന്ധത്തിനു് ആ നല്ല സ്ത്രീ വഴങ്ങി.

ദഹനം കഴിഞ്ഞപ്പോൾ നാലുമണിയായി.

ഗോപാലൻനായർ പതിനാറു് ദിവസം വീട്ടിൽ താമസിച്ചു. പുലകുളിയും പിണ്ഡംവെപ്പും യഥാവിധി നടത്തി. പതിനാറടിയന്തിരവും കേമമാക്കി.

വന്നനാൾ തൊട്ടു് നായർ വെറുതെ ഇരിക്കുകയായിരുന്നില്ല ഒന്നു രണ്ടു വസ്തു ബ്രോക്കർമാർ വന്നും പോയും ഇരുന്നു. ഒരു നാൾ കച്ചവടം ഉറച്ചു. പിറേറന്നുതന്നെ പുരയിടത്തിൻേറയും വസ്തുവിൻേറയും രജിസ്റ്റരും നടന്നു.

അന്നുതന്നെ മറെറാരു കച്ചവടം കൂടി ഉണ്ടായി. പത്മനു് വ്യസനമുണ്ടാക്കിയ ഒന്നു്. അവൻ വാ മൂറിയാതെ കരഞ്ഞു പാണ്ടി, അവൻെറ പ്രിയപ്പെട്ട പാണ്ടി മറെറാരുവൻേറതായി! അവൻ നോക്കിനില്ക്കവേ പാണ്ടിയെ വലിച്ചു് പുതിയ ഉടമ പടി കടത്തി കൊണ്ടു പോയി!

കഴുത്തിൽ കെട്ടിയ കയർ പിടിച്ചു് വാങ്ങിച്ചവൻെറ കയ്യിൽ ഏല്പിച്ചുകൊടുക്കുന്നേരം ഗോപാലൻനായരുടേയും കണ്ണുകൾ നിറഞ്ഞിരുന്നു. ആ മിണ്ടാ പ്രാണി ദയനീയമായി അമറി.

'പാണ്ടീ നീ എന്നെ മറക്കോ. ഉവ്വോ പാണ്ടീ....'

പാണ്ടിയുടെ താട തടവിക്കൊണ്ടു് ഗദ്ഗദപൂർവ്വമായിരുന്നു പത്മൻെറ ആരായൽ. പാണ്ടി തല ഇട്ടാട്ടി. ഇല്ല ഒരിക്കലുമില്ല എന്നവൾ പറഞ്ഞതായിരിക്കും.

പാണ്ടി പുതിയ യജമാനൻെറ കൂടെ കരഞ്ഞു കൊണ്ടു് പടി ഇറങ്ങി. വഴിയിലെത്തി ഒരു തവണമാത്രം തിരിഞ്ഞു നോക്കി. ഞാൻ പോട്ടെ പത്മാ എന്നു ചോദിക്കുന്ന പോലെ!

കണ്ണീരു തുടച്ചു് പത്മൻ അച്ഛൻെറ അടുക്കൽ നീ

ങ്ങിനിന്നു. അവനൊരനുവാദം കിട്ടാനുണ്ട്. നാളെ വെളുപ്പിനു് നാടുവിടുകയാണവർ. എല്ലാം വിററുപോകുന്നവർ. ഇനി തിരിച്ചു വരേണ്ട ആവശ്യമില്ല. അതുകൊണ്ട് അവനു് അവസാനമായി ശ്രീദേവിയെ കാണണമെന്നു തോന്നി. അവളോടു യാത്ര പറയണം.

അവൻ അച്ഛനോട്ട് ചോദിച്ചു:

'അച്ഛാ, ഞാനൊന്നു ബംഗ്ലാവിലോട്ടു പോട്ടെ. അവരോടൊക്കെ യാത്ര പറഞ്ഞിട്ടു വരാം.'

ഗോപാലൻനായർ പറഞ്ഞു:

'ശരിയാ. അതു വേണ്ടതാ. നീ അതോമ്മിപ്പിച്ചതു നന്നായി. കുറുപ്പദ്യേം എനിക്കും വേണ്ടപ്പെട്ടവനാ.'

പിതാവും പുത്രനും പടി ഇറങ്ങി. ഹൃദയങ്ങളിൽ വികാരങ്ങൾ തിരതല്ലിത്തകർക്കുകയായിരുന്നു. അവരാ നാടുവിടുകയല്ലെ. ഇത്രകാലം അവരെ സ്നേഹിച്ചവർ ലോഹ്യം കാട്ടിയവർ, എല്ലാ തരക്കാരുമായുള്ള സഹവാസം മുറിയാൻ പോകുന്നു. ജനിച്ച ഗ്രാമത്തിൽ നിന്നും അകലാൻ പോകുന്നു. അപ്പോൾ സ്വഭാവികമായും ഹൃദയാന്തരാളത്തിൽ പരശ്ശതം വികാരങ്ങൾ ഉയരും. താണ്ഡവമാടുന്ന വികാരത്തിൻെറ വലിയ അലകൾ. ഹൃദയം ക്ഷോഭിച്ചു കഴിഞ്ഞ കടൽ....!

വീട്ടിൽ കുറുപ്പുണ്ടായിരുന്നില്ല. നേരം സായാഹ്നം. ആ നേരം കുറുപ്പ് ഒരിക്കലും വീട്ടിലുണ്ടാവില്ല. വെയിൽ ചാഞ്ഞാൽ പുറത്തു കടക്കണം. അതൊരു ദിനചര്യയായി മാറിയിരിക്കുന്നു.

ഭാഗീരഥിഅമ്മ ഉമ്മറവാതിലിൽ നിൽപുണ്ടായിരുന്നു. മാരനെ കാത്തു നില്ക്കുന്ന കാമുകി. അത്തരമൊരു മധുരഭാവമാണാ മുഖത്തു്.

കുടിയ്ക്കാൻ വെമ്പുന്ന മദ്യം. തിന്നാൻ വെമ്പുന്ന കറപ്പ്. ആ നേരമെത്തിയാൽ അതു കിട്ടണം. അവിഹിത ബന്ധം അത്തരമൊരു ദശയിലെത്തിയിരിയ്ക്കുന്നു.

വീർപ്പടക്കി സ്വർഗ്ഗം ഇറങ്ങിവരുന്ന കാഴ്ച കാണാൻ നോക്കി നില്ക്കെ കണ്ടു അച്ഛനും മകനും കൂടി വരുന്നു. ഹൃദയത്തിൽ ശാപവാക്കുകൾ നിറഞ്ഞു.

'നാശങ്ങൾ.. കെട്ടിയെടുക്കാൻ കണ്ട സമയം....'

അവരടുത്തെത്തിയപ്പോൾ മുൻവരിപ്പല്ലുകാട്ടി ചിരിച്ചു. മനസ്സിലുള്ളത് ഒതുക്കാൻ അവൾ അല്ലെങ്കിലും മിടുക്കിയല്ലെ.

ഗോപാലൻനായർ മുററത്തു നിന്നതേയുള്ളു.

'കുറുപ്പദ്യേം ഇല്ലേ ...?'

അല്പം പുഞ്ചിരി പൊഴിച്ചു കൊണ്ടായിരുന്നു ഭാഗീരഥിഅമ്മയുടെ മറുപടി.

'ഇല്ലല്ലൊ. ആ പിന്നെ അച്ഛനും മോനും കൂടി പതിവില്ലാത്ത പോലെ ഇങ്ങോട്ടിറങ്ങീത്. കയറി ഇരുന്നാട്ടെ....'

ഗോപാലൻനായർ കൂടുതൽ ഭവ്യനായി.

'വേണ്ട ഭാഗീരഥിഅമ്മേ. ഞങ്ങൾ ഇരിക്കുന്നില്ല. അല്പം ധൃതിയുണ്ട്. ഞങ്ങൾ ടൌണിലോട്ടു പോവ്വാ. ഇബടുള്ളതൊക്കെ വിററു....'

'അങ്ങിനേയാണോ....'

ഗോപാലൻനായക്ക് ധൃതിയുണ്ടായിരുന്നു. എത്ര ദിവസമായി അവളുടെ മുഖമൊന്നു കണ്ടിട്ട്. ജാനകി കാത്തിരിയ്ക്കുന്നുണ്ടാവും. ഇന്നെത്തുമെന്നാണല്ലൊ എഴുതിയിരുന്നത്.

ധൃതിയുണ്ടെങ്കിലും മകൻെറ ആഗ്രഹം കൂടി സാധി

പ്പിച്ചു കൊടുക്കണം. അയാറം പിതാവല്ലെ. മകൻെറ മോഹം എന്തെന്നു് അയാറംക്കറിയാതിരിക്കുമോ.

'കുഞ്ഞുമോറം എന്ത്യേ....?'

'ആ ഇവിടെങ്ങാനും കാണും....'

'ഒന്നു വിളിക്കു ഭാഗീരഥിഅമ്മേ. ഇവൻെറ ചങ്ങാതിയല്ല്യോ. ഇനി എന്നു കാണാനാ. ഒന്നു വിളിക്കു....'

അവർ മകളെ വിളിച്ചു. ചിത്രശലഭം മാതിരി ശ്രീദേവി പൂമുഖത്തെത്തി.

'ആരാ വന്നേക്കണെ്. പത്മനല്ലെ. ഇങ്ങു കേറി വരുന്നു്....'

'സമയല്യ മോളെ. ഞങ്ങളിനി ഒരിക്കൽ വരാം. ഇപ്പോ ഞങ്ങാറ പോട്ടെ. യാത്ര ചോദിക്കാനാ വന്നു്..'

ഗോപാലൻനായർ മകൻെറ നേക്കു തിരിഞ്ഞു.

'യാത്ര ചോദിക്ക്. വൈക്യാ വണ്ടി തെററും.'

പത്മനു് ശബ്ദം പുറത്തു വരുന്നില്ല. കണ്ണനാളം ബാഷ്പപൂരിതം. മൂടിക്കിടക്കുന്നിടത്തുനിന്നു് ശബ്ദം എങ്ങിനെ പൊങ്ങും. അവസാനം ഒരു വിധം യാത്ര ചോദിച്ചു.

'ശ്രീദേവി ഞാൻ പോട്ടെ....'

ശ്രീദേവിക്കൊന്നും മനസ്സിലായില്ല. അവരെങ്ങോട്ടു പോകുന്നു. അവൻെറ അച്ഛൻ പട്ടണത്തിലാണെന്നല്ലെ പറഞ്ഞതു്. അങ്ങോട്ടേക്കായിരിക്കും. അങ്ങിനെയാണെങ്കിൽ അവനെ ഇനി കാണാൻ പററില്ല. അവളുടെ കണ്ണുകറം നിറഞ്ഞു വന്നു.

അച്ഛൻെറ കയ്യും പിടിച്ച് അവൻ പടിവരെ എത്തി. പെട്ടെന്നു് പിടിവിടുവിച്ച് അവൻ തിരിഞ്ഞു

നിന്നു. ശ്രീദേവി കണ്ണിമയ്ക്കാതെ അവനെ തന്നെ നോക്കി നില്ക്കുന്നു!

മുറിഞ്ഞ ഭാഷയിൽ അവൻ ചോദിച്ചു:

'എന്നെ മറക്ക്വോ ശ്രീദേവി....'

മറുപടി വലിയ വായാലെയുള്ള കരച്ചിലായിരുന്നു.

അവർ കണ്ണിൽനിന്നും അകന്നപ്പോാ ശ്രീദേവി അമ്മയോടു ഗദ്ഗദപൂർവ്വം ഒരു സംശയം തിരക്കി.

'പത്മൻ ഇനി വരില്ലേ അമ്മേ....'

ഭാഗീരഥിഅമ്മ ദഹിപ്പിയ്ക്കുന്നൊരു നോട്ടം വെച്ചു കൊടുത്തു. അയച്ചതു് ഉളിവെച്ച വാക്കുകളും.

'പോടി ഇവിടുന്നു്. നെന്റൊരു പത്മൻ. തെണ്ടിച്ചെക്കൻ. നിനക്കവനെ കണ്ടോണ്ടിരിക്കണെങ്കി കൂടെ പോകാമായിരുന്നല്ലടീ അസത്തേ....'

ഇത്ര പരുക്കനായി പരുഷമായി അമ്മ അവളോടു സംസാരിച്ചിട്ടില്ല. ചുടുവാക്കുകരം തീയമ്പുകളായി കുഞ്ഞുമനസ്സിൽ തറച്ചു. അവളന്നു മുഴുവനും കരഞ്ഞു,

## ഒമ്പതു്

രഹസ്യം വളരുന്നു. ഒളിച്ചു വെയ്ക്കാനാവാത്ത നിലയിലേയ്ക്കാവുന്നു. ഉദരം വീർത്തുവരികയാണു്.

ഭാഗീരഥിഅമ്മയ്ക്കു വീർപ്പുമുട്ടുന്നു. അവരെന്തു ചെയ്യും? കൂടെ കൂടെ കരയുമായിരുന്നു, ആരുടെ കണ്ണിലും പെടാതെ. ആരാരുമറിയാതെ.

ജീവിതം വഴിമുട്ടി നിന്നുപോയോ? ഒരടി മുമ്പോട്ടു വെയ്ക്കാനാവുന്നില്ല. മുന്നിൽ കണ്ണെത്താത്ത കടൽ. അതിൻെറ ഭീകര ഗർജ്ജനം. പിന്നിൽ പൊള്ളുന്ന മണൽക്കാട്. അതിൻെറ ഭീതിദമായ ശൂന്യത. അവർ എങ്ങോട്ടു പോകും.

ഭർത്താവിനോട് ഇനി പയററാത്ത അടവില്ല. എല്ലാം വിഫലം. കരഞ്ഞു. പട്ടിണി കിടന്നു. ഭർത്തൃമനസ്സ് അലിഞ്ഞില്ല. ചഞ്ചലപ്പെട്ടില്ല. കരിമ്പാറപോലെ ഉറച്ചു നില്ക്കുന്നു.

ഡോക്ടറിൽ നിന്നും ഒളിച്ചു വെച്ചു പോന്ന രഹസ്യം. പുറത്തു പറയാൻ നാണക്കേട്. ഭർത്താവിൻെറ അനുസരണക്കേട് മറെറാരാളെ അറിയിയ്ക്കാൻ പററുമോ. മാനക്കേടല്ലെ. എല്ലാം ഒളിച്ചു വെച്ചു. ഡോക്ടർ ധരിയ്ക്കും, ഭർത്തൃസുഖം കിട്ടാതെ അയാളെ ഉപയോഗിയ്ക്കുകയാണെന്ന്. അയാൾ അങ്ങിനെ ധരിയ്ക്കാമോ. അപ്പോൾ വലിയ കുട്ടകയല്ലെ ഉള്ളു.

ഭാഗീരഥിഅമ്മയ്ക്കിപ്പോൾ ആ വിചാരമില്ല. എല്ലാം സവിസ്തരം അറിയിയ്ക്കുന്നു. നാലുമാസമായി. വെച്ചു കളിപ്പിയ്ക്കേണ്ട ഘട്ടമല്ല. അതാപത്ത് വരുത്തിക്കൂട്ടുകയാവും. പിന്നീട് ദുഃഖിച്ചിട്ടു കാര്യമുണ്ടാവില്ല.

അന്ന് ഒരു തീരുമാനവുമായി കാത്തിരുന്നു ഭാഗീരഥിഅമ്മ. മനസ്സിൻെറ അഴിമുഖത്ത് ചിന്തയാകുന്ന കപ്പലിനെ നങ്കൂരമിട്ടു കഴിഞ്ഞു. ഇത്ര നാൾ നടുക്കടലിൽ കിടന്നലയുകയായിരുന്നു.

ഒരു തീർപ്പിലെത്തി. പ്രതിവിധിയുണ്ടാക്കിയ്ക്കണം. ഈ നിലയിലെത്താൻ കാരണക്കാരനായവൻ പോംവഴി ആലോചിച്ചുണ്ടാക്കട്ടെ.

സന്ധ്യയുടെ ചോരച്ചുണ്ടുകൾ ഭാഗീരഥിഅമ്മയുടെ കവിളത്തു മുട്ടിയപ്പോൾ ലിപ്സ്റ്റിക്ക് പരന്നു.

ഡോക്ടറെത്തി.

പരിഭ്രമപൂർവ്വം അവർ എഴുന്നേററു. അയാളുടെ കൈ യ്ക്കു ആവേഗതയോടെ കടന്നു പിടിച്ച് അകായിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി.

ഹൃദയം ക്രമാതീതം മിടിച്ചു കൊണ്ടിരുന്നു. ചുണ്ടു കൾ വരണ്ടു പോയി. തന്നിൽ അധീശത്വം വഹിച്ചു നില്ക്കുന്ന ദൌർബ്ബല്യത്തെ കീഴടക്കാൻ കൃത്രിമമായി ശ്വാ സം വലിച്ചു വിട്ടു.

സങ്കോചമന്യെയാണു് പറഞ്ഞതു്:

'എല്ലാം താറുമാറായി. എന്റെ ജീവിതം ഒരു നൂലിൽ കിടന്നാടുന്നു.'

പരിഭ്രമാകുലമായ നേത്രങ്ങളും വിളറി വെളുത്ത ക വിളുകളും മൂക്കിൽ പൊടിഞ്ഞു നിന്ന വിയർപ്പുതുള്ളികളും നോക്കിക്കൊണ്ട് ഡോക്ടർ അത്ഭുതപൂർവ്വം ചോദിച്ചു:

'ചേച്ചീ എന്താ കുഴപ്പം?'

ഭാഗീരഥിഅമ്മ കട്ടിലിൽ ഡോക്ടറുടെ തൊട്ടടുത്തു് ഇരുന്നു. നിർന്നിമേഷം രണ്ടു നിമിഷനേരം അയാളെ നോക്കി. അവൾക്കെന്തെല്ലാം പറയാൻ കിടക്കുന്നു. മന സ്സിൽ അട്ടി അട്ടിയായി കിടക്കുകയാണു്. അടുക്കും ചിട്ടയുമില്ലാതെ. എന്തെല്ലാം എന്തെല്ലാം ...

രണ്ടുമൂന്നു മാസമായി നിരന്തരം പൊരുതുകയായി രുന്നു. ഭർത്താവിനോടാണു്. ജയിയ്ക്കുമെന്ന ശുഭാപ്തി വിശ്വാസവുമായി ആരംഭിച്ചു. ദയനീയമായ പരാജയ വുമായി അവസാനിച്ചു. അതോടെ ഭീതി നിഴൽപ്പാടു കൾക്കൊണ്ട് ഹൃത്തടം നിറഞ്ഞു. ഭർത്താവ് വികാര ജീവിയാവാതെ പോയതാണു് തനിയ്ക്കു പിണഞ്ഞ പ

രാജയം. ഋഷിപുംഗവന്മാക്ക പോലും വിരളമായ ദൃഢ ചിത്തം. ചപലത അദ്ദേഹത്തെ തീണ്ടിയിട്ടില്ല.

നില്ക്കുന്നതു് ആപത്തിൻെറ വക്കത്തു്. കാലൊന്നിട റിയാൽ മതി താഴെകാണുന്ന അഗാധ ഗർത്തത്തിൽ വീഴും. വെളിച്ചത്തിൻെറ രശ്മികരം കടക്കാത്ത ഇരുളടഞ്ഞ പാതാളക്കഴി. കനത്ത ഇരുളിൽ ചേന്നലിഞ്ഞു് ഇല്ലാതാവും,

ഭാഗീരഥിഅമ്മ ഭാവിയുടെ ചിത്രം കണ്ടു. ബീഭ ത്സചിത്രം. ഉന്തിത്തുറിച്ച കണ്ണുകളുമായി ഉന്മാദിനിയെ പോലിരുന്ന അവരോടായി ഡോക്ടർ വീണ്ടും ചോദിച്ചു.

'കാര്യം പറ ചേച്ചി.... ഉരുട്ടി മിഴിച്ചു നോക്കിയാൽ ഞാൻ പേടിക്കാൻ പോകുന്നോ. കാര്യം പറ....'

'എനിക്കു് നാലുമാസമായി....'

ഭാഗീരഥിഅമ്മയുടെ കനത്ത സ്വരം പടഹധ്വനി പോലെ മുഴങ്ങി.

ചൂളാതെ ഡോക്ടർ പറഞ്ഞു:

'അത്രേയുള്ളു. ഇതിനാണോ ഈ വെപ്രാളമൊക്കെ..'

നിസ്സാരമെന്ന ഭാവം നിഴൽ വീശിയ സംസാരം അവളെ ചൊടിപ്പിച്ചു. പുകയുന്ന വാക്കുകളാണു് അവരം ക്കു കൊടുക്കാനുള്ളതു്.

'പിന്നെ ഞാൻ ചിരിച്ചു മറിയണോ....'

കണ്ണു രണ്ടും നിറഞ്ഞു. കോപത്തെ വ്യസനം വിഴുങ്ങി. സഹായിയ്ക്കാൻ ചുമതലപ്പെട്ടവൻ കയ്യൊ ഴിയാനുള്ള ഭാവമാണോ. അതെങ്ങിനെ സഹിക്കും. വഞ്ചനയ്ക്കും ഒരതിരുണ്ടു്.

വിമ്മിഷ്ടത്തിൻെറ യഥാത്ഥ നില ദുരൂഹമായിരുന്നു ഡോക്ടൎക്കു്. ഗർഭാവസ്ഥയിൽ എന്താണു പന്തികേട്?

ഭർത്താവ് മററൊരു നിലയ്ക്കു ചിന്തിയ്ക്കാനൊരു ന്യായം വേണ്ടേ. അതില്ലല്ലൊ. പിന്നെന്തിനാണ് പരിഭ്രമിക്കുന്നതു്?

'ചേച്ചി വെറുതെ ഭയപ്പെടŏാ. അങ്ങോരൊന്നും സംശയിക്കില്യ. കാരണക്കാരൻ ഭർത്താവല്ലാതെ മററൊരുവനാണെന്ന് വെറുതെ ഏതെങ്കിലും ഭർത്താവ് സംശയിക്കുമോ....'

'അല്ല അല്ല അതങ്ങിനേയല്ല....'

ആവേശത്തോടെ കൈ ചലിപ്പിച്ചു കൊണ്ട് ഭാഗീരഥിഅമ്മ തുടന്നു:

'ശ്രീദേവീടെ അച്ഛൻ നാലഞ്ചു മാസമായി എന്നെ തൊടാൻ കൂട്ടാക്കാറില്ല. ഞാനിനി എടുത്തു പയററാത്ത അടവൊന്നുമില്ല. എല്ലാം നിഷ്ഫലമായി. എനിക്കാണെങ്കിൽ ഇപ്പോ൦....ഞാനെന്തു ചെയ്യണമെന്നു പറയൂ...'

ഡോക്ടറെ കുലുക്കിക്കൊണ്ടായിരുന്നു ആവശ്യപ്പെടൽ. അയാ൦ പറഞ്ഞേ മതിയാകൂ.

ഡോക്ടർ ചിന്തയിലാണ്ടു. ഭാഗീരഥി അമ്മയുടെ ആവശ്യം നിറവേററിക്കൊടുക്കേണ്ട ചുമതലയുണ്ടു്. പ്രതിവിധിയുണ്ടാക്കണം. സംഭവവികാസങ്ങ൦ ഈ ഒരു ഗതിവെയ്ക്കുമെന്നു സ്വപ്നേവി ഓത്തതല്ല. സുരക്ഷിതരെന്നായിരുന്നു ഉറച്ച ധാരണ. ആപത്തു വരില്ല. ഭർത്താവുള്ളവളല്ലെ. പക്ഷെ, ഉന്നം പിഴച്ചു. താളം തെററി. ഒരു നിമിഷം പാഴാക്കാനിനി ഇല്ലതാനും.

പെട്ടെന്നയാ൦ പറഞ്ഞു.

'ചേച്ചി വിഷമിക്കാതെ. ഞാനൊരു സൂത്രം പറയാം. പറഞ്ഞപോലെ ചെയ്യണം. അതേ ഇനി നിവത്തിയുള്ളു.'

'എന്താ ചെയ്യേണ്ടു്. എന്തിനും തയ്യാറാവുകയല്ലേ നിവ്വാഹമുള്ളു.'

പരിക്ഷീണമായ സ്വരം. മനസ്സു് ചത്തുപോയി എന്നതിൻെറ ധ്വനി.

'വയററിൽ വല്ലാത്ത വേദന എന്നും പറഞ്ഞു് കിട ന്നാൽ മതി. പിന്നത്തെ കാര്യമൊക്കെ ഞാനേററു.'

'നിങ്ങളെന്തിനാ പുറപ്പാടു്.'

'മുൻകൂട്ടി അറിയണോ. എന്നാൽ പറഞ്ഞുതരാം. കേട്ടോളൂ. ചേച്ചി സുഖക്കേടായി കിടന്നാൽ എന്നെ വരു ത്തും. ഞാൽ ഗംഭീരമായി പരിശോധിക്കും. എന്നിട്ടു് വിധിക്കും വയററിൽ ട്യൂമർ. കഴിയും വേഗം ഓപ്പറേററു് ചെയ്തു് കളയണം. അല്ലെങ്കിൽ അത്യാഹിതം സംഭവി ക്കാം. ക്ഷീണിക്കാതിരിക്കുമോ കുറ്റപ്പു്. പിന്നെ നമ്മൾ രണ്ടുപേരും മദിരാശിയിലേക്കു പോകുന്നു. അവിടെവെ ച്ചു് സാക്ഷാൽ രോഗം മാററുന്നു.'

അവൾ ചിരിച്ചു. പെണ്ണിനു ചിരിയ്ക്കാനെത്ര സമ യം വേണം. സ്വന്തം ജീവൻ, പ്രാണൻ ദുബ്ബലമായൊരു നൂലിഴയിൽ കിടന്നാടുന്നു. അതവൾ അറിയുന്നുമുണ്ടു്. എന്നിട്ടും ആ സന്ദർഭത്തിലും അവൾ ചിരിക്കുന്നു.

പെണ്ണു് എന്ന വിരോധാഭാസത്തിൻെറ ജീവൽ ച്ചിത്രം.

'പ്ലാൻ ജോർ. ഇന്നുത ന്ന രോഗത്തിൻെറ കടന്നാക്ര മണം ന്യായമായും പ്രതീക്ഷ ിക്കാം.'

'അപ്പോൾ തീർച്ച നാളെ ഈ ഡോക്ടർ എത്തും.'

അവർ പിരിഞ്ഞു. ഹൃദയത്തിൽനിന്നും വല്ലാത്ത ഭാരം ഇറങ്ങിക്കിട്ടിയപോലിരുന്നു. ലാഘവപ്പെട്ട മന സ്സുമായി അവൾ മന്ത്രിച്ചു.

'ഞാൻ തെററിദ്ധരിച്ചു. ഡോക്ടർ വഞ്ചിക്കുമെന്നു്

ഭയപ്പെട്ടു. പൂമ്മാ കുറെ പേടിച്ചു. അയാൾ നല്ല മനുഷ്യനാണു്. എൻെറ ഓമന എത്ര നല്ലവൻ.'

പറഞ്ഞൊത്തപോലെതന്നെ എല്ലാം ക്രമമായി നടന്നു. ട്യൂമർ ഓപ്പറേററു ചെയ്യാനായുള്ള മദിരാശി യാത്ര ഒരാഴ്ചയ്ക്കകം തീരുമാനത്തിലായി.

കരുണാകരക്കുറുപ്പിനു് ഇതിൽപ്പരം മനഭ്രാന്തിയുണ്ടാവാനില്ല. പ്രിയതമയെ ഭയാനകമായ രോഗം വശപ്പെടുത്തിയിരിക്കുന്നു. വയററിനകത്തു് ട്യൂമർ! മഹാരോഗം.

ഭർത്താവിൻെറ ചാഞ്ചല്യം ഡോക്ടർ കാണുകയായിരുന്നു. സ്നേഹത്തിൻെറ പ്രത്യക്ഷ ദർശനം നോക്കിനില്ക്കാൻ പ്രയാസം. വരാനിരിക്കുന്ന രംഗംകൂടി മിടുക്കോടെ പിന്നിടണം. അതിനുള്ള സൂത്രം ആലോചിക്കാനുള്ള ശ്രമത്തിലായി ഡോക്ടർ.

സ്നേഹവാനായ ഭർത്താവു് ഒരിക്കലും ഭാര്യയെ തനിച്ചു് മറെറാരുത്തൻെറ കൂടെ അന്യനാട്ടിലേയ്ക്കു പറഞ്ഞുവിടില്ല. പോകുന്നതോ ടൂറിനല്ല. ട്യൂമർ ഓപ്പറേററുചെയ്തു നീക്കാനാണു്. ആ സ്ഥിതിക്കു് കുറുപ്പു് കൂടെ പുറപ്പെടുകയേ ഉള്ളു. അതു തടയുന്നതിലാണു് വിജയത്തിൻെറ കിടപ്പു്.

കിട്ടിയ നിമിഷങ്ങളിലൂടെ ചിന്തയുടെ ചന്ദനത്തോണി ഒഴുക്കി. എന്തു പറഞ്ഞാണു് കുറുപ്പിനെ പിന്തിരിപ്പിയ്ക്കുക. അയാളുടെ ഹൃദയത്തിൻെറ ദൗർബ്ബല്യവശം പിടിച്ചുവേണം വാദിക്കാൻ. അത്രയ്ക്കായപ്പോഴേ ഉപായം തോന്നി. ഒരു ഭൂതോദയത്തിൻെറ മട്ടിലുള്ള അത്ഭുതപ്പിറവി.

'കുറുപ്പു് സാർ വരണമെന്നില്ലെന്നാണു് എൻെറ അഭിപ്രായം. അങ്ങയുടെ ആരോഗ്യസ്ഥിതി ഒരു ദൂരയാത്രയ്ക്കനുവദിക്കുന്നില്ല.'

കുറുപ്പിൻെറ ശരം കണക്കെയുള്ള പകച്ച നോട്ടം തട യാനുള്ള പരിച തേടുകയായിരുന്നു ഡോക്ടർ. ലഭിച്ചി ല്ല. ശരം തറച്ചുകൊണ്ടു.

'ഡോക്ടർ എൻെറ ആരോഗ്യം വഷളായിക്കോട്ടെ. സാരമില്ല. എനിക്കു് ഭാഗീരഥിയേക്കാളും വലുതാണോ എൻെറ ആരോഗ്യം. അല്ല ഡോക്ടർ. അങ്ങനെയല്ലെന്നു മനസ്സിലാക്കു...'

കട്ടിലിൽനിന്നും എങ്ങലടി ഉയന്നു. ഭാഗീരഥി അമ്മ കരയുകയായിരുന്നു. അതഭിനയമല്ല ഡോക്ടർ ഉ ള്ളിൽ പറഞ്ഞു ഹൃദയത്തിൻെറ ഉള്ളറയിൽനിന്നും പൊ ട്ടിപ്പുറപ്പെട്ട രോദനം. ആ ഒരു നിമിഷം ഹൃദയം പ്രായ ശ്ചിത്തത്തിനുവേണ്ടി കൊതിച്ചിരിക്കും.

ഡോക്ടർ വീണ്ടും പറഞ്ഞു.

'അങ്ങയുടെ ആരോഗ്യക്കുറവു് ഒരു കാരണം മാത്രം. ശ്രീദേവിയെ തനിച്ചു് വീട്ടിൽ ഇട്ടേച്ചു പോവാൻ പററു മോ. ആ കുട്ടിക്കു് ക്ലൈമററ് മാറിയാൽ കുഴപ്പമാണു്. ഇനി വരില്ലെന്നുറപ്പിച്ചിട്ടുള്ള അപസ്മാരം രണ്ടാമത്തും വ ന്നേക്കും. ഒരിക്കൽക്കൂടി അററാക്കുണ്ടായാൽ പിന്നീടു് ജീവിതം മുഴവൻ തുടന്നുകൊണ്ടിരിക്കും. അതുകൊണ്ടു് മകളെ ഉദ്ദേശിച്ചെങ്കിലും കുറുപ്പു് പിടിവാശി വിടണം. പിന്നെ ഒന്നും ഭയപ്പെടാനില്ല ഞാനില്ലെക്കൂടെ. ചേച്ചി യുടെ ഒപ്പം അവക്കൊരു തുണയായി അനുജനുണ്ടല്ലൊ. അതു പോരെ ...'

തികഞ്ഞ വാക്പാടവത്തോടുകൂടിയ സംസാരം. എ തിക്കാനുള്ള ഒരു പഴതുപോലും ഇല്ല. ഡോക്ടറുടെ അഭി പ്രായത്തോടു യോജിക്കാൻതന്നെ അവസാനം കുറുപ്പു് തീ രുമാനിച്ചു.

അങ്ങിനെ ഒരു തിങ്കളാഴ്ച, രാഹുകാലത്തിനുമുമ്പ

ഭാഗീരഥി അമ്മയും ഡോക്ടറും യാത്ര പുറപ്പെട്ടു. മഴ ചിന്നംപിന്നം പെയ്യുന്നുണ്ടായിരുന്നു.

നിറഞ്ഞ നാലു കണ്ണുകൾ അവരെ അനുഗമിച്ചു. ദുഃഖഭാരത്താൽ തേങ്ങുന്ന രണ്ടു ഹൃദയങ്ങൾ ഭാഗീരഥി അമ്മയ്ക്കു മൂകമായി നന്മ നേർന്നു.

## പത്ത്

ഊണിന് കണ്ടുപരിചയമില്ലാത്ത വിഭവങ്ങൾ. രുചിപ്രദമായ അഞ്ചാറു കൂട്ടം കറികൾ. രണ്ടു വലിയ പപ്പടം, തൈര്. കാപ്പിയ്ക്ക് ഇഷ്ടം പോലെ പലഹാരം പലവിധം മധുരപലഹാരങ്ങൾ. പത്മൻ സന്തോഷിക്കേണ്ടതല്ലേ?

കണ്ടിട്ടില്ലാത്ത വിസ്താരത്തിലുള്ള മുറികൾ. വലിയ തളം. കുഷ്യനിട്ട സോഫകൾ. കട്ടപോലുള്ള പ്ലാസ്റ്റിക് കസാലകൾ. സന്ധ്യ മയങ്ങിയാൽ വൈദ്യുതവെളിച്ചം കൊണ്ട് പകലാവും. രാത്രിയും പകലും തിരിച്ചറിയാൻ മേല. ചുവട്ടിൽ ഇരമ്പുന്ന ഹോട്ടൽ. പുരുഷാരം തടിച്ചു കൂടുന്നതുകൊണ്ടുള്ള ആരവം. റേഡിയോ ഗാനം ആലപിച്ചു കൊണ്ടിരിയ്ക്കും. പത്മൻ സന്തോഷിക്കേണ്ടതല്ലേ?

ചിററമ്മ സില്ക്കുടുപ്പുകളാണ് തയ്പ്പിച്ചു കൊടുത്തിട്ടുള്ളത്. ചന്തമുള്ള ഷർട്ടും നിക്കറും ധരിച്ച് ഒരു പട്ടുറുമാൽ കഴുത്തിൽ കെട്ടി അവൻ കൌണ്ടറിൽ ചെന്നിരിയ്ക്കും. അച്ഛൻ ബില്ലു നോക്കി കാശു വാങ്ങി ഇടുന്നതും കണ്ടു കൊണ്ടിരിയ്ക്കുക അവൻെറ വിനോദമാണ്. വേലക്കാ

ക്കും. പററുവരവുകാക്കും പത്മനെ കാര്യമായി. ചൊറു ചൊറുക്കുള്ള കുട്ടിയായിട്ടല്ല. അവന്നു് സമപ്രായക്കാരുടെ വികൃതിയൊന്നുമില്ല. എന്നാലും ഒരാകർഷണം ആ കുട്ടിയ്ക്കുണ്ടായിരുന്നു. ലക്ഷണമൊത്ത മുഖം, വെളുത്ത നിറം, ആകെ തറവാടിത്തമുള്ള പയ്യൻ. സവ്വർക്കും പ്രിയപ്പെട്ടവനായ പത്മൻ സന്തോഷിക്കേണ്ടതല്ലെ?

പക്ഷെ, അവന്നു് ആഹ്ലാദമുണ്ടായിരുന്നില്ല. ഏതോ ചിന്ത അലട്ടുന്ന ഭാവമാണാ മുഖത്തു്. ഒന്നിൻേറയും കുറവില്ല. എന്നിട്ടെന്താണൊരു ഞുങ്ങിപ്പിടുത്തം.

അതിൽ അസാധാരണമായ ഒന്നുമില്ല. ജനിച്ചു വളൎന്ന നാട്ടിൽ നിന്നും അന്യദിക്കിൽ എത്തിയതു് കൊണ്ടാണാ മാററം. ഗ്രാമം. അതിലെ മൊട്ടക്കുന്നു്, പച്ച പിടിച്ച താഴ്‌വാരങ്ങാം, ഉച്ചയ്ക്കുപോലും ഇരുട്ട് വീഴുന്ന കശുമാവിൻ തോപ്പ്, കുണുങ്ങിയൊഴുകുന്ന കൈത്തോടു്. എല്ലാം എല്ലാം സ്മൃതിപഥത്തിൽ മായാത്ത ചിത്രങ്ങാം വരച്ചിട്ടിട്ടുണ്ടു്, ആ പരിസരത്തിൽ അകപ്പെടാൻ, അവിടത്തെ ശുദ്ധവായു ശ്വസിയ്ക്കാൻ, ഹൃദയം വെമ്പൽ കൊള്ളുന്നുണ്ടാവും, ബാല്യകാല ചങ്ങാതികളാണവ. ആ ചങ്ങാതികളെ കാണാൻ, സ്പർശിയ്ക്കാൻ, ബാലമനസ്സ് കൊതിയ്ക്കുന്നുണ്ടെങ്കിൽ അതിലെന്താണപാകത— ഒന്നുമില്ല.

പറിച്ചു നട്ട പനിനീർച്ചെടി. ആദ്യമൊന്നു വാടും. ആ വാട്ടമാണിപ്പോാം. അതു മാറാനുള്ളതേയുള്ളു.

ജാനകി മാററങ്ങാം കണ്ടു. കുട്ടിയുടെ ഉന്മേഷക്കുറവ് ചിന്താവിഷയമായി. ഈ പ്രായത്തിൽ ഓടിക്കളിച്ചു നടക്കേണ്ടതല്ലെ. സ്കൂളിൽ പറഞ്ഞയച്ചാൽ കൂട്ടുകാരെ കിട്ടുമ്പോാം പ്രസന്നത താനെ തിരിച്ചു വരും. പക്ഷെ അവന്നു് പതിമൂന്നു് വയസ്സായി. ഒന്നിൽ ചേക്കുകയാ

ണെങ്കിൽ മററു സതീർത്ഥ്യരുമായി ഇരട്ടി പ്രായത്തിനു് മൂപ്പുണ്ടാകും. അതവനു കുറച്ചിൽ വരുത്തും. അതും മനസ്സിനെ അലട്ടാൻ ഉതകുന്ന പ്രശ്നമായി ഭവിച്ചാൽ....! ഏതായാലും പഠിപ്പിയ്ക്കണം. വിദ്യയില്ലെങ്കിൽ മററെന്തുണ്ടെങ്കിലും പ്രയോജനമില്ല.

ഒരു ദിവസം തൻെറ വിചാരധാര ഭർത്തൃസമക്ഷം ജാനകി അവതരിപ്പിച്ചു ഗോപാലൻനായരും അതാലോചിച്ചു കഴിയുന്ന അവസരമായിരുന്നു. മകൻെറ കാര്യമാണു്. അവൻെറ ഭാവിയെ സ്പർശിയ്ക്കുന്ന വിഷയമാണു്. ജീവിതത്തിനു ആവശ്യം വേണ്ടുന്ന ഘടകമാണു് വിദ്യാഭ്യാസം. ആ വിശ്വാസം ഇപ്പോഴും വേണ്ടുവോളമുണ്ടായിട്ടുണ്ടു്. പത്താം ക്ലാസുവരെ പഠിച്ചെന്നു വെയ്ക്കുക. അതുകൊണ്ടു് പ്രത്യേക പ്രയോജനം വല്ലതും കിട്ടാൻ പോകുന്നോ. കിണഞ്ഞു ശ്രമിച്ചാൽ വല്ല സക്കാരാപ്പീസിലും ക്ലാക്ക ജോലി ലഭിച്ചേയ്ക്കും. അതുപോരാ എന്നാ പിതാവിനു തോന്നി. മററന്തെങ്കിലും കൂടി പഠിപ്പിയ്ക്കണം. നല്ല വരുമാനം ഉണ്ടാക്കാൻ പററുന്ന ഏതെങ്കിലും കൈത്തൊഴിൽ അഭ്യസിപ്പിയ്ക്കണം. അത്തരമൊന്നു വശപ്പെട്ടാൽ രക്ഷപ്പെട്ടു.

ഭാര്യയും ഭത്താവും തമ്മിലുണ്ടായ കൂടിയാലോചനയുടെ ഫലം പത്മനെ നൈററ് സ്കൂളിൽ ചേക്കാനും. അടുത്തുള്ള ഓട്ടാമൊബൈൽ വർക്ക്ഷാപ്പിൽ ചേത്തു മെക്കാനിക്കൽ ലൈൻ പഠിപ്പിയ്ക്കാനും ആയിരുന്നു. ആദ്യത്തേതു് ജ്ഞാനസമ്പാദനത്തിന്നു്. രണ്ടാമത്തേതു് ജീവസന്ധാരണത്തിനു്.

തീരുമാനം നടപ്പായി. പകൽ ലോഡ്കൃഷ്ണാവർക്ക്ഷാപ്പിൽ ബസ്സുകളുടേയും കാറുകളുടേയും അഴിച്ചുവെച്ച

പാർട്ടുകരം കഴുകുക, വേണ്ടതിനു് ഗ്രീസ് പുരട്ടുക ഇത്യാദി പണികളായിരുന്നു ആദ്യവഷ്ത്തിൽ. പടി പടിയായി ജോലിയുടെ ആകൃതിയും പ്രകൃതിയും മാറി. പത്മൻ ബുദ്ധിമാനായിരുന്നു. വേഗത്തിൽ മോട്ടോർ മെക്കാനിസം അവനു വശമായി.

അങ്ങിനെ സംഭവബഹുലമായ നീണ്ട പത്തുസംവത്സരങ്ങരം കടന്നു പോയി. ലോഡ്കൃഷ്ണാ വർക്ക്ഷാപ്പിലെ ഏററവും മിടുക്കനായ, പ്രാപ്തനായ, മെക്കാനിക്ക് എന്ന പേരു് പത്മൻ സമ്പാദിച്ചു. ആ പട്ടണത്തിൽ തന്നെ അറിയപ്പെട്ടുന്നൻ ഒരു മെക്കാനിക്കായി അവൻ. പുറമെ അവനു് ഇംഗ്ലീഷും വശമായിരുന്നു. പത്താംതരം വരെ നൈററ് സ്കൂളിൽ പഠിച്ചു. പരീക്ഷയ്ക്കിരുന്നില്ല. അവനു് സർട്ടിഫിക്കററാവശ്യമില്ലായിരുന്നു.

ആരും കണ്ടാൽ പറയും—നല്ല പയ്യൻ. കാര്യം വാസ്തവമായിരുന്നു. വെളുത്തു മെലിഞ്ഞ ദേഹം. ചുരുണ്ട മുടി. അഴകുള്ള വലിയ കണ്ണുകരം. കൂർത്ത മൂക്കു്. തടിച്ചതല്ലാത്ത നനുത്ത അല്പം ചുവന്ന ചുണ്ടുകരം. കോമളൻ: സുന്ദരൻ. ഇരുപത്തിരണ്ടാം വയസ്സിൽ അവൻ വസന്തത്തിൻെറ എല്ലാ വണ്ണപ്പൊലിമയോടും കൂടെ നിന്നു.

ഊർജ്ജസ്വലനായ യുവാവു്. കരവിരുതുള്ള മെക്കാനിക്കു്. വർക്ക്ഷാപ്പിൽ മുതലാളിതൊട്ടു് ഫോർമാൻ വരേയുള്ള മേലെക്കിടയിലുള്ളവർ അവനെ ഇഷ്ടപ്പെട്ടുന്നു. സഹപ്രവത്തകർ അവനെ സ്നേഹിയ്ക്കുന്നു. പഠനക്ലാസ്സിലുള്ള കട്ടികരം അവനെ ബഹുമാനിച്ചു. അവർക്കവനായിരുന്നു മാതൃക. പത്മനെ പോലാവണം. ആ കൈമിടുക്കു്, ബുദ്ധി സാമത്ഥ്യം അവക്കുമുണ്ടാവണം.

ജീവിത വിജയത്തിൻെറ മന്ദസ്മിതം അനുഭവിച്ചു

കൊണ്ടിരുന്നിട്ടും പത്മനു് സന്തോഷമുണ്ടായിരുന്നില്ല. വിശ്രമാവസരങ്ങളിൽ എന്തോ ഓർത്തു് മനോരാജ്യത്തിൽ മുഴുകും. അതവൻെറ പതിവായിരുന്നു. എന്താണവനെ ചിന്തിപ്പിയ്ക്കുന്ന മനോവ്യാപാരം. യഥാർത്ഥത്തിൽ അത വനുതന്നെ അറിഞ്ഞുകൂടാ. ഭൂതകാല സ്മരണയുടെ കയ ത്തിൽ മുങ്ങിക്കിടക്കുകയാണു്. അപ്പോഴാണു് വീർപ്പു മുട്ടൽ.

ഒരു സ്വൈര്യതയുമില്ല. പ്രവർത്തിസമയം കഴി ഞ്ഞാൽ വെറുതെ കുറേ ദൂരം നടക്കും. വൈകുന്നേരം മന്ദ മാരുതനോററു് ഒററയ്ക്കങ്ങിനെ നടക്കാൻ സുഖമുണ്ടു്. അ ങ്ങിനെ നടന്നു് നടന്നു് ഭൂമിയുടെ അററം വരെ പോകാൻ തോന്നും. ഏകാന്തതയുടെ തീരത്തു് ചെന്നിരിയ്ക്കാനാണു് മോഹം. പക്ഷെ എവിടെയും ബഹളമാണു്. തിരക്കു പിടിച്ച നഗരം. ശബ്ദങ്ങളുടെ ലോകം. പട്ടണത്തിൽ നിന്നും ഒഴിഞ്ഞുമാറി നിശ്ശബ്ദമായൊരിടത്തു് കുറച്ചു ദിവസം കഴിച്ചുകൂട്ടാൻ കഴിഞ്ഞെങ്കിൽ. മോഹാങ്കുരമാ ണു്. വിടർന്നു് ശാന്തമായ പുഞ്ചിരിച്ചു് പരിമളം പരത്തു മോ. അതെന്നാണുണ്ടാവുക?

താനീയിടെയായി അന്തർമുഖനായി തീരുകയാ ണെന്നു് പത്മനുതന്നെ ബോദ്ധ്യമായി. ബഹളമായ അന്തരീക്ഷം തീരെ പിടിയ്ക്കുന്നില്ല. വീട്ടിലും ജോലി സ്ഥലത്തും നടപ്പാതകളിലും വിരസമായ മനുഷ്യശബ്ദ ങ്ങൾ. ഒരു തുള്ളി നിശ്ശബ്ദതയ്ക്കുവേണ്ടി അന്തരാത്മാവു് കൊതിയ്ക്കുന്നു. തൻെറ മാനസിക ഘടനയുടെ വക്രത അവനു് മനസ്സിലാവുന്നുണ്ടു്. താൻ മററുള്ളവരെ പോല ല്ല. സാധാരണക്കാരനെ പോലെ നിസ്സാര കാര്യത്തിനു് സന്തോഷിയ്ക്കാനാവുന്നില്ല പത്മനു തോന്നി താൻ ത

നിശ്ശു തന്നെ അറിയാൻ പാടില്ലാത്ത ഒരപരിചിതനാണെന്നു്.

ബാല്യകാല സ്മരണയിൽ മുഴകുന്നേരം മനം ശാന്തമാവുന്നു. മനസ്സിൻെറ പശ്ചാത്തലത്തിൽ വെളിച്ചമുണ്ടു് നിലാവെളിച്ചം. വെണ്ണിലാവേററ് തിളങ്ങുന്ന ഒരാമ്പൽമൊട്ടുപോലുള്ള കൊച്ചു മുഖം. താഴെ പൂക്കളുടെ ഭംഗിയും നേർമ്മയും ചേതോഹാരിതയുമുള്ള ഇളം മേനി.

ശ്രീദേവിയെ ഓർത്തപ്പോഠം അവളുടെ അമ്മയെക്കുറിച്ചും സ്മരണയുണ്ടായി. ഭാഗീരഥിഅമ്മ സ്നേഹമുള്ള സ്ത്രീയായിരുന്നു. തന്നെ വലിയ കാര്യമായിരുന്നു. പക്ഷേ..

കൊല്ലങ്ങഠംക്കു മുമ്പ് സംഭവിച്ച ആ ദാരുണ അന്ത്യം ഓക്കാൻ വിഷമം തോന്നി. അവൻ അച്ഛനോടൊപ്പം പട്ടണത്തിലോട്ടു് മാറിത്താമസിച്ചു് ഒരു മാസം തികഞ്ഞിരുന്നില്ല. ആ കാലത്താണുണ്ടായതു്. അച്ഛനാണാ ദുരന്തവാത്ത അറിയിച്ചതു്.

ഭാഗീരഥിഅമ്മ മദിരാശിയിലുള്ള ഒരു പ്രൈവററ് നേഴ്സിങ്ങ് ഹോമിൽ വെച്ചു് അന്തരിച്ച വാത്ത! വിശ്വാസം വന്നില്ല, എങ്ങിനെയിരുന്ന സ്ത്രീയായിരുന്നു. ഒത്ത ശരീരം. സമ്പന്നമായ ആരോഗ്യം. ആപ്പിഠംക്ക വിളകഠം. തക്കാളിപ്പഴച്ചുണ്ടുകഠം. പ്രസരിപ്പും ത്രസിപ്പുമുള്ള കൂട്ടത്തിലായിരുന്നു. മരിയ്ക്കാൻ വേണ്ടുന്ന ആരോഗ്യക്കുറവൊന്നും ഉണ്ടായിരുന്നില്ല. പിന്നെ മരിയ്ക്കാൻ...?

ചോര പോക്കായിരുന്നുവത്രെ കാരണം! തടുത്തു നിത്താനായില്ല. ചോരയോടൊപ്പം ജീവനും....

പരിചിത വൃത്തത്തിൽപ്പെട്ട ആരെങ്കിലും മരിച്ചെന്നറിഞ്ഞാൽ ഒരു ദുഃഖമുണ്ടാവില്ലേ. അതും പെട്ടെന്നാണു് അന്തരിച്ചതെന്നു കേഠംക്കുമ്പോഠം ഒരു നടുക്കം കൂടി

അനുഭവപ്പെട്ടില്ലെ.

ആ സ്തോഭജനകമായ വ്യസനം മനുഷ്യസ്നേഹത്തിൽ നിന്നും ഉരുത്തിരിഞ്ഞു വരുന്നതാണ്. അതൊക്കെ പത്മനിലുമുണ്ടായി. മററൊരു ചിന്തകൂടി അലട്ടി. ശ്രീദേവി തള്ളയില്ലാ പിള്ളയായി. അവളുടെ അമ്മ ഇഹലോകവാസം വെടിഞ്ഞു. ഈ ജന്മത്തിൽ അവൾക്കൊരമ്മയുണ്ടാവില്ല.

പാവം, ശ്രീദേവി! അവൾക്കും അമ്മയില്ലാതായി. പക്ഷെ, തനിക്കൊരമ്മയെ കിട്ടി. എന്നാൽ അവൾക്കോ....?

അങ്ങനെ പലതും ചിന്തിച്ചുകൊണ്ടായിരുന്നു അന്ന് വൈകുന്നേരം പത്മൻ വീട്ടിലെത്തിയത്. ഹോട്ടലിൽനിറച്ചാളുകൾ ഉണ്ടായിരുന്നു. ആരേയും ശ്രദ്ധിക്കാതെ ഗോവണി കയറി മുറിയിൽ ചെന്നിരുന്നു.

'നീ എന്താണീയിടെയായി ഒരു ഉഷാറുമില്ലാതെ നടക്കണെ് മോനേ. നിനക്കെന്തു പററി. തീരെ ഉന്മേഷമില്ലല്ലൊ. പ്രവൃത്തി കഴിഞ്ഞു വന്നാൽ തൂങ്ങി ഒരിടത്തിരിക്കും. നിനക്കെന്തു പററീടാ പത്മാ....?'

ജാനകി, അവന്റെ ചിററമ്മ.

അവൻ എഴുന്നേററിട്ട് പറഞ്ഞു:

'ഒന്നുമില്ല ചിററമ്മേ....'

'ഒന്നുമില്ലാതാണോ കുട്ടികഴിഞ്ഞ തള്ളയെ പോലെ കുത്തിയിരിക്കണെ....'

'യാതൊന്നുമില്ല'

'നിന്റെ സന്തോഷമാണടാ ഞങ്ങൾക്ക വലുതു്. നീ സുഖമായി ജീവിച്ചുകാണാനാ ഞങ്ങടെ ആഗ്രഹം.

നിനക്ക് ഒരു കുറവും വരരുത്.'

'എനിക്കിപ്പോഴിവിടെ എന്താണൊരു കുറവ്. എനിക്കിവടെ സുഖമാണ് ചിററമ്മേ....'

'അതല്ല മോനെ നിനക്കെന്തോ മനഃപ്രയാസണ്ട്. അതു മാററിയെടുക്കാൻ പോന്ന പ്ലാൻ ഞങ്ങടെ തയ്യാറാക്കി വെച്ചിരിക്കുന്നു.'

'എന്താതു്?' പത്മൻ ഉൽക്കണ്ഠപ്പെട്ടു.

'നിനക്ക് ഒന്നു രണ്ടു ബസ്സ് റൂട്ടടക്കം വാങ്ങിത്തരാൻ നിശ്ചയിച്ചിരിയ്ക്കുന്നു. നീ അതുകൊണ്ട് സ്വന്തമായി ബിസിനസ്സ് ചെയ്യ്. ഭാഗ്യമുണ്ടെങ്കിൽ നീ വലിയൊരു ബസ്സുമുതലാളിയായി തീരും....'

പത്മൻെറ കണ്ണുകഠം നിറഞ്ഞു.

സ്നേഹം അലയടിക്കുന്ന വാക്കുകഠം ഹൃദയത്തിൻെറ അഗാധതലങ്ങളെ തൊട്ടുണർത്തി,

'ആശീർവ്വദിക്കു അമ്മേ....'

ഇടറിയ തൊണ്ട ഒരുക്കിയ മാനുഷിക വികാരങ്ങഠം.

പത്മൻ ജാനകിയുടെ പാദാന്തികത്തിൽ ശിരസ്സ് നമിച്ചു.

പത്മൻെറ ആദ്യത്തെ സംബോധനയായിരുന്നു_ അമ്മേ. മുമ്പൊരിക്കലും അങ്ങിനെ വിളിച്ചിട്ടില്ല. ആ വിളി ജാനകിയുടെ ഉള്ളിൽ കൊണ്ടു. അവളുടെ കണ്ണും നിറഞ്ഞു വന്നു.

'എഴുന്നേല്ക്കു മോനേ എഴുന്നേല്ക്കു...'

വികാരപൂർവ്വം ജാനകിയുടെ കൈകഠംക്കൂട്ടിപ്പിടിച്ച് പത്മൻ പറഞ്ഞു:

'എനിക്കറിയാം അമ്മേ .. എനിക്കെല്ലാം അറി

യാം .. എന്റെ അമ്മയാംനു്. നിങ്ങഠം എന്റെ സ്വന്തം അമ്മയാണു്. എന്റെ സാക്ഷാൽ അമ്മ ...'

അവൻ ആ കൈകളിൽ മുഖമമർത്തി പൊട്ടിക്കരഞ്ഞു. ജാനകിയുടെ നയനങ്ങളിൽ നിന്നും ഉറന്നൊഴുകിയ ബാഷ്പകണങ്ങഠം അവന്റെ ശിരസ്സിൽ ഇററിററു വീണു കൊണ്ടിരുന്നു.

സ്നേഹത്തിന്റെ ഈ അഭൌമരംഗം കണ്ടുകൊണ്ടു് ഗോപാലൻനായർ അടുത്ത മുറിയിൽ ഇരുന്നിരുന്നു. മിഴിനീരൊപ്പി തോളത്തിട്ടിരുന്ന തോർത്തു് നനഞ്ഞതറിഞ്ഞില്ല.

# പതിനൊന്നു്

പട്ടണം ഗ്രാമത്തിലേയ്ക്കു കടന്നു വന്നു. പണ്ടത്തെ വെട്ടുപാത ടാറിട്ട റോഡായി. നഗരത്തിലേയ്ക്കുള്ള പാതയാണതു്. തിരക്കുള്ള വഴി. അധികരിച്ച വാഹന ഗതാഗതം. പഴയ കാലത്തു് കാളവണ്ടികളും കൈവണ്ടികളും പോയിരുന്ന വഴി. ഇപ്പോഠം മോട്ടോർ വാഹനങ്ങളുടെ ഇരമ്പിച്ച ഒഴിഞ്ഞ നേരമില്ല.

നഗരവുമായി നിതാന്ത സമ്പക്കം പുലത്തുന്ന ഒരു പുതിയ തലമുറ ഗ്രാമത്തിൽ പാത്തുവരുന്നു. സക്കാരാപ്പീസുകളിലും പള്ളിക്കൂടങ്ങളിലും ജോലി ചെയ്യുന്ന ഒട്ടേറെ മനുഷ്യർ ഗ്രാമവാസികളായുണ്ടു്. ഓരോകുടുംബത്തിലും കാണാം ഒന്നോ രണ്ടോ പേരെ. മാസം മാസം കിട്ടുന്ന ശമ്പളം ഗ്രാമത്തിലേയ്ക്കൊഴുകുന്നു. അതുകൊണ്ടു്

ഗ്രാമത്തിൻെറ മുഖച്ഛായ മാറി. പുതിയ പുതിയ എടുപ്പുകഠം. വൈദ്യുതക്കമ്പികളും ടെലഫോൺകമ്പികളും പ്രധാന പാതയിലൂടെ പോകുന്നു. അതെവിടെ ചെന്നവസാനിയ്ക്കുന്നുവെന്നു് ആക്കും അറിഞ്ഞുകൂടാ. വീടുകഠം വൈദ്യുതീകരിച്ചവ.

എങ്ങും മാററത്തിൻെറ ദൃശ്യം. പന്തീരാണ്ടുകാലത്തിനുമുമ്പുള്ള കാഴ്ചകഠം ഇന്നില്ല. സമ്പന്നതയെ പുൽകിക്കിടക്കുന്ന ഇടം, ഗ്രാമം. നാഗരീകത എല്ലാ ഭാവഹാവാദികളോടും കൂടെ താമസത്തിനെത്തി.

മാററത്തിനു വിധേയമാവാത്തവയുമുണ്ടു്. ഇന്നും അടിവാരത്തു് കന്നാലികഠം മേയുന്നു. പഴയ രൂപത്തിൽ കൈത്തോട് ഒഴുകുന്നു.

ശ്രീദേവി ഉടുത്തൊരുങ്ങി കണ്ണാടിയ്ക്കു മുന്നിൽ നിന്നു. സ്വന്തം മുഖം അങ്ങിനെ നോക്കി നില്ക്കാൻ ഒരുനല്ല കൌതുകം. അതെന്നു തുടങ്ങി എന്നുമറിയാം. പുഷ്പിണിയായ മുതലാണതു്. ശരീരഘടനയിൽ അത്യത്ഭുതകരമായ പരിവത്തനങ്ങഠം നടന്ന കാലഘട്ടം. കണ്ണുകഠംക്കു വശ്യത കൂടി. അതിൻെറ ആഗാധനീലിമയിൽ സ്വപ്നങ്ങഠം സ്വണ്ണമീനുകളായി തത്തിക്കളിച്ചു. മനസ്സിന്നകത്തു്, മാണിക്ക്യറയിൽ, അനുഭൂതികഠം ഉറഞ്ഞു കൂടി. അപഗ്രഥനത്തിനു വഴങ്ങിക്കൊടുക്കാതെ വഴുതി മറയുന്ന നൂറായിരം വണ്ണപ്പകിട്ടുകഠം. അന്തച്ചക്ഷുസ്സു് ഒരു ബയസ്കോപ്പ്. ഉഠംക്കുളിരേകുന്ന വശ്യമായ കാഴ്ചകഠം വാരിയുടുത്ത മായാജാല പ്രപഞ്ചം.

മധുരമായ നൊമ്പരങ്ങളിൽ, വീപ്പുമുട്ടലിൽ കാലം നീങ്ങി.

ഫിനിഷിങ്ങ് ടച്ച് സസൂക്ഷ്മം കഴിച്ച് എഴ ന്നേററു. തൃപ്തി വരാറേ ഇല്ല. സമയം എട്ട് അമ്പതായി. ഒമ്പതിനൊരു ബസ്സുണ്ട്. ആളെ കുത്തിനിറച്ചിരിക്കും. ആ സമയത്തു് ഒരു ബസ്സേയുള്ളൂ. തിരക്കിൽപെട്ട് ക മ്പിയഴി പിടിച്ച് ടൌൺ വരെ യാത്ര. വേറെ വഴി യില്ല.

വലിഞ്ഞു നടന്നാൽ ബസ്സ് വരുന്നതിനുമുമ്പെ സ്റ്റോ പ്പിൽ എത്താം.

ശ്രീദേവി കഴിഞ്ഞ കാലം ഓർത്തുകൊണ്ടു വഴിയരി കിൽക്കൂടെ നടന്നു.

പഴയ പ്രതാപം എന്നോ ഇറങ്ങിപ്പോയി. സ്കൂളി ലോട്ട് ജഢ്ക്കയിൽ പോയിരുന്ന കാലം സമൃദ്ധിയുടേ തായിരുന്നു. വെള്ളക്കുതിര രണ്ടുവശവും നോക്കാതെ കുതിച്ചു പായും. മുന്നോട്ടു നോക്കിയാൽ കുഞ്ചിരോമ ത്തിൻേറയും ചെവികളുടേയും മുന്നിൽ വഴി നീണ്ടുകിട ക്കുന്നതായി കാണാം. എത്ര അനായാസമായാണു് കു തിര നാഴികകൾ പിന്നിടാറ്. കഴുത്തിൽ തൂക്കിയ കുട മണികിലുക്കം അങ്ങ് വിദൂരതയിൽ ചെന്നു് അന്തരീക്ഷ ത്തിൽ വിലയം പ്രാപിക്കും. ഒഴുകുന്ന ഒച്ച കേട്ടുകൊണ്ടി രിക്കുന്നേരം ഗാനം ഉതിരുന്നതായി തോന്നും.

ആ കാലം കഴിഞ്ഞുപോയി.

എട്ടാം ക്ലാസ്സിൽ പഠിക്കുമ്പോഴാണു് അതിൻെറ അന്ത്യം. ശ്രീദേവിക്കു നല്ല ഓർമ്മയുണ്ട്. മമ്മതിനെ മറക്കാനാവില്ല. നന്നേ ബാല്യത്തിൽ തന്നെ കണ്ടുപരി ചയിച്ച മുഖം. കാണുമ്പോഴും, സംസാരിക്കുമ്പോഴും, ആ തന്ത കണ്ണിൽ വെള്ളം നിറയ്ക്കും. അവരുടെ മനസ്സിലാ

യിരുന്നില്ല. ഒരു ദിവസം സംശയം അച്ഛനോടു ചോദിച്ചു. അച്ഛൻ പറഞ്ഞാണു് ആ രഹസ്യം അറിയുക.

'മോളേപോലെ ഒരു കൊച്ചുമോൾ മമ്മതിനുണ്ടായിരുന്നു. ബാപ്പേ വിട്ട് അവളങ്ങ് സ്വർഗ്ഗത്തിൽ പോയി. മോളെ കാണുമ്പോ ആ കുട്ടീടെ ഓർമ്മ മമ്മതിനുണ്ടാവ്ും. അതാ കണ്ണുനിറയണു്....'

പാവം, മമ്മതു് മാപ്പിള....!

അന്നുതൊട്ടു തുടങ്ങിയതാണു് മമ്മതിനോടു് അനുകമ്പ. ദയവോടെ നോക്കും. സംസാരിക്കും. കുറച്ചെങ്കിലും മമ്മതു് സന്തോഷിച്ചാൽ അത്രയായി.

ആ മമ്മതാണു് മരിച്ചതു്. മേത്തു നീരുവന്നു് കുറച്ചു കിടന്നു. ഒരു നാൾ കേട്ടു, മരിച്ചെന്നു്. കുറെ സങ്കടപ്പെട്ടു. മരണം എന്തെന്നു് അന്നറിയാമായിരുന്നു. എത്ര ദുഃഖിച്ചാലും മരിച്ച ആൾ തിരിച്ചു വരില്ല. തന്റെ അമ്മ മരിച്ചെന്നു കേട്ടു് കണ്ണീരൊഴുക്കിയതിനു കണക്കില്ല. എന്നിട്ടു് അമ്മ തിരിച്ചു വന്നോ?

അമ്മേ, ഈ ദുഃഖത്തിനു ശമനമില്ല. എന്നും ഓക്കുന്നു. അപ്പോഴൊക്കെ തേങ്ങിപ്പോകുന്നു. ശാശ്വതദുഃഖം ഒന്നേയുള്ളു. മാതൃവിരഹം.

തെററുകൾ ചെയ്തു ചെയ്തു് അതിൽ വീണടിഞ്ഞു അമ്മ. തെററ് മറെറാന്നു കൊണ്ടു് കഴുകിക്കളയാമെന്നു വ്യാമോഹിച്ചു. അകാലമരണമായിരുന്നു ഫലം. അയൽവക്കത്തുള്ളവരുടെ ഗൂഢോക്തികൾ കേട്ടിരുന്നു. അമ്മക്കു് ഗർഭമായിരുന്നുവെന്നു്. അമ്പലക്കുളത്തിൽ വെച്ച് സുഭദ്രമ്മയാണത്രെ കണ്ടുപിടിച്ചതു്. വല്ലാതെ അവരൊന്നമ്മയെ നോക്കിപോലും. അമ്മ എന്തിനു ചൂളിപ്പോയി

എന്നാണവരുടെ സംശയം. നാലഞ്ചുമാസമായ ഗർഭം ച്ഛിദ്രിപ്പിയ്ക്കാനാണ് ഡോക്ടർ അമ്മയെ മദിരാശിയിലേയ്ക്കു കൊണ്ടുപോയതെന്ന്.

വസ്തുനിഷ്ഠമായി പരിശോധിക്കുമ്പോഠം നടന്നതൊക്കെ വാസ്തവമാണെന്നു തോന്നിപ്പോകുന്നു.

എന്നാലും, തെററുചെയ്തവളാണെങ്കിലും, തന്നെ വയററിൽ പേറിയ സ്ത്രീയാണ്. തന്നെ നൊന്തു പ്രസവിച്ചവരാണ്. അമ്മ....

മിഴിയിൽ ജലസ്പർശമേല്പിക്കുന്ന ഓർമ്മകഠം.

മമ്മതു് അന്തരിച്ച് അധികം കഴിഞ്ഞില്ല കുതിരയും വണ്ടിയും വിററു. അച്ഛന് ടൌണിൽ പോകാനായി ഈയിടെയായി ഇഷ്ടക്കേടു തുടങ്ങിയിരുന്നു. ഈസിച്ചെയറിൽകിടന്ന് മനോരാജ്യത്തിൽ മുഴുകി കണ്ണു തുടയ്ക്കുന്നതു കാണാം. എന്തിനും ഒരു വിരസത. ചോദിച്ചാൽ പറയുക നമ്മെക്കാണാൻ പട്ടണം ഇങ്ങെത്തിയല്ലൊ എന്നാണ്. അതും ശരിയാണ്.

കോളേജിൽനിന്നും നാലഞ്ചു ഫർല്ലോങ്ങ് അകലെയാണ് ബസ്സ്റ്റോപ്പ്. ക്ലാസുവിട്ടാൽ അവിടെച്ചെന്നു നില്ക്കും. വളരെ സമയം കാത്തുകെട്ടിനില്ക്കണം. ഗ്രാമത്തിലേയ്ക്കു ഒരു ടൌൺബസ്സേയുള്ളു. വന്നെത്തണമെങ്കിൽ അരമുക്കാൽ മണിക്കൂർ കഴിയണം. അതുവരെ റോഡിലോട്ടുനോക്കി, വാഹനങ്ങളുടെ നമ്പറും വായിച്ച് അതിലിരിക്കുന്നവരെ വീക്ഷിച്ച് കൂട്ടുകാരികളോട് സൊറയടിച്ച് സമയം നീക്കും. കൂട്ടുകാരികഠംക്കു കയറേണ്ട ബസ്സുകഠം വേഗം എത്തും. അവരങ്ങ് കേറിപ്പോവുകയും ചെയ്യും. പിന്നെ തനിച്ചാണ് നില്പ്. വഴിപോക്കർ തുറിച്ചുനോക്കിക്കടന്നു പോകും. ഒരപൂർവ്വ കൌതുകവസ്തു

കാണുന്നപോലെ. ആദ്യമാദ്യം വെറുപ്പായിരുന്നു. പരിചയമായതോടെ ഒരാത്മസംതൃപ്തി. അഴകുള്ളവരം. സുന്ദരി. ആ വിചാരം ചെമ്പനിനീരലർച്ചുണ്ടുകളെ താനെ വിരിയിയ്ക്കും.

അങ്ങിനെ ഒററയ്ക്കു നില്ക്കവെ ഒരു സംഭവമുണ്ടായി. നിനയ്ക്കാത്തത്. അപ്രതീക്ഷിതം.

റിപ്പയറിങ്ങിന്നായി വക്ക്ഷാപ്പിൽ കേററിയിട്ടിരുന്ന ഒരു കാർ ടെസ്റ്റിങ്ങിന്നായി പുറത്തെടുത്തു കൊണ്ടുവന്നതാണ് പത്മൻ. ഓടിച്ച് കണ്ടീഷനിലാണോ എന്നു പരിശോധിക്കണം. സ്റ്റാർട്ടുചെയ്ത് മ്യൂസിയംവഴി ഓടിച്ചു വന്നു. ബസ്സ്സ്റ്റോപ്പിൻറടുത്തെത്തിയപ്പോരം കാർ നിന്നുപോയി. ഏതോ പാർട്ടിനു തകരാറുണ്ട്. സ്റ്റാർട്ടുചെയ്യാൻ ശ്രമിച്ചു. വണ്ടി വഴങ്ങുന്നില്ല. കള്ളമൂരിയെപോലെ അതവിടെ കിടന്നു.

മുൻവശം തുറന്നുവെച്ചു. എഞ്ചിൻ പരിശോധിയ്ക്കണം. ശരിയാക്കാവുന്നതാണെങ്കിൽ, ചെറിയ വല്ല തകരാറാണെങ്കിൽ ഇവിടംകൊണ്ടു തീക്കാം. അല്ലെങ്കിൽ പിള്ളേരെക്കൂട്ടി വന്നവഴി മുഴവൻ ഉന്തിയ്ക്കണം.

പരിശോധിച്ചു. പറയത്തക്ക കേടൊന്നുമില്ല. ഒരര മണിക്കൂറിൻെറ ഭേദ്യമെ വേണ്ടു. പഴയ പടിയാറും.

ഒന്നു മൂരി നിവന്നപ്പോരം നോട്ടം സ്റ്റോപ്പിൽ തറച്ചു. ഒരു കോമളാകാരം. മഞ്ഞുടയാടയണിഞ്ഞ തിങ്കരംമേനി. ഉയന്ന മാറിൽ പുസ്തകക്കെട്ടും അമത്തിപ്പിടിച്ച് നീണ്ടിടംപെട്ട നയനങ്ങരം വിദൂരതയിലേയ്ക്കുഴിച്ചുവിട്ട് നില്ക്കുകയാണാ സൌന്ദര്യത്തിടമ്പ്.

ഏതോ കോളേജുകുമാരി .. !

കവിതത്തുളുമ്പും കമനീയ മുഖം, അതിലെ വശ്യശക്തിയാന്ന നിലാവുപരക്കുന്ന നീണ്ട നീറമിഴികരം, ചെന്താരുപോലെ തുടുത്ത ചെറിയ അധരങ്ങരം, മാർബിറക്കവിളുകരം, ഓമനത്തമുള്ള താടിയിലെ അരിയ മറുക്....

ദൃഷ്ടി ഉടക്കിക്കിടന്നു. പിൻവലിയുന്നില്ല. ഇതെന്തു മറിമായം. പൌണ്ണമി കണ്ട കടലുപോലെ ആത്തിരമ്പുന്നല്ലൊ ഹൃദയം.

നോട്ടത്തിന്നു പൊടുന്നനെ മാററം സംഭവിച്ചു. കൌതുകപ്രദമായിരുന്നു ഇതുവരെ. എന്നാൽ ആ ഭാവം മാറി. എന്തോ തിരിച്ചറിയാനുള്ള വ്യഗ്രതയാണിപ്പോരം. നോട്ടം ആർദ്രവും ആകാംക്ഷാഭരിതവുമായി.

ഓമ്മിച്ചുകൊണ്ടുവരാനുള്ള തിടുക്കത്തോടെ ദർശനം കൂർത്തു.

സ്വപ്നാടന നടത്തം. അവളുടെ അരികിലെത്തിക്കഴിഞ്ഞു.

ഗവേഷണവിദ്യാത്ഥിയുടെ സൂക്ഷ്മദൃഷ്ടിയോടുള്ള വീക്ഷണം. താടിമേലുള്ള മറുകിലാണ് അയാളുടെ സമസ്ത ശ്രദ്ധയും.

സഹിക്കു വയ്യാത്ത നോട്ടം കൊണ്ടാവണം അവളുടെ ശിരസ്സു കുനിഞ്ഞു.

അത്യന്തസുന്ദരമായി പത്മന്റെ ശബ്ദം അവളുടെ വദനത്തിനു ചുററും ചിത്രശലഭമായി ചിറകിട്ടടിച്ചു.

മധുരതരമായ നൊമ്പരം ഒളിപ്പിച്ചുവെച്ച ഹൃദയത്തിൽ നിന്നും വാക്കുകരം പുറപ്പെടുമ്പോരം അതിനു സൌന്ദര്യത്തിന്റെ പരിവേഷം കിട്ടും. കേരവിക്കാരുടെ ആത്മാവിന്റെ ആഴത്തിൽ ചെന്നതു തട്ടും. വീണ്ടിടത്തുനിന്നു് മധുരസംഗീതമായി അതുയരും.

'ക്ഷമിക്കണം. സംശയം കൊണ്ടു ചോദിച്ചുപോവു ന്നതാണു്. കുട്ടിയെ എവിടയോ കണ്ടു പരിചയമുള്ള പോലെ തോന്നുന്നു. ഈ മറുകുള്ള മുഖം എനിക്കു പരിച യമാണു്. കൊല്ലങ്ങൾക്കു മുമ്പു് എനിക്കൊരു കളിത്തോ ഴിയുണ്ടായിരുന്നു. എൻെറ ബാല്യകാല സഖി. അവ ളുടെ പേരു് ...'

അർദ്ധോക്തിയിൽ വിരമിച്ചതു കണ്ടപ്പോൾ അവൾ ക്കു സങ്കോചം തോന്നി. ഇത്രയും നേരം കണ്ണു് ആ മുഖ ത്തു തന്നേയായിരുന്നു കണ്ണുകൾ എന്തോ പരതുകയാണു്. സ്മരണയിൽ പൂപ്പായ പടിച്ചു കിടക്കുന്ന പച്ച കുത്തിയ കൊച്ചുമുഖം. നോക്കി നോക്കി നിന്നപ്പോൾ ഒരു സംശ യം ജനിച്ചു. ഒരു ദേവൻെറ അവതാരം ... യുഗപ്പിറവി.. ചേതനയിൽ, ബുദ്ധിയിൽ, ആത്മാവിൽ ശംഖധ്വനി. നാദബ്രഹ്മത്തിൽ കോരിത്തരിപ്പുമായി അവൾ സ്തോബ്ധ ണ്ണും നിന്നു.

പെട്ടെന്നു് സംഭാഷണത്തിനു വിരാമമിട്ടതു് അവൾ ക്കു വേദനയായി കലാശിച്ചു. പുളകപ്പൂവു് വിരിഞ്ഞുവ രുന്നേയുണ്ടായിരുന്നുള്ളു. അതിനനുവദിയ്ക്കാതെ സംസാരം പാതിയ്ക്കു വെച്ചു നിർത്തിക്കളഞ്ഞു. സംശയങ്ങൾ ഒരു ധാരണയിലെത്തി നിലയുറപ്പിച്ചു അവൾക്കങ്ങോട്ടു പേരു പറയാം. ആ പേരുതന്നേയാവട്ടെ അയാളുടെ നാ ക്കിലും എന്നവൾ ആത്മാർത്ഥമായി ആഗ്രഹിച്ചു.

കണ്ണിൽ ശരൽക്കാല നീലാകാശവും വെളുത്ത വാ വ്വിൻ നാളിലെ നിറനിലാവും വെട്ടിത്തിളങ്ങുന്ന നക്ഷത്ര ങ്ങളും ഉണ്ടായിരുന്നു. വാക്കുകൾക്കു പൂക്കളുടെ മാർദ്ദവം. സ്വരത്തിനു് പൂക്കൾ കൊഴിഞ്ഞു വീഴുമ്പോഴത്തെ ശബ്ദം.

'വിരോധമില്ലെങ്കിൽ ആ പേരു് ഞാൻ പറയാം.'

അയാൾ ആർത്തിയോടെ തലയാട്ടി. ഒരു വാക്ക പോലും ശബ്ദിക്കാൻ അയാളാളല്ലായിരുന്നു.

താരിൽനിന്നും പറന്നകലാനായി ശ്രമിക്കുന്ന പൂമ്പാററയെ പോലെ അവളുടെ കീഴധരം ഒന്നു വിറച്ചു. മനോഹരമായ മന്ദ്രണത്തിൽ അധിഷ്ഠിതമായി.

'ശ്രീദേവി'

കളഞ്ഞുപോയ ഹൃദയത്തിൻെറ അംശം തിരിച്ചു കിട്ടി. ജീവിതത്തിന്ന് ഒരർത്ഥം വന്നു. ഇനി സന്തോഷിക്കാം. വെറുതെ ഒന്നു ചോദിക്കാൻ തോന്നി.

'ശ്രീദേവിക്കെന്നെ മനസ്സിലായില്ലേ ...?

മധുരമായി, മന്ദസ്മിതാക്ഷയായി, ശ്രീദേവി കുറുകി.

'ഇതു നല്ല ചോദ്യം. പത്മനെ ശ്രീദേവി അറിയാതിരിക്യോ? പത്മൻെറ ശ്രീദേവി. വന്നപ്പോൾതന്നെ തിരിച്ചറിഞ്ഞൂട്ടോ....'

വെച്ചു കൊടുത്ത കള്ളത്തിന്ന്, നുണക്ക്, മാരിവില്ലിൻെറ നിറങ്ങൾ കാണുമെന്ന് അവൾക്കറിയാമായിരുന്നു. അവൻെറ ആശയ്ക്ക സങ്കീർണ്ണ ഭാവം വന്നു. അവളിൽ മുഴകിയ അവന്ന് അവളിൽ ലയിക്കണം. ശാശ്വതമായ ആനന്ദം അതിൽനിന്നും കിട്ടും. ഹൃദയംഗമമായി സ്നേഹിയ്ക്കുന്നവർക്കെ നിർവൃതി കോരിത്തരാൻ പററു.

അഭിനിവേശങ്ങളിൽ മുങ്ങിപ്പോയതുകൊണ്ടാവണം അവൻെറ കണ്ണു നിറഞ്ഞു. കണ്ണീരു കണ്ടതോടെ പെട്ടെന്ന് ശ്രീദേവി പറഞ്ഞു:

'അയ്യേ ആൺകുട്ട്യോള് കരയ്യേ....'

പറഞ്ഞുകഴിഞ്ഞപ്പോഴാണവൾ ഓർത്തത്. താനിന്ന് കൊച്ചുകുട്ടിയല്ല. വളന്ന പെൺകിടാവാ.ണ്

പിന്നെ പണ്ടത്തെ ബാലനാണൊ പത്മൻ. തൻെറ പഴ ഞ്ചൻ സൂത്രം പ്രയോഗിച്ചതു് തെററായി. വെറും വിഡ്ഢിത്തം.

സമാധിയിൽ നിന്നും എഴുന്നേററ മാമുനി പത്മൻ. അലൌകിക ശബ്ദത്തിൽ പറഞ്ഞു.

'ഞാൻ ആൺകുട്ട്യന്ന്യാ. ഞാനിനി കരയില്യ ...'

കേട്ടപാതി കേൾക്കാത്ത പാതി ശ്രീദേവി പൊട്ടി ച്ചിരിച്ചുപോയി. പരിസരബോധം അപ്പോഴാണു് പ ത്മനിൽ വന്നതു്.

മുഖം കുനിഞ്ഞു.

ബസ്സിറങ്ങി വീടിനെ ലക്ഷ്യം വെച്ചു നടക്കുന്നേര ത്തു് ശ്രീദേവിയുടെ ചുണ്ടുകളിൽ മന്ദസ്മിതം ഊറി നിന്നി രുന്നു. നാടകീയമായ അന്നത്തെ പുനസ്സമാഗമത്തെക്കുറി ച്ചു് അവർ അയവിറക്കുകയാവാം.

## പന്ത്രണ്ടു്

കണ്ടുമുട്ടുക പതിവായി. കുറച്ചുനേരം അതുമിതും സംസാരിക്കും. ശ്രീദേവി ആ ചുരുക്കം നിമിഷങ്ങൾക്കു വേണ്ടി ദാഹിക്കുന്നോ. അങ്ങിനെ തോന്നില്ല. അവളു ടെ നില്പിനു് പണ്ടേ ചന്തമുണ്ടായിരുന്നു. ഒരുതരം സ്വപ്ന ചേതോഹാരിത. തെല്ലു പരിഭ്രമം കൂടി അധികമായി കൂട്ടിനെത്തിയിട്ടുണ്ടു്.

പത്മൻ അങ്ങകലെനിന്നുവരുന്നതുകണ്ടാൽ പാത യിൽ എത്രതിരക്കുണ്ടെങ്കിലും അവളവനെ തിരിച്ചറിയും.

ഹൃദയം പടപടാന്നു പിടയ്ക്കും. അതെന്താണെന്നു ചിന്തി യ്ക്കേണ്ടി വന്നില്ല. അവാംക്കറിയാം ഹൃദയം പിടയ്ക്കുന്ന തെന്തുകൊണ്ടാണെന്നു്. തൊണ്ടവരളും. കൂട്ടുകാരികാം ഒപ്പമുണ്ടു്. ഒററയ്ക്കാണു് നില്ക്കുന്നതെങ്കിൽ മനഃപ്രയാസം തോന്നുകയില്ല.

ഒന്നുരണ്ടു കുറി പത്മൻ വന്നു സംസാരിച്ചു പോയ പ്പോഠം കൂട്ടുകാരികളിൽ കുസൃതിക്കാരിയായ ലത ഒരു നാഠം തുറന്നങ്ങു ചോദിച്ചു.

'ആരാതു് ശ്രീദേവീ. ഏതോ വർക്കു്ഷാപ്പിൽ പണിയെടുക്കുന്ന ആളാണെന്നു തോന്നുന്നല്ലൊ. ഡ്രസ്സുക ണ്ടാൽ കുട്ടീടെ ആരുമല്ലെന്നറിയാം, പിന്നെ ആരാ....?'

ചോദിയ്ക്കേണ്ട ചോദ്യം. ആരും ചോദിച്ചു പോകും. ലത സംശയിച്ചതിൽ കോപിച്ചിട്ടൊന്നും കാര്യമില്ല. ശരിയല്ലെ അവഠം ചോദിയ്ക്കുന്നതു്. ആരാണെന്നു് അറി യാൻ ജിജ്ഞാസയുണ്ടാകും. ആ കൗതുകം പെണ്ണായാൽ കാണില്ലെ. ഇത്ര സ്വാതന്ത്ര്യത്തോടെ തന്നോടു സംസാ രിയ്ക്കാൻ അയാഠം ആരാണു്. കൂട്ടുകാരികഠം ഇല്ലാത്തതെ ന്തെങ്കിലും ഉണ്ടെന്നു നിനച്ചുവോ? ശൂന്യതയിൽ നിന്നും ആഠം രൂപങ്ങഠം ഉണ്ടാക്കുന്ന വർഗ്ഗം.

ശ്രീദേവിയ്ക്കന്നു് പത്മനോടു് അസുഖം ജനിച്ചു. അവൻ കാരണം മാനക്കേടു സംഭവിച്ചുകൊണ്ടിരിക്കുന്ന അന്നു് ലതയോടു പറഞ്ഞു:

'എന്റെ നാട്ടുകാരനായിരുന്ന ആളാ. കുട്ടിക്കാല ത്തു് ഞങ്ങഠം ഒരുമിച്ചു കളിച്ചുവളന്നതാ ...'

'കളിച്ചിരുന്നോ! ആ കളി തുടരാൻ തന്നെ നിശ്ച യിച്ചോ....?'

ചുണ്ടു പിളർത്തിക്കൊണ്ടുള്ള ലതയുടെ ചിരി. കണ്ട പ്പോൾ ഒരു കുത്തു കൊടുക്കാൻ തോന്നി. അസത്തു പെ ണ്ണ്!' മറെറന്തെല്ലാമൊ തന്നിൽ ആരോപിയ്ക്കുയാണ വൾ.

ചെവികൾ പിടിച്ചു തിരിച്ചു. വേദനിച്ചുകാണും. അതാണീർഷ്യയോടുള്ള പറച്ചിലുണ്ടാവാൻ കാരണം.

'സത്യം പറയുമ്പോൾ കുട്ടി എന്തിനാ കോപി ക്കുന്നേ....'

ശ്രീദേവിയുടെ ഹൃദയം വല്ലാതെ ത്രസിച്ചു. പത്മ നാണ് എല്ലാററിനും കാരണം. അവൻെറ സമയംനോ ക്കിയുള്ള വരവാണ്. എന്നാൽ ചുമ്മാതങ്ങ് നടന്നുപോ വുകയല്ല ചെയ്യുക. കുറച്ചു സംസാരിക്കും. ആ ലോഹ്യം വേണ്ട. സൽപ്പേരു ദുഷിക്കാൻ തനിക്കിഷ്ടമല്ല.

പത്മൻെറ വേഷം. തൊലിയുരിയുന്നപോലെ തോ ന്നും. മുഷിഞ്ഞു നാറിയ ഷർട്ടും ട്രൌസറും. ഗ്രീസും ഓ യിലും പുരണ്ട് വൃത്തികെട്ടത്. അവൾ നാലുപാടും നോ ക്കും. വഴിയെ പോകുന്നവരുടെ മുഖത്തു കൂടി പരിഹാ സം. കൂട്ടുകാരികളുടെ മുഖത്തു നോക്കുകയേ ഇല്ല. അവൾ ക്കറിയാം മുഖങ്ങളിലുള്ള പുച്ഛം.

ശ്രീദേവിയ്ക്കു മടുത്തു. അവൾ തുറന്നുപറയാൻ ഉറച്ചു കഴിഞ്ഞു. മററു കുട്ടികൾ ബസ്സുകയറി പൊയ്ക്കഴിഞ്ഞാൽ അവൾ തനിച്ചാവും. അങ്ങിനെ ഒററയ്ക്കു നില്ക്കുന്ന ഒരു ദി വസം അവൻ വന്നുചേരണമെന്നാണ മോഹം. മിക്ക ദി വസവും നേരത്തെ എത്തും. ഒരഞ്ചുനിമിഷത്തിനകം മട ങ്ങും. അവൻ പൊയ്ക്കഴിഞ്ഞാലാണ് സൊല്ല. സ്നേഹി തകൾ വന്നു പൊതിയും. താനൊരു നല്ല പഞ്ചസാര.

ച്ചററിലും കൂടുന്നു ഉറുമ്പുകാം. കല്ലുതലയന്മാരായ ശവം തീനി ഉറുമ്പുകാം. കുത്തിക്കുത്തി ചോദിക്കും. മററുള്ള വരുടെ രഹസ്യം അറിയാൻ എന്തു വെമ്പൽ. അശ്രീകര ങ്ങാം!

അന്നൊരു ബുധനാഴ്ചയായിരുന്നു. സ്നേഹിതകളുടെ ബസ്സ് നേരത്തെ വന്നു. അവർ കേറിപ്പോയി. എല്ലാ ററിൻേറയും മുഖത്തുണ്ട് കള്ളച്ചിരി. കോളടിച്ചല്ലൊ ശ്രീദേവി എന്നാണതിൻെറ അത്ഥം.

ശ്രീദേവിയുടെ ഹൃദയത്തിൽ വികാരങ്ങാം തീപ്പൊ രിമിന്നിച്ച് കെട്ടിമറിഞ്ഞു അവളിന്നു് ഒരുപാട്ട് പ ത്മനെ ചീത്ത പറയും. അവൻ കാരണം സുഹൃത്വൃന്ദം അവളെ കൊത്തിവിഴുങ്ങുന്നു. അതിനിനി തുടരാൻ വയ്യ.

കാത്തുനില്പ് വെറുതെയായില്ല. കുറച്ചു വൈകിയി ട്ടാണെങ്കിലും പത്മനെത്തി. സൈക്കിളിലാണിന്നത്തെ വരവ്. കിതയ്ക്കുന്നുണ്ടായിരുന്നു. ജോലിക്കിടയിൽനി ന്ന് ഫോർമാൻെറ കണ്ണുവെട്ടിച്ചാണെത്താറ്. ഇന്നു് കു റേ നേരത്തേയ്ക്കു പററിയില്ല. ഫോർമാൻ അടുത്തുതന്നെ യുണ്ടായിരുന്നു. നാലു മണി അടിച്ചപ്പോാം തുടങ്ങി വെ പ്രാളം. ഹൃദയവും മനസ്സും ബസ്സ്സ്റ്റോപ്പിലെത്തിക്കഴി ഞ്ഞു. ശരീരമാണെങ്കിൽ വർക്ക്ഷോപ്പിലും.

ഒളിച്ചുകടക്കാൻ പററിയതു് നാലരയ്ക്ക്. സമയം കളയാതെ മുന്നിലുള്ള സൈക്കിാംഷാപ്പിൽനിന്നും സൈ ക്കിാം വാടകയ്ക്കെടുത്തു് ഓടിച്ചെത്തി. ദൂരെനിന്നുതന്നെ ദൃഷ്ടി സ്റ്റോപ്പിൽ ചെന്നു തറച്ചു. ആശ്വാസം വണ്ണപ്പൂക്ക ളായി മനസ്സിൽ വിരിഞ്ഞു.

ശ്രീദേവിയുടെ മുഖം വീത്തിരുന്നു. അവാം പരിഭ

വപ്പെട്ടിരിക്കുന്നു. മുഖം വെട്ടിച്ച് നോട്ടം അകലേയ്ക്കുഴിച്ചുവിട്ട് അലക്ഷ്യമായി നില്ക്കുകയാണ്, മുമ്പ് അങ്ങിനെ നിസ്സംഗയായി നിന്നിട്ടില്ല. കാണുമ്പോഴേക്കും പുഞ്ചിരിക്കുമായിരുന്നു.

പത്മൻ പുഞ്ചിരി സമന്വിതം ചോദിച്ചു:

'ശ്രീദേവി പിണങ്ങി നിക്കാ.... ഞാൻ കുറച്ചു വൈകിപ്പോയി. ക്ഷമിച്ചേ ...'

അവരം ചുണ്ടുപ്പൂകൊണ്ട് കണ്ണെഴുതി. അവൻ വരാൻ വൈകിയതിൽ പരിഭവപ്പെട്ടു നില്ക്കുയാണുപോലും. നിഷേധസ്വരത്തിൽ അവരം പറഞ്ഞു:

'പിന്നെ കാത്തുനിന്ന് മുഷിഞ്ഞല്ലൊ.'

ആന്തരാത്മത്തിൽ ചിന്തയെത്തിയില്ല—പൂർവ്വാധികം വേഗത്തിൽ അവൻ പറഞ്ഞു:

'ജോലിക്കിടയിൽനിന്ന് മററുള്ളവരുടെ കണ്ണുവെട്ടിച്ച് വരൗ.... ശ്രീദേവിക്ക് കാത്തുനിന്ന് മട്ടത്തു അല്ലേ...?'

'മട്ടത്തു...'

അവരം മുഖത്തു നോക്കി ഇരുത്തിപ്പറഞ്ഞു. ശബ്ദം അസാധാരണമായി മുഴങ്ങി.

കുറച്ചൊരു മനഃപ്രയാസത്തോടെയാണെങ്കിലും അവൻ പറഞ്ഞു:

'ക്ഷമിക്കു ശ്രീദേവി... ഇനി അങ്ങിനെ വൈകില്ല..'

'എന്തിന് ക്ഷമിക്കണം. ആരോട്, പത്മനോടൊ.. എന്തിന്..'

'വൈകിവന്നതിന്..'

അവളുടെ ചുണ്ടുകരം വിറച്ചു. കയക്കുന്ന വിധമായി ത്തന്നു പറച്ചിൽ

'ഞാൻ നിന്നു മട്ടത്തത്തു് പത്മനെ കാത്തല്ല. ബസ്സു കാത്തു്..'

പറഞ്ഞിട്ടു് മുഖം വെട്ടിച്ചു് റോഡിലേക്കു നോക്കി. ഒരു കാർ സാവധാനം കടന്നുപോയി. അതിനകത്തു് ഡോക്ടറെ കണ്ടു. ഇടയ്ക്കിപ്പോഴും അച്ഛനെ കാണാൻ വരാറുണ്ടു്. പക്ഷെ കാണാൻ വരുന്നതു് വാസ്തവത്തിൽ ആരെയാണു്. അച്ഛൻ ഒരു ഉപാധി മാത്രം. തൻെറ ചുററിലുമാണു് കണ്ണുകളുടെ സഞ്ചാരം. കാണുമ്പോഠം അറപ്പു് തോന്നും. പണ്ടു് അമ്മയുമായി അവിഹിതബന്ധം പുലത്തിയവൻ. അമ്മയുടെ ജീവിതം തകത്തവൻ മാംസദാഹശമനത്തിന്നായി ഒരു സാധുസ്ത്രീയെ കുരുതി കൊടുത്തവൻ. അസന്മാർഗ്ഗി. ദുഷ്ടൻ.

എല്ലാ കോപവും ഒരുമിച്ചെത്തി. പത്മൻെറ നേക്കായിരുന്ന ഒഴക്കിൻെറ തിരിച്ചുവിടൽ.

'പൊയ്ക്കോളൂ. ഇനി എന്നെ കാണാനായി ഇവിടെ വരരുതു്. എനിക്കു് സ്നേഹിതകളുടെ മുഖത്തു നോക്കണം. പോവൂ..'

പത്മൻ സ്തംഭിച്ചവിടെതന്നെ നിന്നു. തീരെ പ്രതീക്ഷിക്കാത്ത മാററം. കണ്ണു നിറഞ്ഞുവരികയായിരുന്നു. കണ്ഠം കണ്ണീരാൽ മൂടി. വാക്കുകരം വഴുതി.

'എന്നെ....ഇങ്ങിനെ വെറുക്കാൻ....'

അവളിൽ വേദന ഉലാവി. ആ പെണ്ണിൻെറ കണ്ണും നിറഞ്ഞു.

'പത്മൻ ചെയ്യുന്നതു് തെററാണു്. സമുദായം അതു് തെററായി കാണുന്നു. സാമൂഹ്യജീവിയായ മനുഷ്യൻ ചുററുവട്ടത്തുള്ളവരെ ഭയപ്പെടണം'

ദുഃഖം മനസ്സിനെ വിഴുങ്ങാനവൾ സമ്മതിച്ചില്ല. സംസാരത്തിൽ പഴയ വീര്യം അതുകൊണ്ട് തുടിച്ചു.

'ശ്രീദേവിക്ക് എന്നെ ഇഷ്ടമില്ലേ ... തരിമ്പും....'

'ഉണ്ട്'

വിദൂരതയിൽ നോക്കിക്കൊണ്ടാണ് ഉച്ചരിച്ചത്.

'പിന്നെ'

'ചിന്തിച്ചാൽ പിടികിട്ടും. നാം സാമൂഹ്യജീവിയാണ്. അതുകൊണ്ട് മററുള്ളവരുടെ ദൃഷ്ടിയിൽ പെടാതെ വേണം സംസാരിക്കാനും ഇടപഴകാനും. ആഭാസമായി ആക്കും ഒന്നും തോന്നാനിട കൊടുക്കരുത്.'

അവൾ മുന്നോട്ടു നോക്കുന്നു; ഭാവിയെ കാണാൻ. ഇടവും വലവും കണ്ണോടിയ്ക്കുന്നു; പരിസരബോധമുണ്ടാവാൻ. പഠിപ്പുള്ളവൾ.

പത്മന് കണ്ണിതം തോന്നി. എടുത്തുചാട്ട സ്വഭാവം നന്നല്ല. അവൾ അതെത്ര ഭംഗിയായി പറഞ്ഞുതന്നു.

'അങ്ങിനെ ഇരിക്കുമ്പോൾ ഒരു ദിവസം വന്നു കണ്ടു കൂടെ....'

'തീർച്ചയായും. നമ്മുടെ ബന്ധം അഭംഗുരം തുടരണമെങ്കിൽ അങ്ങിനെ തന്നെ വേണം. അല്ലെങ്കിൽ അതല്പായുസ്സായിത്തീരും.'

സാരഗർഭമായ തത്വസംഹിത പുറപ്പെടുവിയ്ക്കുന്ന ഭാവമൊന്നും അവളിലില്ലായിരുന്നു. പക്ഷെ സ്വരത്തിൽ ഗാംഭീര്യം നിറഞ്ഞു നിന്നിരുന്നു.

അവൻ സ്വാഗതമെന്നോണം പറഞ്ഞു:

'എൻെറ ഹൃദയക്ഷേത്രത്തിൽ സ്നേഹം തിരി കൊളുത്തിയിരിക്കുന്നു.'

'സ്നേഹത്തിൻെറ ആ ഒളി കെടാവിളക്കാവണമെ

ങ്കിൽ നാം സമുദായത്തെ മാനിച്ചേ പററു. ഒരു പരിധി വരെ മററുള്ളവരുടെ കണ്ണിൽ പെടാതെ സൂക്ഷിച്ചു പെരുമാറണം. പത്മൻ അതിനു തയ്യാറുണ്ടോ ...'

'ഉണ്ട്'

ദൃഢനിശ്ചയം സ്ഫുരിക്കുന്ന അസന്ദിഗ്ദ്ധമായ മറുപടി. ശ്രീദേവിയുടെ അഭിപ്രായത്തെ മാനിക്കാൻ അവൻ ഉറച്ചിരിക്കുന്നു.

കൃതാർത്ഥതയോടെയാണവൾ ബസ്സിൽ കയറിയതു്. ഇനി തല ഉയർത്തിപ്പിടിച്ചു നടക്കാം. ആരേയും കൂസണ്ട. സ്നേഹിതകൾക്കു പരിഹസിക്കാനുള്ള അവസരം നഷ്ടപ്പെട്ടിരിക്കുന്നു. മേലാൽ ഉണ്ടാവുകയുമില്ല. അവൾക്കു സമാധാനം തോന്നി.

പടിഞ്ഞാറൻ ആകാശത്തിൽ രക്തഛവി കലന്നു. തൈമണിത്തെന്നൽ ദുഃഖസൂചകമായി നെടുവീർപ്പിട്ടുകൊണ്ടു് ഗ്രാമാന്തരീക്ഷത്തിൽ ചുററിയടിച്ചു.

വീടിൻെറ മുൻവശത്തു് കാർ കിടക്കുന്നു. ശ്രീദേവിയ്ക്കു മനസ്സിലായി ഡോക്ടർ എത്തിയിരിക്കുന്നു. അച്ഛനോടയാൾ ഏഷണിക്കൂട്ടിയിരിക്കും. അതവൾക്കു് ഉറപ്പാണു്.

പൂച്ചയുടെ കാൽവെപ്പോടെ തുളസിത്തറചുററി ഉമ്മറത്തു കേറി. പൂമുഖത്തുതന്നെ ഇരിപ്പുണ്ടു് ഡോക്ടർ. അച്ഛനുമായി കൊണ്ടുപിടിച്ച സംസാരമാണു്.

ശ്രീദേവി മുഖം വെട്ടിച്ച് അകത്തു കടന്നു. ഡോക്ടർ യാത്ര പറഞ്ഞു് പോയിട്ടും ഒന്നും സംഭവിച്ചില്ല. അവൾ അച്ഛൻ വിളിക്കുന്നതും പാർത്തിരിക്കുകയാണു്. അച്ഛൻ ചോദിക്കും. ഊണുകഴിഞ്ഞു് പൂമുഖത്തു് ഈസിച്ചെയറിൽ വെററില മുറുക്കിക്കിടക്കുകയായിരുന്നു കുറുപ്പ്.

സാധാരണ പതിവ്. ശ്രീദേവി വാതിലും ചാരി നിലകൊണ്ടു. മെർക്കുറി ലൈററിൽ അച്ഛൻെറ മുഖഭാവങ്ങൾ നോക്കി പഠിയ്ക്കുകയായിരുന്നു. അച്ഛൻ കോപിച്ചാണോ ഇരിപ്പ്....!

പൊടുന്നനവെ അച്ഛൻെറ വിളികേട്ടു.

'ശ്രീദേവി ...'

'ഞാനിവിടുണ്ടച്ഛാ....'

'ഇങ്ങുവാ'

ആളന്ന് മുഖത്ത് വെട്ടിയാൽ ഒരു തുള്ളി ചോര പൊടിയില്ല. നെഞ്ചിടിപ്പോടെ മുന്നിൽ ചെന്നു

മുഖത്തു നോക്കാതെയാണ് അച്ഛൻെറ തുടക്കം. പ്രധാനപ്പെട്ട കാര്യമാണെങ്കിൽ അങ്ങനെയാണ്.

'നിനക്കച്ഛൻ ഒരു സംബന്ധം ആലോചിച്ചു വെച്ചിരിക്കണു....'

'ആരെയാണച്ഛാ' എന്നു ചോദിയ്ക്കാനാഗ്രഹമുണ്ട്. പക്ഷെ, അങ്ങനെ വെട്ടിത്തുറന്ന് ചോദിയ്ക്കാമോ. അച്ഛനാണ്. അതരുത്. വയ്യതാനും.

അവൾ ഒന്നും മിണ്ടിയില്ല.

കുറുപ്പ് എഴുന്നേററ് മുററത്ത് നീട്ടിത്തുപ്പി തിരിച്ചു വന്നു പഴയ പടി കിടന്നു.

'ആരെന്നറിയണ്ടേ ...'

കുസൃതിച്ചോദ്യം.അവളാചോദ്യംകേട്ടില്ലെന്നുനടിച്ചു.

'എന്താ മോളെ ഒന്നും മിണ്ടാത്തെ'

'ഞാനെന്തു പറയാനാച്ഛ....'

'അതല്ല നീയും അറിയണല്ലൊ. ആൾ നല്ലവനാണ്. സുന്ദരനുമാണ്. പിടിപ്പ് ശമ്പളള്ള ഉദ്യോഗോംണ്ട്. പിന്നെ കുറച്ച് പ്രായംക്കൂടും. മുപ്പത്തഞ്ചു വയസ്സ് ആണുങ്ങൾക്കൊരു വയസ്സാണോ. ഒന്നോർത്തുനോക്ക്. നിൻെറ അമ്മെ സംബന്ധം ചെയ്യുമ്പം എനിക്ക് വയസ്സെത്രയായിരുന്നു. നാല്പതു്....'

അറിയാതെ ചോദിച്ചുപോയി.

'ആരാണച്ഛാ....'

ഉള്ളിൽ സംശയത്തിൻെറ ജനനം നടന്നിരുന്നു. ഇപ്പോഠം അറിയണമെന്നായി.

'എല്ലാംകൊണ്ടും നിനക്കു് യോജിച്ചവനാ മോളെ നമ്മുടെ ഡോക്ടർ.'

ഇടിവെട്ടുകൊണ്ടപോലെ ചലനരഹിതമായിദേഹം. കാതിനു കേഠവി നഷ്ടപ്പെട്ടു. കണ്ണിന്നു കാഴ്ചയും.

ആ ഊരാക്കുടുക്കു് വീഴുന്നതിനുമുമ്പെ മാറണം, നിന്നുകൊടുക്കരുതു്. അച്ഛൻെറ ആശയം നന്നല്ല ഈ ബന്ധം നമുക്കു് ചേൎന്നതല്ല. അച്ഛൻെറ അഭിപ്രായത്തെ അവഠം എതിൎക്കും. പല്ലും നഖവും ഉപയോഗിച്ചു് നേരിടും.

ആവേശത്തോടെ അവഠം പറഞ്ഞു:

'എനിക്കു് വേണ്ട അയാളെ....'

'എന്തു പറഞ്ഞു നീ.. അധികപ്രസംഗം പറയുന്നോ'

കുറപ്പെഴുന്നേററു. ചുഴലിക്കാററു പോലെ.

ദൈവമേ, ഇതെന്തുമാററം....!

'നിൻെറ മനസ്സിലുള്ളതു് എന്തെന്നു് എനിക്കറിയാം. അതു് ഞാൻ ജീവിച്ചിരിക്കുമ്പോഠം നടപ്പില്ല, നിനക്കു് ആ തെണ്ടിച്ചെക്കനെ തന്നെ വേണമായിരിക്കും. ഏതോ ബസ്സു് കേടുതീൎക്കുന്നിടത്തു് ജോലിയെടുക്കുന്ന തെണ്ടി.. ഫൂ...'

ശാന്തവചനമായിരുന്നു മറുപടി.

'അച്ഛൻ വെറുതെ ദേഷ്യപ്പെടുന്നു. എനിക്കാരോടും പ്രത്യേക മമതയില്ല. പക്ഷെ അച്ഛൻ ഒന്നോൎത്തോളൂ. ആ ഡോക്ടറെ ഞാൻ ഒരിക്കലും കല്യാണം കഴിക്കാൻ സമ്മതിക്കില്ല്യ.'

'എന്തുപറഞ്ഞടീനീ....നിനക്കു മേലാ അല്ലേ.... തൻേറടക്കാരി. എന്തോന്നാ ഡോക്ടൎക്കു് ഒരു കുറവു്. കാണാൻ കൊള്ളില്ലേ. പണമില്ലേ....'

പക്ഷെ. മനുഷ്യത്വമില്ലെച്ചാ, അയാരം മനുഷ്യനേ അല്ല...പറയാൻ വെമ്പി.

അഛൻെറ മുഖത്തോട്ടുമുഖം നോക്കിക്കൊണ്ടു് അവരം നിവൻു നിന്നു. അവരം വാദിയ്ക്കാൻ തയ്യാറായിരിയ്ക്കുന്നു. അവരംക്കയാളെ അറിയാം. നല്ലപോലെ!

'അഛൻ പറഞ്ഞതെല്ലാം അയാരംക്കണ്ടു് സമ്മതിച്ചു. പക്ഷെ അയാളെ എനിക്കു വേണ്ട ...'

'കാരണം പറയടീ..എന്തുകൊണ്ടു് വേണ്ടാ....'

'കാരണം....'

ചങ്കു് വെള്ളമായ അനുഭവം. കുളിച്ചുകേറിയ വിധം ദേഹം. അവളെങ്ങിനെ അക്കാര്യം പറയും. അഛൻെറ മുഖത്തു നോക്കി അമ്മയുടെ ജാരസംസർഗ്ഗത്തെക്കുറിച്ചു് മകരം എങ്ങിനെ തുറന്നുപറയും?

ധർമ്മസങ്കടം. വലിയ പരീക്ഷണം. തുറന്നുപറയാൻ വയ്യ. പറയാതിരിയ്ക്കാനും വയ്യ.

അവരം എങ്ങിനെ പറയും?

എങ്ങിനെ പറയാതിരിക്കും??

ഒടുവിൽ പൊട്ടിക്കരഞ്ഞുകൊണ്ടു് അവരം പറഞ്ഞു;

'എന്നോടു ചോദിക്കരുതഛാ..കാരണം ചോദിക്കരുതു്....'

പെണ്ണിൻെറ കള്ളക്കരച്ചിൽ. ഹൃദയം മുഴവൻ ആ തെണ്ടിച്ചെറുക്കനാണു്. അല്ലാതെ ഡോക്ടർക്കു് ഒരു ദോഷവുമുണ്ടായിട്ടല്ല. അവരംക്കുതന്നെ കുററം ആരോപിയ്ക്കാനൊന്നും കിട്ടുന്നില്ല.

ദൃഢസ്വരത്തിൽ കുറുപ്പു് തുടന്നു:

'അഛൻെറ ആഗ്രഹത്തിന്നു വഴങ്ങു് പെണ്ണേ. അതാണു് ബുദ്ധി....അല്ലെങ്കിൽ....'

ആശങ്ക വിരുന്നിനു വന്നു. പൊടുന്നനവെ അവരം ചോദിച്ചു,

'അല്ലെങ്കിൽ....'

'കാതു തുറന്നുവെച്ച് കേട്ടോ. നിൻെറ അച്ഛനെ ജീവനോടെ നീ കാണില്ല. നിൻെറ അച്ഛൻ തൂങ്ങി മരിക്കും....'

ശ്രീദേവി വിങ്ങിക്കരഞ്ഞു. സ്നേഹമുള്ള ഹൃദയവതി യായ പെൺകുട്ടിയാണവരം. അവളോടാണ് ആത്മഹത്യ ചെയ്യുമെന്ന് അച്ഛൻ പറഞ്ഞത്. അതൊരു പേടിപ്പെടു ത്തൽ മാത്രമല്ലന്നവരം ഊഹിച്ചറിഞ്ഞു. അച്ഛൻെറ സ്വഭാവം അവരംക്കറിയാൻ മേലെ. അച്ഛൻ പറഞ്ഞ തു് ചെയ്തു പോയേക്കും.

ഭീതിദമായ ചിത്രമാണ് കൺമുന്നിൽ. കയറിൽ തൂങ്ങി പ്രാണവേദനയോടെ പിടയുന്ന അച്ഛൻ. അവ ളുടെ പ്രിയപ്പെട്ട പിതാവ്!

തൊണ്ട പൊട്ടമാറ് ഉറക്കെ വിളിച്ചു കേണു:

'ഞാൻ സമ്മതിക്കുന്നച്ഛാ, സമ്മതിക്കുന്നു....'

കരുണാകരക്കുറുപ്പ് പുത്രിയുടെ തോളത്ത് വാത്സല്യ ത്തോടെ തട്ടി.

'പ്രായത്തിനു് അതാതു കാലത്ത് ഓരോരോ ചാ ഞ്ചാട്ടങ്ങളുണ്ട് കുട്ടീ.... അതു കാര്യമാക്കിയെടുക്കാൻ പാ ടില്ല. അച്ഛൻെറ ആഗ്രഹം നിനക്കൊരു കരുത്തുററ ആശ്രയം നൽകണമെന്നാണ്. എന്നിട്ടുവേണം അച്ഛ നു് കൃതാർത്ഥതയോടെ കണ്ണടയ്ക്കാൻ....പോയി ചെന്നുകിട ക്കു മോളേ...'

'അച്ഛാ ...'

'നീ ഓവറയിൽച്ചെന്നു് മുഖം കഴുകി ഒന്നും ആലോ ചിക്കാതെ ഉറങ്ങ്...'

അവളന്നു മുഴുവനും കരഞ്ഞു. നിദ്ര അവളെ അനുഗ്ര ഹിച്ചതേയില്ല.

* * * *

വിവാഹ ദിവസം പുലന്നു. മൂടിക്കെട്ടിയ ദിവസം. ചാററൽമഴ തൂവ്വിക്കൊണ്ടിരുന്നു.

സ്നേഹിതരും ബന്ധുക്കളും ഒടുവിൽ വധുവിൻെറ അച്ഛനും വാതില്ക്കൽ മുട്ടി വിളിച്ചു. ശ്രീദേവി കിടന്നിരുന്ന മുറിയിൽ അനക്കമില്ല. അവളെന്തെടുക്കുകയാണവിടെ. അതോ മുറിയ്ക്കുള്ളിൽ അവൾ ഇല്ലെന്നു വരുമോ?

ഒടുക്കം വാതിൽ വെട്ടിപ്പൊളിച്ചു. അകത്തു കടന്നപ്പോൾ കണ്ട കാഴ്ച.....!

സർവ്വാഭരണ വിഭൂഷിതയായി നെററിയിൽ തിലകം ചാത്തി, കണ്ണെഴുതി, മുടിക്കെട്ടിൽ മുല്ലപ്പൂമാലതിരുകി. കാഞ്ചീപുരം പട്ടുസാരിയുടുത്തു്, ശ്രീദേവി അലങ്കോലമായ കിടക്കയിൽ മരിച്ചു കിടന്നിരുന്നു...!

കട്ടിലിൻെറ തൊട്ടടുത്ത ടീപ്പായിൽ ഫ്ളവർവേസിന്നരികെ മുക്കാലും ഒഴിഞ്ഞ ഒരു ചെറിയ കുപ്പി. മൊസെയ്ക്ക് ഫ്ളോറിൽ കുപ്പിയുടെ കോർക്ക്. അടുത്തു് വിഷദ്രാവകത്തിൻെറ പേരും. കോളേജു ലാബറട്ടറി എന്നു് അച്ചടിച്ച ലേബലിൻെറ രണ്ടുതുണ്ടും.

* * * *

നഗരത്തിൻെറ ഹൃദയസ്ഥാനത്തു് ഒരു ഓട്ടോമൊബൈയിൽ ഷാപ്പുണ്ട്. നാലഞ്ചുലക്ഷം ഉറുപ്പികയുടെ സ്പെയർപാർട്ട്സുകളുണ്ടവിടെ. മീനാക്ഷി ഓട്ടോമൊബൈൽസ് എന്നാണു് പേര്. മുതലാളിയ്ക്കു് അഞ്ചാറു ബസ്സുണ്ട്. ശ്രീദേവി ട്രാൻസ്പോർട്ട്സ്.

അദ്ദേഹത്തിനു പത്തു നാല്പതു വയസ്സായി. ഒരു മെക്കാനിക്കായി ജീവിതം ആരംഭിച്ച് സ്വപരിശ്രമത്താൽ ഉയർന്നുവന്നതാണദ്ദേഹമെന്നു് ആളുകൾ പറയാറുണ്ട്. പണത്തിൻെറ മുകളിലാണിരിപ്പെങ്കിലും ഒട്ടും പ്രസന്നനല്ല.

ഒററയാനായി ജീവിയ്ക്കുന്നു. അദ്ദേഹം അവിവാഹിതൻ.

Oh! Not so good
Average
Only.

very good

സരളവും ചടുലവുമായ ശൈലിയിൽ മാതയിൽ അരവിന്ദ് മനുഷ്യജീവിതത്തിന്റെ കരുണകഥകൾ പറയുമ്പോൾ ആർക്കും ഇടയ്ക്കു് നിർത്തിപ്പോവാൻ തോന്നില്ല. കഴിവുററ ഒരു കാഥികപ്രതിഭയുടെ പരിമളമുണ്ടവയിൽ.

— ബാലാമണിയമ്മ

# മാതയിൽ അരവിന്ദ്



# അർഘ്യം

Indic Digital Archive Foundation
gpura.org